പുസ്തകം 79
ലക്കം 8
ആഗസ്റ്റ് 2007
സുഹൂർ 1386
റജബ് - ശഅബാൻ 1428

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**4** ***യുഗശബ്ദം***

**5** ***മുഖക്കുറിപ്പ്***

**6** ***മതത്തിന്റെ ആവശ്യകത***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**പ്രഭാഷണം**

**7** ***ഈ വർഷം പെയ്തിറങ്ങിയ ദിവ്യാനുഗ്രഹങ്ങൾ***
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് - V

**ലേഖനം**

**13** ***ആരാണ് മോക്ഷാർഹർ?***
മുഹമ്മദ് ഉമർ എച്ച്.എ.

**17** ***ഭാഷയുടേയും സംസ്കാരത്തിന്റേയും ഉത്ഭവം***
ഏ.എം. മുഹമ്മദ് സലിം

**20** ***ബിസിനസ് കോർപറേഷനുകളും ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയും***
ഹാഷിം അഹമ്മദ്

**24** ***സുലൈമാൻ നബിയും 'ഹുദ്ഹുദും'***
സഫർ അഹ്മദ്, കോഴിക്കോട്

**26** ***ഹദ്റത്ത് അഹ്മദി(അ)ന്റെ വിവാഹം: പ്രവചിക്കപ്പെട്ടത്***
ഏ.ക്യു. മഹ്ദി

**30** ***ഭൂമി ചൂടാവുന്നു***
ഫരീദ് അഹ്മദ്

**32** ***ആഗോള ശീതയുദ്ധം ആരംഭിച്ചുവോ?***
വ്ളാദ്മിർ റാദിയൂഹിൻ

**35** ***ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ)***
മൗലാനാ അത്താഉൽ മുജീബ് റാശിദ്

**കുറിപ്പുകൾ**

**38** ***തീവ്രവാദവും പർദ്ദക്കുള്ളിലൊളിക്കുന്ന മൗലാനമാരും'***

***വാർത്തകൾ.***

**മുഖചിത്രം:** **യു.കെ. വാർഷിക സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് പതാക ഉയർത്തുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ജനങ്ങളിൽ നിന്ന് ബൈഅത്ത് സ്വീകരിക്കുന്നു.**

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹികജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകളെ ഉയർത്തരുത്. (20:131). 'ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്' (4:32).

## നബിവചനം

അബൂദർദാഅ്(റ) നിവേദനം ചെയ്യുന്നു: റസൂൽ തിരുമേനി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു ' നിങ്ങളെന്നെ ദുർബലരുടെയും ദരിദ്രരുടെയും ഇടയിൽ അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾക്ക് സഹായം നൽകപ്പെടുന്നതും നിങ്ങളുടെ ഇടയിലുള്ള ബലഹീനർ നിമിത്തമാണ്

***(തിർമിദി)***

**യുഗശബ്ദം**



# ദൈവത്തിന്റെ സ്നേഹം

**വാഗ്ദത്ത മസീഹ് (അ)**

സുകൃതരായ ദാസന്മാരെയല്ലാതെ അല്ലാഹു ആരേയും ഗണ്യമാക്കുകയില്ല. നിങ്ങൾ പരസ്പരം സൗഭ്രാത്രവും സ്നേഹവും പുലർത്തുവിൻ. എല്ലാത്തരത്തിലുള്ള കളിയാക്കലുകളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൾ പൂർണ്ണമായും അകന്നുകൊൾവിൻ, പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്നും അകറ്റിക്കളയും, എങ്ങോ കൊണ്ടെത്തിക്കുകയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവിൻ. ഓരോരുത്തനും തന്റെ സുഖാശ്വാസത്തേക്കാൾ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ. അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങുവിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ്ണ നിലയിൽ തന്റെ കുറ്റങ്ങളിൽ നിന്നു പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാകുന്നവൻ മാത്രമേ അതിൽ നിന്ന് രക്ഷപ്പെടുകയുള്ളൂ.

***(മൽഫൂസാത്ത് - 1. ഭാ- 266-268)***

മുഖക്കുറിപ്പ്

# ഉപഭോഗഭ്രമവും കടംവാങ്ങലും

ശാസ്ത്രം പുരോഗമിക്കുന്തോറും ഉപഭോഗവസ്തുക്കളുടെ ആകർഷണീയതയും വൈവിധ്യങ്ങളും കൂടി വരികയാണ്. ഐഹിക ജീവിതം സ്വർഗ്ഗസമാനമാക്കിതീർക്കണം എന്ന മനുഷ്യന്റെ അദമ്യമായ ആഗ്രഹവും ഇതിനു പിന്നിലുണ്ട്. പാശ്ചാത്യ സമ്പന്നരാജ്യങ്ങളിലെ വലിയ കോർപറേറ്റ് കമ്പനികൾ പുതിയ പുതിയ ഉപഭോഗവസ്തുക്കളുടെ വൻതോതിലുള്ള ഉത്പാദനങ്ങളാണ് നടത്തുന്നത്. ഈ നിർമ്മിത വസ്തുക്കൾ ഉപയോഗിക്കാൻ അവരുടെ രാജ്യങ്ങളിൽ വേണ്ടത്ര ഉപഭോക്താക്കളില്ല എന്ന പ്രശ്നവും അവർ അഭിമുഖീകരിക്കുന്നുണ്ട്. അതുകൊണ്ട് ജനനിബിഢമായ മൂന്നാം ലോകരാജ്യങ്ങളിൽ തങ്ങളുടെ വൈവിദ്ധ്യമാർന്നതും ആകർഷണീയവുമായ ഉപഭോഗവസ്തുക്കൾ വിറ്റഴിക്കാൻ അവർ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ഇതിന്നായി ചരക്ക് നീക്കങ്ങൾക്ക് തടസ്സമില്ലാത്ത ഒരു ലോകവിപണിക്കും ലോകനിയമത്തിനും അവർ രൂപം കൊടുത്തിരിക്കുന്നു. അതാണ് ആഗോളവത്ക്കരണത്തിന്റെ അന്തഃസത്ത.

സാധനങ്ങൾ വാങ്ങാൻ താരതമ്യേന ക്രയശേഷി ഇല്ലാത്തവരാണ് മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങൾ. അവർക്ക് ഉദാരപലിശ വ്യവസ്ഥയിൽ പണം കടം നൽകിക്കൊണ്ടാണ് സാധനങ്ങൾ വാങ്ങാൻ അവർ പ്രേരിപ്പിക്കുന്നത്. അങ്ങനെ ഉപഭോഗവസ്തുക്കളുടെ വില്പനക്കമ്പോളവും പലിശ വിപണിയും സജീവമാകുന്നു. പണം കൈയിലില്ലാത്തവനും സാധനങ്ങൾ സുലഭം! സാധനങ്ങൾ വാങ്ങാൻ പലിശക്ക് കടം വാങ്ങി കടക്കെണിയിൽ പെട്ട് നട്ടം തിരിയുന്നവരേയും ജീവനൊടുക്കുന്നവരുരേയും കുറിച്ചുള്ള റിപ്പോർട്ടുകൾ ദിനേന പത്രങ്ങളിൽ വരുന്നു. ഉപഭോഗവസ്തുക്കളോടുള്ള ഭ്രമവും എങ്ങിനെയെങ്കിലും അത് അനുഭവിക്കാനുള്ള ആസക്തിയുമാണ് ഇതിന് കാരണം. ധനികരുടെ ആഡംബരജീവിതം കണ്ട് അതിന് മൂല്യം കൽപിക്കുകയും അത് അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ദുർബല മാനസരാണ് ഇത്തരം ഭ്രമങ്ങൾക്ക് അടിമപ്പെടുന്നത്. ഇസ്ലാം സർവ്വസംഗ പരിത്യാഗത്തിന്റെ സന്യാസിജീവിതം പ്രബോധിക്കുന്നില്ല. എല്ലാ നല്ല വസ്തുക്കളും ആസ്വദിക്കുന്നതിൽ ഇസ്ലാം യാതൊരു തെറ്റും കാണുന്നില്ല. പക്ഷേ, അതിനുള്ള ക്രയശേഷിയും സാമ്പത്തിക സാഹചര്യവുമില്ലാത്തവർ കടം വാങ്ങി സാധനങ്ങൾ വാങ്ങുന്നത് ശരിയല്ല. അതും പലിശക്ക് കടം വാങ്ങുമ്പോൾ നിഷിദ്ധം കൂടിയാണ്. വർത്തമാനകാലത്തെ ആസ്വാദനങ്ങൾക്ക് വേണ്ടി ഭാവിയെ പണയപ്പെടുത്തലാണിതെന്നാണ് നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഇതിനെക്കുറിച്ച് പറഞ്ഞത്. ഖുർആൻ വിശ്വാസികളോട് പറയുന്നത് പ്രലോഭനീയമായ ഇത്തരം സുഖാഡംഭരങ്ങൾക്ക് നേരെ നോക്കരുത് എന്നാണ്.

***അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹികജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തിക്കൊടുത്തതിന്റെ നേരെ നീ നിന്റെ കണ്ണുകളെ ഉയർത്തരുത്. (20:131). 'ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റുചിലരെക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത്' (4:32).***

ഇങ്ങനെ വാങ്ങാൻ ശേഷിയില്ലാതെ വസ്തുക്കൾ ആഗ്രഹിക്കുകയും അത് പലിശക്ക് പണമെടുത്ത് വാങ്ങുകയും ചെയ്യുന്നത് ദുർവ്യയമാണ്. ***'തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാണ്. പിശാചാവട്ടെ, തന്റെ നാഥനോട് വളരെ നന്ദികെട്ടവനാണ്.'*** (17:28) മനുഷ്യൻ അവന്റെ ധനശേഷിക്കനുസൃതമായി ലളിതജീവിതം നയിക്കുകയും അതിൽ തൃപ്തി കണ്ടെത്തുകയുമാണ് വേണ്ടത്. ഖുർആൻ ശക്തമായി നിരോധിച്ച പലിശപ്പണം ഉപയോഗിച്ച് ധനശേഷിയില്ലാത്തവൻ വസ്തുക്കൾ വാങ്ങിക്കൂട്ടുന്നത് അനിസ്ലാമികമാണ്. മനുഷ്യന്റെ അഭിവൃദ്ധിക്കും ശ്രേയസ്സിനും ദോഷകരവുമാണ്. ●

# മതത്തിന്റെ ആവശ്യകത

## ഹദ്റത്ത് അഹ്മദ് (അ)

മതം ആശ്ലേഷിക്കുന്നതുകൊണ്ടുള്ള യഥാർത്ഥ ഉദ്ദേശ്യം, മോക്ഷത്തിന്റെ ഉറവിടമായ ദൈവത്തെ തന്റെ നേത്രങ്ങൾ കൊണ്ട് ദർശിക്കുന്ന വിധത്തിൽ ദൃഢമായി വിശ്വസിക്കുക എന്നതാണ്. കാരണം പാപത്തിന്റെ അശുദ്ധമായ ആത്മാവ് മനുഷ്യനെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു. അപരാധികൾക്ക് ശിക്ഷ നൽകുന്നവനും, ഭക്തന്മാർക്ക് എന്നും സന്തോഷം പ്രദാനം ചെയ്യുന്നവനുമായ ഒരു ദൈവമുണ്ടെന്ന് അറിയുകയും, ജീവനുള്ളവനും, പരിപൂർണ്ണനുമായ ആ ദൈവത്തിൽ ദൃഢമായ വിശ്വാസം ഉണ്ടാകുകയും ചെയ്യുന്നതുവരെ പാപത്തിന്റെ വിനാശകരമായ വിഷത്തിൽ നിന്ന് മനുഷ്യന് ഒരു പ്രകാരത്തിലും രക്ഷപ്പെടാൻ സാധ്യമല്ല. ഹാനികരമായ ഒരു വസ്തുവിനെക്കുറിച്ച് ഒരാൾക്ക് വ്യക്തമായി മനസ്സിലായിക്കഴിഞ്ഞാൽ അയാൾ ആ വസ്തുവിന്റെ സമീപത്തേക്ക് പോവുകയില്ല എന്നത് നാം സാധാരണയായി കണ്ടുവരാറുള്ള സംഗതിയാണല്ലോ. ഉദാഹരണമായി ആരുംതന്നെ അറിഞ്ഞുകൊണ്ട് വിഷം കഴിക്കുകയോ, ക്രുദ്ധനായ വ്യാഘ്രത്തിന് മുന്നിൽ ചെന്ന് നിൽക്കുകയോ, പാമ്പിൻ മാളത്തിൽ കൈ ഇടുകയോ ചെയ്യാറില്ല. പിന്നെ എന്തുകൊണ്ട് മനഃപൂർവ്വം പാപം ചെയ്യുന്നു? ഇതിന്റെ പ്രധാന കാരണം മറ്റു വസ്തുക്കളെക്കുറിച്ച് വ്യക്തമായ അറിവുള്ളതുപോലെ ദൃഢമായ വിശ്വാസം അല്ലാഹുവിൽ ഇല്ലായെന്നതാണ്. അതിനാൽ, അല്ലാഹുവിൽ ദൃഢവിശ്വാസം കരസ്ഥമാക്കുകയും, അവനെ ഭയപ്പെടുന്നതിനും, പാപത്തിൽ നിന്ന് രക്ഷനേടുന്നതിനുവേണ്ടിയും ദൃഢവിശ്വാസം കരസ്ഥമാക്കാൻ സാധിക്കുന്ന മതത്തെ സ്വീകരിക്കുക എന്നതാണ് മനുഷ്യന്റെ പ്രധാനമായ കടമ. എന്നാൽ, അപ്രകാരമുള്ള ദൃഢവിശ്വാസം എങ്ങനെയാണ് കരസ്ഥമാവുക? വെറും കഥകളിലൂടെയോ, ബുദ്ധിയുടെ യുക്തിന്യായം കൊണ്ടോ മാത്രം ഒരിക്കലും ഇത് ആർജ്ജിച്ചെടുക്കുവാൻ സാധിക്കുകയില്ല. ഈ ദൃഢവിശ്വാസം കരസ്ഥമാക്കുന്നതിന് ഒരേയൊരു മാർഗ്ഗമേയുള്ളൂ എന്ന കാര്യം മനസ്സിലാക്കുക. അത്, മനുഷ്യൻ ദൈവഭാഷണം മുഖേന അവന്റെ അനന്യസാധാരണമായ അടയാളങ്ങൾ ദർശിക്കുകയോ നിരന്തരമായ അനുഭവജ്ഞാനത്തിലൂടെ അവന്റെ മഹത്വത്തിലും, ശക്തിപ്രഭാവത്തിലും ദൃഢമായി വിശ്വസിക്കുക, അല്ലെങ്കിൽ ഈ പദവി ആർജിച്ചവരുടെ കൂടെ സഹവസിക്കുകയോ ചെയ്യുക എന്നതാണ്. ***('നസീമെ ദഅ്വത്ത് - റൂഹാനീഖസായിൻ*** - വോ. 19, പേ. 447-448)

മതത്തിന്റെ ഉദ്ദേശ്യമെന്താണ്? അല്ലാഹുവിന്റെ സത്തയിലും, അവന്റെ സവിശേഷ ഗുണങ്ങളിലും ദൃഢമായി വിശ്വസിച്ചുകൊണ്ട്, ശാരീരിക വികാരങ്ങളിൽ നിന്ന് മനുഷ്യൻ മോചനം നേടുകയും, അല്ലാഹുവുമായി വ്യക്തിപരമായ നിലയിൽ ഒരു സ്നേഹം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ്. യഥാർത്ഥത്തിൽ ഈ സ്വർഗ്ഗമാണ് മരണാനന്തരം വിവിധ രൂപങ്ങളിൽ വെളിപ്പെടുന്നത്. അതുപോലെ യഥാർത്ഥ ദൈവത്തെക്കുറിച്ച് ബോധവാനാകാതെ, അവനിൽ നിന്ന് ദൂരപ്പെടുകയും, അവനുമായി സത്യമായിട്ടുള്ള സ്നേഹം സ്ഥാപിക്കാതിരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിലുള്ള നരകം. ഈ നരകം മരണാനന്തരം വിവിധ രൂപഭാവങ്ങളിൽ പ്രകടമാകുന്നു. ദൈവത്തിന്റെ സത്തയിൽ ദൃഢമായ വിശ്വാസവും, സമ്പൂർണ്ണ സ്നേഹവും, കരസ്ഥമാകുക എന്നതാണ്, ഈ മാർഗ്ഗത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം. എന്നാൽ, ഇനി മനസ്സിലാക്കേണ്ടത് ഏത് മതവും, ഏത് ഗ്രന്ഥവും മുഖേനയാണ് ഈ ഉദ്ദേശ്യം സഫലീകൃതമാകുന്നതെന്നാണ്. ഇതിനായി ബൈബിൾ നൽകുന്ന മറുപടി, ദൈവികഭാഷണത്തിന്റെ കവാടം അടഞ്ഞിരിക്കുകയും, ദൃഢവിശ്വാസത്തിന്റെ മാർഗ്ഗങ്ങങ്ങൾ തടയപ്പെട്ടിരിക്കുകയാണെന്നും സംഭവിച്ചതെല്ലാം മുമ്പേ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു ഇനി ഭാവിയിൽ ഒന്നും തന്നെ സംഭവിക്കാനില്ല എന്നുമാണ്. ഇങ്ങനെയുള്ള നിർജ്ജീവമായ ഈ മതം കൊണ്ട് നമുക്ക് എന്ത് ചെയ്യാൻ കഴിയും? ചൈതന്യമില്ലാത്ത ഇങ്ങനെയുള്ള ഗ്രന്ഥത്തിൽ നിന്ന് എന്ത്

*(ശേഷം 16-ാം പേജിൽ)*

പ്രഭാഷണം

# ഈ വർഷം പെയ്തിറങ്ങിയ ദിവ്യാനുഗ്രഹങ്ങൾ

അമീറുൽ മുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ്

## യു.കെ. വാർഷിക സമ്മേളനത്തിൽ ചെയ്ത സമാപന പ്രഭാഷണം

***അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിനോക്കുന്ന പക്ഷം അത് എണ്ണിത്തിട്ടപ്പെടുത്താൻ നിങ്ങൾക്ക് സാധ്യമല്ല. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ (16:19).***

ഇന്നത്തെ ഈ പ്രസംഗത്തിൽ ലോകത്തിലെ വിവിധ ജമാഅത്തുകളിൽനിന്ന് ലഭിക്കുന്ന പ്രവർത്തനറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപ്പുവർഷം ജമാഅത്തിന്റെമേൽ വർഷിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ് വിശദീകരിക്കാറുള്ളത്. വിവിധ രീതികളിലുണ്ടാകുന്ന അല്ലാഹുവിന്റെ സഹായവും പറയാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ഞാൻ പറയാനാഗ്രഹിക്കുന്നു.

### അഹ്മദിയ്യാ ജമാഅത്ത് നാല് പുതിയ രാജ്യങ്ങളിൽ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരെ ലോകത്തിലെ 189 രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്തിന്റെ ചെടി പിടിച്ചുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യത്തിനെ തുടച്ചുനീക്കുമെന്ന് പറഞ്ഞുകൊണ്ട് സകല ശ്രമവും നടത്തിയ 1984-നുശേഷം ഇതുവരെയുള്ള 23 വർഷത്തിന്നിടയിൽ 98 പുതിയ രാഷ്ട്രങ്ങൾ അല്ലാഹു നമുക്കു നല്കിയിരിക്കുന്നു. ഈ വർഷവും 4 പുതിയ രാഷ്ട്രങ്ങൾ അഹ്മദിയ്യത്തിൽ ചേർന്നു. ഇതിൽ ഗൗദെലൂപെ (Guade loupe), സെന്റ് മാർട്ടിൻ (St.Martin), ഫ്രഞ്ച്ഗ്യാന (French Guiana), ഹെയ്റ്റി (Haiti) എന്നീ രാഷ്ട്രങ്ങൾ പെടുന്നു. ഫ്രാൻസ് ജമാഅത്തിനാണ് ഇവിടെ അഹ്മദിയ്യത്ത് പ്രചരിപ്പിക്കാൻ ഭാഗ്യം കിട്ടിയത്. ഗൗദെലൂപ്, കരീബിയൻ കടലിൽ (Caribbean Sea) നിലകൊള്ളുന്ന ഒരു ദ്വീപാണ്. ജമാഅത്തിന്റെ മുബല്ലിഗ് സാഹിബിനേയും ഇവിടുത്തെ നാഷണൽ സെക്രട്ടറി സാഹിബിനേയുമാണ് അവിടേക്കയച്ചത്. അവർക്ക് ഒരു പരിചയവുമില്ലാത്ത സ്ഥലമായിരുന്നു അത്. അവർ അവിടുത്തെ ഒരു പള്ളിയിൽ ചെന്നു. താൻ മിഷണറിയാണെന്ന് നമ്മുടെ മുബല്ലിഗ് സാഹിബ് അവരെ പരിചയപ്പെടുത്തി. അപ്പോൾ അവർ നമസ്കരിപ്പിക്കുവാൻ പറഞ്ഞു. അങ്ങനെ ബിസ്മില്ലാഹ് അവിടെനിന്ന് തുടങ്ങി. ചെന്നുടനെ അല്ലാഹു അവർക്ക് ഇമാം നില്ക്കാനാണ് സൗഭാഗ്യം നല്കിയത്. നമസ്കാരത്തിനുശേഷം ചോദ്യോത്തര പരിപാടി ആരംഭിച്ചു. ഒരു സുഹൃത്ത് ഈസ് അഹ്മദ് സാഹിബ് ബയ്അത്ത് ചെയ്തു. പിന്നീട് ജുമുഅയും ആ പള്ളിയിൽത്തന്നെ നമസ്കരിച്ചു. അന്നും ചോദ്യോത്തര സദസ്സ് നടന്നു. അല്ലാഹുതആല 5 ബയ്അത്തുംകൂടി നല്കി. കുറച്ചു ദിവസത്തിനുശേഷം വീണ്ടും സദസ്സുകൾ ചേർന്നു. അങ്ങനെ 7 പേർ ബയ്അത്ത് ചെയ്തു. മൊത്തം 13 പേരടങ്ങുന്ന ഒരു ജമാഅത്ത് രൂപീകരിക്കുകയും മുറി വാടകയ്ക്കെടുത്ത് മിഷൻഹൗസ് സ്ഥാപിക്കുകയും ചെയ്തു. പത്രപ്രതിനിധികൾ നമ്മുടെ ആളുകളുമായി ഇന്റർവ്യൂ നടത്തുകയും ടിവി-റേഡിയോ നിലയങ്ങൾ ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ട് പരിപാടികൾ സംപ്രേഷണം ചെയ്യുകയും ചെയ്തു.

സെന്റ് മാർട്ടിൻ ചെറിയൊരു ദ്വീപാണ്. 77,000 ആണ് ഇവിടുത്തെ ജനസംഖ്യ. ഫ്രാൻസ് ജമാഅത്ത് മുഖേനയാണ് ഇവിടേയും ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. അവിടെ പോയ നമ്മുടെ സഹോദരങ്ങളെ ആരും അറിയുമായിരുന്നില്ല. ആദ്യ ആഴ്ച ലഘുലേഖകൾ വിതരണം ചെയ്തു. കേൾക്കാൻ ആരുമില്ലെന്നും ദുആ ചെയ്യണമെന്നും പറഞ്ഞ് നിരന്തരം അവർ കത്തുകളയച്ചുകൊണ്ടിരുന്നു. അവരും സ്വയം ദുആയിൽ മുഴുകി. മുബല്ലിഗ് സാഹിബ് പറയുന്നു, ഞങ്ങൾക്ക് തിരിച്ചുപോകാൻ മൂന്നുദിവസം മാത്രമേയുണ്ടായിരുന്നുള്ളൂ. അല്ലാഹുവിന്റെ സന്നിധിയിൽ അങ്ങേയറ്റം ഞങ്ങൾ വിലപിച്ചു. സത്യസന്ദേശം കേൾക്കുന്നവരായി ഇവിടെ ആരുമില്ലെന്നും ആരേയെങ്കിലും തങ്ങളുടെ അടുത്തേക്ക് അയക്കണമെന്നും

പറഞ്ഞ് അല്ലാഹുവിനോട് താണുകേണപേക്ഷിച്ചു. ഇങ്ങനെ ഞങ്ങൾ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നൊരാൾ എന്റെയടുക്കൽ വന്നു. സംസാരം തുടങ്ങി. മൂന്നുദിവസം അദ്ദേഹം ഞങ്ങളോടൊപ്പം താമസിച്ചു. ഞങ്ങളെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു. അവിടെ വച്ച് 5 പേരടങ്ങുന്ന ആ കുടുംബം അഹ്മദിയ്യത്തിൽ ചേർന്നു. അങ്ങനെ ഈ രാജ്യത്ത് അഹ്മദിയ്യത്തിന്റെ ചെടി നട്ടു.

മൂന്നാമത്തെ രാജ്യം ഫ്രഞ്ച്ഗ്യാനയാണ് (French Guiana). ഈ രാജ്യത്തിന്റെ ഒരതിർത്തി സുരിനാമു (Suriname) മായും ഒരു ഭാഗം ബ്രസീലു (Brazil) മായും ചേരുന്നു. ഇവിടേയും ജമാഅത്ത് രൂപീകരിക്കാനുള്ള ഭാഗ്യം ഫ്രാൻസ് ജമാഅത്തിനാണ് കിട്ടിയിട്ടുള്ളത്. നമ്മുടെ സംഘം അവിടെ എത്തിയപ്പോൾ ഓതലോയിലെ ഒരഹ്മദി സഹോദരനും അവിടെയെത്തി. അദ്ദേഹം നമ്മുടെ മുബല്ലിഗിനെ തന്റെ ആളുകൾക്ക് പരിചയപ്പെടുത്തിക്കൊടുത്തു. മതകാര്യവകുപ്പിന്റെ മന്ത്രിയുമായി തബ്ലീഗ് ചർച്ച നടന്നുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു, 'സുരിനാം' ജമാഅത്തിലെ മിഷൻ ഹൗസിൽ ഞാൻ വന്നിട്ടുണ്ട്. നിങ്ങൾ തീർച്ചയായും സത്യസന്ധരായ മുസ്‌ലിംകളാണ്. മറ്റു മുസ്‌ലിംകൾ നിങ്ങളെക്കുറിച്ച് തെറ്റായ ധാരണകൾ വരുത്തിയിരിക്കുന്നു.' അദ്ദേഹം നമ്മുടെ ആളുകളെ വീട്ടിലേക്ക് ക്ഷണിച്ചു. തന്റെ സുഹൃത്തുക്കളേയും ബന്ധുക്കളേയും വിളിച്ചുവരുത്തി ചർച്ചകൾ നടത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 30 പേർ അവിടെവച്ച് ബയ്അത്ത് ചെയ്തു.

ഈ വർഷം അഹ്മദിയ്യത്തിൽ പ്രവേശിച്ച നാലാമത്തെ രാജ്യമാണ് ഹെയ്റ്റി (Haiti). ഈ രാജ്യവും ക്യൂബ(Cuba)യുടേയും ഡൊമനിക്കൻ റിപ്പബ്ലിക്കിന്റേയും (Dominican Republic) ഇടയിലാണ് സ്ഥിതിചെയ്യുന്നത്. ഇവിടേയും ഫ്രാൻസ് ജമാഅത്തിന്റെ പ്രവർത്തനഫലമായിട്ടാണ് ജമാഅത്ത് സ്ഥാപിതമായത്. ഈ മാർച്ചുമാസത്തിൽ നമ്മുടെ തബ്ലീഗ് സംഘം അവിടെ പോവുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചോദ്യോത്തര പരിപാടി സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി ആറുപേർ ജമാഅത്തിൽ ചേർന്നു. ഈ പരിപാടികൾ തുടർന്നു പോന്നു. മൊത്തം 25 ആളുകൾ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇവിടേയും ജമാഅത്ത് രൂപീകരിച്ചു. രജിസ്റ്റർ ചെയ്യാനുള്ള ശ്രമം നടന്നുവരുന്നു. ഇവിടെ എഞ്ചിനീയറായ ഒരു ക്രൈസ്തവ സഹോദരന് അഹ്മദിയ്യത്തിൽ ചേരാൻ ഭാഗ്യം കിട്ടി. അദ്ദേഹം നമ്മുടെ മുബല്ലിഗ് സാഹിബിനോട്, 'താങ്കൾ നമസ്കരിച്ചപ്പോൾ വലിയ ആനന്ദം ലഭിച്ചു'വെന്ന് പറയുകയുണ്ടായി. അദ്ദേഹം വീട്ടിൽപോയി തന്റെ ഭാര്യയോട് ഈ വിവരം പറയുകയും ഇസ്‌ലാംമതതത്ത്വജ്ഞാനം എന്ന ഹദ്റത്ത് അഹ്മദ്(അ)ന്റെ ഗ്രന്ഥം അവർക്ക് വായിക്കാൻ കൊടുക്കുകയും ചെയ്തതിന്റെ ഫലമായി ആ കുടുംബം മുഴുവൻ അഹ്മദിയ്യത്ത് സ്വീകരിച്ചു.

മുബല്ലിഗുമാരാരുമില്ലാത്തതും നമുക്ക് നിരന്തരം ബന്ധപ്പെടാൻ കഴിയാതിരുന്നതുമായ 33 രാജ്യങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം തബ്ലീഗ് സംഘങ്ങളെ അയച്ചുകൊണ്ട് ബന്ധം പുനഃസ്ഥാപിക്കാനും തബ്ലീഗ് തർബിയ്യത്ത് പരിപാടികൾ നടത്താനും സാധിച്ചു. ചില സ്ഥലങ്ങളിൽ മുബല്ലിഗുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൊന്നാണ് ഹംഗറി. ജർമ്മനിയിലെ മുബല്ലിഗായ ഹൈദരലി സാഹിബും സെക്രട്ടറി തബ്ലീഗായ അബ്ദുൽഗഫ്ഫാർ സാഹിബും അടങ്ങിയ ഒരു സംഘം വഖ്ഫെ ആർസിയനുസരിച്ച് അവിടെ പോവുകയും പഴയ ബന്ധങ്ങൾ പുനഃസ്ഥാപിക്കുകയും തർബിയ്യത്തുപരമായി പ്രവർത്തിക്കുകയും ചെയ്തു. ഹംഗറിയിൽ (Hungary) രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പേ നമ്മുടെ മുബല്ലിഗുണ്ടായിരുന്നു. മിഷൻഹൗസും ഉണ്ടായിരുന്നു. ഇപ്പോൾ 70 വർഷത്തിനുശേഷം ഒരു മുബല്ലിഗിനെ നാം അവിടെ നിയമിച്ചിരിക്കുന്നു. അദ്ദേഹം അവിടുത്തെ പ്രാദേശികഭാഷ പഠിച്ചുവരികയാണ്.

രണ്ടാമത്തെ രാജ്യം മാൾട്ട (Malta)യാണ്. ഇവിടേയും ജർമ്മനിയിൽനിന്ന് ഡോ. അബ്ദുൽഗഫ്ഫാർ സാഹിബാണ് പര്യടനം നടത്തിയത്. നമ്മുടെ മിഷൻ ഇവിടെയുണ്ട്. കഴിഞ്ഞ ജൂൺമാസം മുബല്ലിഗ് സാഹിബ് അവിടെയെത്തിക്കഴിഞ്ഞിരിക്കുന്നു.

മൂന്നാമത്തെ രാജ്യം റൊമാനിയയാണ് (Romania). ഇതും ജർമ്മനി ജമാഅത്തിന്റെ കീഴിലാണ്. ഇവിടേയും ജർമ്മനിയിലെ ഇൻചാർജ്ജ് മുബല്ലിഗ് സാഹിബ് തന്റെ കൂട്ടുകാരോടൊപ്പം പര്യടനം നടത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാക്കിസ്ഥാനിൽ നിന്ന് നമ്മുടെ മുബല്ലിഗ് സാഹിബ് അവിടെ എത്തിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം റൊമാനിയൻ ഭാഷ പഠിച്ചുവരുന്നു. മസിഡോണിയായും (Macedonia) ജർമ്മനിക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്. ഇവിടേയും മുബല്ലിഗ് നിയമിതനായിക്കഴിഞ്ഞു. അദ്ദേഹം അയൽരാജ്യമായ സാവോയി(Sao)ൽ മസിഡോണിയായിലെ തദ്ദേശഭാഷ പഠിച്ചുവരുന്നു.

ജിബ്രാൾട്ടർ (Gibralter)ലും ജമാഅത്ത് രജിസ്റ്റർചെയ്യാൻവേണ്ടി ജർമ്മനിയിലെ മുബല്ലിഗ് അബ്ദുൽഗഫ്ഫാർ സാഹിബ് ശ്രമിച്ചുവരുന്നു.

സൗത്ത് ആഫ്രിക്കയിൽനിന്ന് അവിടുത്തെ മുബല്ലിഗ് സ്വാസിലാന്റി(Swaziland)ലും ലസോതോയി (Lesotho)ലും പര്യടനം നടത്തുകയും ജമാഅത്തിനെ വിലയിരുത്തുകയും പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്തു. രണ്ടു രാജ്യങ്ങളിലും ഘാനയിൽനിന്നു വന്ന മുബല്ലിഗുമാരാണ് പ്രവർത്തിക്കുന്നത്. ഇതുരണ്ടും പുതിയ രാജ്യങ്ങളാണ്. കഴിഞ്ഞവർഷ

ങ്ങളിലാണ് ഇവിടെ ജമാഅത്ത് പ്രവേശിച്ചത്. സ്വാസിലാന്റിൽ 5 ജമാഅത്തുകൾ രൂപീകരിച്ചുകഴിഞ്ഞു. ലസോതോയിൽ 6 ജമാഅത്തുകൾ സ്ഥാപിതമായി. രണ്ട് രാജ്യങ്ങളിലും ജമാഅത്തിന്റെ ആദ്യ പള്ളികളും നിർമ്മിച്ചു കഴിഞ്ഞു.

ഈ വർഷം യുഗാണ്ട തങ്ങളുടെ രണ്ട് മുബല്ലിഗുമാരെ റുവാണ്ട (Rwanda)യിലേക്ക് അയക്കുകയുണ്ടായി. ഇവിടുത്തെ അഹ്മദികളുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിച്ചുവെന്നു മാത്രമല്ല അല്ലാഹുവിന്റെ അനുഗ്രഹത്താൽ 80 പുതിയ ബയ്അത്തുകളും നടന്നു. വാടകയ്ക്ക് സ്ഥലമെടുത്ത് നമസ്കാരത്തിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. മജ്‌ലിസെ ആമില നിലവിൽ വന്നു. ഈ വർഷം റുവാണ്ടയിൽനിന്ന് രണ്ടുസംഘം യുഗാണ്ടയിലെത്തി അഹ്മദികളുമായി ബന്ധം സ്ഥാപിച്ചു. ഇവിടേയും ജമാഅത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

നൈജിരിയാ(Nijeria)യിൽനിന്നുള്ള ജമാഅത്ത് സംഘം ഈ വർഷം കാമറൂൺ (Cameroun), ഛാഡ് (Chad) ഇക്വറ്റോറിയിൽ ഗിനി (Equatorial Guinea) എന്നീ മൂന്നു രാഷ്ട്രങ്ങളിൽ പര്യടനം നടത്തി. ഇവിടെ ജമാഅത്തിനെ സംഘടിതമാക്കി. കാമറൂണിൽ നാല് ജമാഅത്തുകൾ സ്ഥാപിതമായിക്കഴിഞ്ഞു. ഇവിടെനിന്നുള്ള രണ്ട് കുട്ടികൾ നൈജിരിയായിലെ ജാമിഅ അഹ്മദിയ്യായിൽ പഠിച്ചുവരുന്നു. ഇവിടെ 120 പുതിയ ബയ്അത്തുകൾ നടന്നു. ഛാഡിൽ 5 ജമാഅത്തുകൾ സ്ഥാപിതമായി. 220 ബയ്അത്തുകൾ നടന്നു. നൈജിരിയായിലെ ജമാഅത്തുസംഘം പര്യടനം നടത്തിയ മൂന്നാമത്തെ രാജ്യം ഇക്വറ്റോറിയിൽ ഗിനിയാണ്. അവർ ഇവിടെ ജമാഅത്തിനെ സംഘടിപ്പിക്കാനുള്ള പ്രവർത്തനം നടത്തി. ഒരുപാട് ബയ്അത്തുകൾ ഇവിടെനിന്ന് ലഭിച്ചിട്ടുണ്ട്. ഖുദ്ദാമുൽ അഹ്മദിയ്യായും ഇവിടെ രൂപീകരിച്ചുകഴിഞ്ഞു. ഇവിടുത്തെ ഒരു കുട്ടി നൈജിരിയായിലെ ജാമിഅ അഹ്മദിയ്യായിലെ വിദ്യാർത്ഥിയാണ്. മൗറേഷ്യസിൽ (Mauritius) നിന്ന് ജമാഅത്ത് സംഘം കോമറോസ് (Comoros) മയോട്ടിദ്വീപ്, റീവിയൻ ദ്വീപ് തുടങ്ങിയവ സന്ദർശിച്ച് അഹ്മദികളുമായി ബന്ധം പുനഃസ്ഥാപിക്കുകയും പ്രവർത്തനം ശക്തിപ്പെടുത്താനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. ഈ ജമാഅത്തുകളിലും മജ്‌ലിസെ ആമില രൂപീകരിച്ച് ജമാഅത്ത് വ്യവസ്ഥിതിക്കനുസരിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ഗ്വാട്ട്സ്വാനയിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇറ്റലിയിൽ ജമാഅത്തിനെ സംഘടിതമാക്കി. അവിടെ ജമാഅത്ത് ഓർഗനൈസ്ഡായിക്കഴിഞ്ഞു. സ്ഥലവും നാം വാങ്ങിയിട്ടുണ്ട്. ഇൻശാഅല്ലാഹ്. എത്രയും വേഗം അവിടെ ആദ്യത്തെ പള്ളിയും നിർമ്മിക്കുന്നതാണ്.

ഓസ്ട്രിയാ(Austria)യിലും മുബല്ലിഗിനെ അയച്ച് ജമാഅത്ത് ഓർഗനൈസ്ഡ് ചെയ്തു. സോമാലിയാ (Somalia)യിലും രണ്ട് മുഅല്ലിമുമാർ കിനിയായിൽനിന്ന് പോയിരുന്നു. ഇവർ രണ്ടുപേരും നൈറോബിയിൽ പഠിച്ചുവന്നവരാണ്. വളരെ നല്ല പ്രവർത്തനമാണ് അവിടെ നടന്നുവരുന്നത്. ആദ്യം അവിടെ മൂന്ന് ജമാഅത്തുകളാണുണ്ടായിരുന്നത്. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 21 ജമഅത്തുകൾ സ്ഥാപിതമായിക്കഴിഞ്ഞു. 2500 പുതിയ ബയ്അത്തുകൾ നടന്നു. എത്യോപ്പിയാ(Ethiopia)യിലും കിനിയായിൽനിന്നുള്ള രണ്ടു മുഅല്ലിമുമാർ പ്രവർത്തിച്ചുവരുന്നു. ഇവിടുത്തെ റിലീജിയനിൽ ജമാഅത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇവിടെ 4800 ഓളം ബയ്അത്തുകൾ നടന്നു. 20 പുതിയ ജമാഅത്തുകൾ സ്ഥാപിതമായി. ഒരു പള്ളിയും നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്.

സൗത്ത് പെസഫിക്കിലെ മാർഷൽ ദ്വീപിലും മൈഗ്രോനേഷ്യയിലും പര്യടനത്തിനായി അമേരിക്കയിൽനിന്ന് നമ്മുടെ ഒരു മുബല്ലിഗ് പോയിരുന്നു. പര്യടനവേളയിൽ പഴയ ബന്ധങ്ങൾ അദ്ദേഹം പുനഃസ്ഥാപിക്കുകയും ഓരോ അഹ്മദിയേയും ഒറ്റയ്ക്കൊറ്റയ്ക്ക് കാണുകയും ചെയ്തു. അവർക്കുവേണ്ടി തർബിയ്യത്തീ പരിപാടികൾ സംഘടിപ്പിച്ചു. 7 പുതിയ ബയ്അത്തുകൾ നടന്നു. ഇവിടേയും ജമാഅത്ത് വ്യവസ്ഥാപിതമായി പ്രവർത്തിക്കാൻ തുടങ്ങിക്കഴിഞ്ഞു.

സ്പെയിനിന്റെ ചുമതലയിലാണ് പോർച്ചുഗൽ (Portugal). ഊഴമനുസരിച്ചാണ് അഹ്മദികൾ ഇവിടെ പ്രവർത്തനത്തിനായി പോകുന്നത്. ഇവിടെ ജമാഅത്ത് വ്യവസ്ഥാപിതമാണ്. ഫിജി (Fiji), വന്വാത്ത (Vanuatu) ദ്വീപുകളിലേക്ക് നമ്മുടെ ജമാഅത്തംഗങ്ങളെ അയക്കുകയുണ്ടായി. മുബല്ലിഗിന്റെ കീഴിൽ ഇവിടെ പ്രവർത്തനം നടന്നുവരുന്നു. മിഷൻഹൗസിനും പള്ളിക്കും വേണ്ടി സ്ഥലം അന്വേഷിക്കുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടേയും ജമാഅത്ത് രജിസ്റ്റർ ചെയ്തു കഴിഞ്ഞു. കിരിബാത്തി(Kiribati) യിലും പ്രതിനിധികളെ അയക്കുകയുണ്ടായി. അവിടേയും രജിസ്ട്രേഷന്റെ കാര്യങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. 18 വർഷത്തെ കഠിനമായ പരിശ്രമത്തിനു ശേഷമാണ് രജിസ്ട്രേഷൻ കിട്ടിയത്. കഴിഞ്ഞവർഷം ഞാൻ അവിടെ പോയപ്പോൾ ഇതുസംബന്ധമായി പ്രത്യേക നിർദ്ദേശം അവർക്ക് കൊടുത്തിരുന്നു. അവിടുത്തെ ഒരു ഡോക്ടർ സാഹിബ് ഇതിനുവേണ്ടി ഒരുപാട് പ്രവർത്തിച്ചു. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ.

ഓസ്ട്രേലിയ (Australia) ജമാഅത്ത് സോളമൻ ദ്വീപുകളുമായി (Soloman Islands) ശക്തമായ ബന്ധം സ്ഥാപിച്ചുകഴിഞ്ഞു. അവിടെ ജമാഅത്ത് വളരെ സുസംഘടിതമാണ്. ജമാഅത്തിന്റെ ഒരു കെട്ടിടത്തിലാണ് സെന്റർ പ്രവർത്തിച്ചുവരുന്നത്.

എസ്ടോണിയാ(Estonia)യിൽ കഴിഞ്ഞവർഷമാണ് ജമാഅത്ത് രൂപീ

കരിച്ചത്. ഈ വർഷം ഇവിടുത്തെ അഹ്മദികളുമായി നമ്മൾ ബന്ധപ്പെടുകയും തബ്‌ലീഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ലാറ്റ്‌വിയാ(Latvia) യിലും സന്ദർശനം നടത്തി. ഈ രാജ്യത്ത് നമുക്ക് ജമാഅത്തില്ല. ഇവിടെ നാല്പതോളം മീറ്റിങ്ങുകൾ വിവിധ ആളുകളുമായി നടന്നു. ഇപ്രകാരം വിവിധ സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ജമാഅത്തിന്റേയും സന്ദേശം എത്തിക്കഴിഞ്ഞു.

ബോസ്നിയാ(Bosnia)യിലെ മുബല്ലിഗ് ഇൻ ചാർജ്ജ് സെർബിയാ (Serbia)യിൽ പര്യടനം നടത്തി. ദീർഘകാലമായി ബന്ധമൊന്നുമില്ലാതിരുന്ന ഇരുപത് അഹ്മദികളുമായി ബന്ധം സ്ഥാപിച്ചു. ഇവിടേയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനം മെച്ചപ്പെട്ടു വരികയാണ്.

ഫ്രാൻസിലെ ഒരു സംഘം മാർട്ടിനാ ദ്വീപിൽ പര്യടനം നടത്തി. ഇവിടെ 2004-ലാണ് ജമാഅത്ത് രൂപീകരിച്ചത്. 9 അഹ്മദികളെ നമ്മുടെ സംഘം സന്ദർശിച്ചു. തദ്ദേശ റേഡിയോ നിലയത്തിൽനിന്ന് ഇവരുടെ പരിപാടികൾ തൽസമയം പ്രക്ഷേപണം ചെയ്തു. ജമാഅത്തിനെ പരിചയപ്പെടുത്തുകയും കൂടുതൽ ബയ്അത്തുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വെനിസ്വേല (Venezuela) യിലെ അഹ്മദികളുമായി ബന്ധപ്പെട്ട് ജമാഅത്ത് ഓർഗനൈസ് ചെയ്തു. ഇപ്രകാരംതന്നെ മറാക്കഷു (Marakech)മായിട്ടും ബന്ധം പുനഃസ്ഥാപിച്ചു. ഇവിടേയും ഇപ്പോൾ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനസജ്ജമാണ്. ബൊളീവിയാ(Bolivia)യിൽ 8 ബയ്അത്തുകൾ നടന്നു. കാനഡയിൽനിന്ന് ജമാഅത്തിലെ ഒരു സുഹൃത്ത് ജമൈക്ക (Jamaica)യിൽ പോവുകയും അവിടുത്തെ ജമാഅത്തിനെ സംഘടിപ്പിക്കുകയും അദ്ദേഹത്തിന്റെ ശ്രമഫലമായി ഈ വർഷം അവിടെ പത്ത് ബയ്അത്തുകളുണ്ടാവുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ഇപ്പോൾ ജമാഅത്തിന്റെ അംഗസംഖ്യ ഒരുപാട് വർദ്ധിച്ചിട്ടുണ്ട്.

ലക്സംബർഗി (Luxembourg) ലും കൂടുതൽ ബയ്അത്തുകൾ നടന്നു.

## പുതിയ ജമാഅത്തുകൾ; ഇന്ത്യ മുന്നിൽ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാക്കിസ്ഥാനു പുറമെ ഈ വർഷം ലോകത്ത് മൊത്തം 653 പുതിയ ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. ഇതിനു പുറമെ 631 പുതിയ സ്ഥലങ്ങളിൽ ആദ്യമായിട്ട് അഹ്മദിയ്യത്തിന്റെ ചെടി നടാനും കഴിഞ്ഞിട്ടുണ്ട്. പുതിയ ജമാഅത്തുകളുടെ രൂപീകരണത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. 154 പുതിയ ജമാഅത്തുകളാണ് ഇവിടെ സ്ഥാപിതമായത്. രണ്ടാം സ്ഥാനത്ത് ബെനിൻ (Benin). ഇവിടെ 97 സ്ഥലങ്ങളിൽ ജമാഅത്ത് സ്ഥാപിതമായി. 71 സ്ഥലങ്ങളിൽ പുതിയ ജമാഅത്തുകൾ സ്ഥാപിച്ചുകൊണ്ട് നൈജീരിയ മൂന്നാം സ്ഥാനത്തുണ്ട്. ഗാംബിയ- 50, ഐവറികോസ്റ്റ് 34, സിറാലിയൂൺ-28, ബുർക്കിനാഫാസോ- 28, സൊമാലിയ- 21, മാലി- 21, എത്യോപിയ-20, ഘാന- 16, മഡ്ഗാസ്കർ- 16, കോംഗോ-13, ഇന്തോനേഷ്യ- 11. ഇപ്രകാരംതന്നെ 15 മറ്റു രാജ്യങ്ങളിലും ചെറിയതോതിലാണെങ്കിലും ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. സൊമാലിയായിലും മാലിയിലും ജമാഅത്ത് രൂപീകരിക്കുക എന്നത് എളുപ്പമല്ലായിരുന്നു. അല്ലാഹുവിന്റെ വലിയ അനുഗ്രഹം കൊണ്ടാണ് അവിടെ ജമാഅത്ത് സ്ഥാപിതമായത്.

## വിശ്വാസത്തെ ശക്തിപ്പെടുത്തുന്ന സംഭവങ്ങൾ

പുതിയ ജമാഅത്ത് സ്ഥാപിതമായ സ്ഥലങ്ങളിൽ ഉണ്ടായിട്ടുള്ള ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളിൽ ഒന്ന് ബെനിനിലെ അമീർ സാഹിബ് ഇങ്ങനെ എഴുതിയറിയിക്കുന്നു. 'മൊനു, കോംഫോ എന്നീ സ്ഥലങ്ങൾ ബഹുദൈവാരാധകരുടെ സങ്കേതമാണ്. ഈ ഏരിയായിലെ ഒരു പട്ടണമാണ് വിദാ. ഇവിടെ ബഹുദൈവാരാധകരുടെ വാർഷികാഘോഷം നടക്കാറുണ്ട്. കഴിഞ്ഞ വർഷം ഇത്തരം ഒരു സ്ഥലത്ത് നമ്മൾ തബ്‌ലീഗ് പ്രവർത്തനം നടത്തിയെങ്കിലും വിജയം കണ്ടില്ല. എന്നല്ല, ഒരുപ്രാവശ്യം അടിപിടിവരെ സംഗതി എത്തിയിരുന്നു. 2005-ൽ ഞാൻ അവിടെ പര്യടനം നടത്തിയപ്പോൾ ആ പ്രദേശത്ത് വെറും മൂന്ന് ജമാഅത്തേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം ഒരുപാടാളുകൾ വരികയും തബ്‌ലീഗ് ചർച്ചകൾ നടക്കുകയും ചെയ്തു. ടെലിവിഷനിലും പത്രങ്ങളിലും വാർത്തകൾ വന്നു. തൽഫലമായി തബ്‌ലീഗ് ബന്ധം പുനഃസ്ഥാപിച്ചു. അദ്ദേഹം പറയുന്നു. അതിന്റെ ഫലമായി ഗ്രാമങ്ങൾ ഒന്നടങ്കം അഹ്മദിയ്യത്ത് സ്വീകരിക്കാൻ തുടങ്ങി. 57 പുതിയ ജമാഅത്തുകൾ രൂപീകരിച്ചു. അവരിൽ അധികവും ബഹുദൈവാരാധകരിൽനിന്ന് വന്നവരാണ്. അതായത്, അവർ ഏകനായ അല്ലാഹുവിന്റെ നാമം സ്മരിക്കാൻ തുടങ്ങി. ഇമാമോടും പള്ളിയോടുമൊപ്പമാണ് മുസ്‌ലിംകൾ ജമാഅത്തിൽ പ്രവേശിച്ചത്.

മുബല്ലിഗ് ഇൻ ചാർജ്ജ് സാഹിബ് നൈജീരിയ എഴുതുന്നു: നവ അഹ്മദികളുടെ ഒരു പ്രദേശത്ത് റഫ്റഷർ കോഴ്സ് ഉദ്ഘാടന പരിപാടിയിൽ അവിടുത്തെ ചീഫ് സന്നദ്ധനായിരുന്നു. അദ്ദേഹം ജമാഅത്തിന്റെ പരിപാടികളെ അങ്ങേയറ്റം അനുമോദിച്ചു. നമ്മുടെ മുബല്ലിഗിനേയും മുഅല്ലിമീംകളേയും തന്റെ സ്ഥലത്തേക്ക് ക്ഷണിച്ചു. രണ്ടാമത്തെ ദിവസം നമ്മുടെ മുബല്ലിഗ് തന്റെ സഹപ്രവർത്തകരോടൊപ്പം അവിടെ എത്തിയപ്പോൾ അദ്ദേഹം പരസ്യമായിട്ട് പറഞ്ഞു: 'ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ആ നല്ല പരിപാടിയിൽ പങ്കെടുത്തില്ലായിരുന്നെങ്കിൽ എനിക്ക് വലിയ നഷ്ടമുണ്ടാകുമായിരുന്നു.'

അങ്ങനെ അദ്ദേഹം എല്ലാവരുടേയും മുമ്പിൽവച്ച് ബയ്അത്ത് ഫോറം പൂരിപ്പിക്കുകയും അഹ്മദിയ്യാ ജമാഅത്തിൽ ചേരുകയും ചെയ്തു. തന്റെ പ്രദേശത്ത് തബ്ലീഗ് ചെയ്യാനുള്ള അനുവാദം അഹ്മദികൾക്കു നല്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 10 ഗ്രാമങ്ങൾ അവിടെ അഹ്മദിയ്യത്തിൽ ചേർന്നുകഴിഞ്ഞു.

ഗാംബിയായുടെ റിപ്പോർട്ടിൽ സയ്ഫുൽ ഹസൻ സാഹിബ് എഴുതുന്നു: ഒരു ഗ്രാമപ്രദേശം ഞങ്ങൾ തബ്ലീഗിനായി തിരഞ്ഞെടുത്തു. ഒരു സംഘം പ്രവർത്തകരോടൊപ്പം ഞാനും അവിടെ പോയി. ആളുകൾ തബ്ലീഗ് കാര്യങ്ങൾ വളരെ താൽപര്യത്തോടെ കേട്ടു. ചോദ്യോത്തരവേളയുടെ അവസാനം 12 ആളുകൾ ബയ്അത്ത് ചെയ്തു. മൂന്നു പ്രാവശ്യം പോയതുകൊണ്ട് മൂന്നു ഗ്രാമത്തിൽക്കൂടി അഹ്മദിയ്യത്തിന്റെ ചെടി പിടിക്കുകയും 70 ആളുകൾ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരാൾ വന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ നല്ലവരാണ്.' അത് താങ്കൾക്കെങ്ങനെ മനസ്സിലായിയെന്ന് മറ്റുള്ളവർ ചോദിച്ചു. പറഞ്ഞു: "ഇവരുടെ മുഖം തന്നെ സാക്ഷി പറയുന്നുണ്ട് ഇവർ സത്യവാന്മാരാണെന്ന്. ഇവരുടെ സന്ദേശവും സത്യമാണ്. അതുകൊണ്ട് ബയ്അത്ത് ചെയ്യുക."

## ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നു; ഘാന മുന്നിൽ

കഴിഞ്ഞവർഷം ജമാഅത്തിൽ ധാരാളം ആളുകൾ ചേർന്നുവെങ്കിലും നവഅഹ്മദികളുമായിട്ടുള്ള ബന്ധം വളരെ ബലഹീനമായിരുന്നു. ജമാഅത്തിന് അവരുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞില്ല. 2008-നുള്ളിൽ കുറഞ്ഞത് 70% ആളുകളുമായിട്ടെങ്കിലും ബന്ധം സ്ഥാപിക്കണമെന്ന് ഞാൻ പറഞ്ഞിരുന്നു. ബയ്അത്ത് ചെയ്യിക്കുക എന്നതല്ല യഥാർത്ഥ ജോലി, തർബിയ്യത്ത് കൊടുക്കുക എന്നതാണ്. അങ്ങനെ ജമാഅത്ത് വീണ്ടും അവരുമായി ബന്ധപ്പെട്ടതിന്റെ ഫലമായിട്ട് വളരെയധികം മാറ്റം വന്നിട്ടുണ്ട്. ഘാന അഹ്മദിയ്യാ ജമാഅത്ത് ഈ രംഗത്ത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചു. 98,000 നവ അഹ്മദികളുമായി നടപ്പുവർഷം അവർ ബന്ധം പുനഃസ്ഥാപിച്ചു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ആറുലക്ഷത്തി നാലായിരം നവ അഹ്മദികളുമായിട്ടാണ് ബന്ധം പുനഃസ്ഥാപിക്കാൻ അവർക്ക് കഴിഞ്ഞത്. ഇതിന്റെ ഫലമായിട്ട് ജമാഅത്തിന്റെ സംഘടനാശക്തി വളരെ വർദ്ധിച്ചിട്ടുണ്ട്.

നൈജീരിയായും ഈ വർഷം 1,40,000 നവ അഹ്മദികളുമായിട്ട് ബന്ധം സ്ഥാപിച്ചു. അവിടെ 71 പുതിയ ജമാഅത്തുകൾ നിലവിൽ വന്നു. അവർ ചന്ദയും കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഇപ്രകാരം മൊത്തം 2,68,000 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. എല്ലായിടത്തും നാം ചെയ്യേണ്ട ഏറ്റവും വലിയ പ്രവൃത്തിയാണിത്.

ബുർക്കിനാഫാസോയിലും ഈ വർഷം 11,500 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചു. തജ്നീദും ബഡ്ജറ്റുമെല്ലാം തയ്യാറായി വരുന്നു. ഇങ്ങനെ 1,80,000 നവഅഹ്മദികളുമായിട്ടാണ് അവർ ബന്ധപ്പെട്ടത്.

ഐവറികോസ്റ്റും നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചിരിക്കുന്നു. ആഭ്യന്തരയുദ്ധത്തിനുശേഷം അവിടവുമായിട്ടുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടിരുന്നു. ഇപ്പോൾ 64,000 നവ അഹ്മദികളുമായി നാം ബന്ധം സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു.

സിറാലിയൂണിൽ 31,909 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചു. ഇവരിലൊരുവിഭാഗം ചന്ദ വ്യവസ്ഥിതിയിൽ ചേർന്നുകഴിഞ്ഞിരിക്കുന്നു. ചന്ദവ്യവസ്ഥിതിയിൽ അഹ്മദികൾ പങ്കെടുക്കാൻ തുടങ്ങിയാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ നഷ്ടപ്പെടുകയില്ലെന്ന സമാധാനമുണ്ടാകുന്നു.

ഇന്ത്യയിൽ 27,000 നവഅഹ്മദികളുമായി ബന്ധം പുനഃസ്ഥാപിച്ചു. ഈ രംഗത്ത് പ്രവർത്തനം തുടർന്നു വരുന്നു. ബംഗ്ലാദേശുകാർ വളരെ ഭയപ്പെട്ടിരുന്നു. നവഅഹ്മദികളുമായിട്ടുള്ള അവരുടെ ബന്ധം വളരെ ദുർബലമായിരുന്നു. ഇക്കാര്യത്തെക്കുറിച്ച് കഴിഞ്ഞവർഷം ഞാനവർക്ക് പ്രത്യേകം നിർദ്ദേശം കൊടുത്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആറായിരത്തിലേറെ നവഅഹ്മദികളുമായി ഇപ്പോൾ അവർ ബന്ധം പുനഃസ്ഥാപിച്ചിരിക്കുന്നു. അവരെല്ലാം ദൃഢചിത്തരാണ്.

കിനിയ 240 ഗ്രാമങ്ങളിലെ 33,609 നവഅഹ്മദികളുമായും എത്യോപ്പിയ 25 ഗ്രാമങ്ങളിലുള്ള 7,202 നവഅഹ്മദികളുമായും ബന്ധം പുനഃസ്ഥാപിച്ചു. എത്യോപ്പിയായിൽ 35 തർബിയ്യത്ത് ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ബെനിൻ 51 ഗ്രാമങ്ങളിലെ 26,000 നവഅഹ്മദികളുമായും താൻസാനിയ 4,609 നവഅഹ്മദികളുമായും ലൈബേരിയ 3,009 നവഅഹ്മദികളുമായും മാലി 9 ഗ്രാമങ്ങളിൽനിന്നുള്ള 1500 നവഅഹ്മദികളുമായും ബന്ധം പുനഃസ്ഥാപിച്ചു. താൻസാനിയായുമായിട്ടുള്ള ബന്ധം തികച്ചും അറ്റുപോയിരുന്നു.

ബുർക്കിനാഫാസോയിലെ മുബല്ലിഗ് മുഹിബുല്ലാഹ് സാഹിബ് പറയുന്നു: "ഞാൻ മുഅല്ലിമുമൊത്ത് കായിയ എന്ന പട്ടണത്തിൽനിന്ന് 150 കിലോമീറ്റർ ദൂരെ വനപ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ പോയി. ഗ്രാമവാസികൾ ഞങ്ങളെ കണ്ട് തടിച്ചുകൂടി. നല്ല തബ്ലീഗിനുള്ള അവസരം കിട്ടിയല്ലോ എന്നോർത്ത് ഞങ്ങൾ സന്തോഷിച്ചു. പക്ഷേ, അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗാണെന്നും മഹ്ദി ഇമാമിന്റെ സന്ദേശവുമായിട്ടാണ് ഞങ്ങൾ വന്നിരിക്കുന്നതെന്നും പറഞ്ഞപ്പോൾ അവർ പറഞ്ഞു: ഇന്നേക്ക് 11 വർഷം മുമ്പേ മുറബ്ബി ത്വാരിഖ് മുഹമ്മദ് സാഹിബ് ഇവിടെ

വരികയും അദ്ദേഹം മുഖേന ജമാഅത്തിന്റെ സന്ദേശം സ്വീകരിക്കുകയും ചെയ്തവരാണ് ഞങ്ങൾ. നിങ്ങൾ ഇത്രയും കാലം എവിടെയായിരുന്നു?" ഇനിയെങ്കിലും ഞങ്ങളുമായിട്ടുള്ള ബന്ധം വിച്ഛേദിക്കരുതെന്ന് അവർ അവരോട് അപേക്ഷിച്ചു. അങ്ങനെ ഇവിടേയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുമായി ബന്ധപ്പെടാനും ജമാഅത്ത് സ്ഥാപിക്കാനും കഴിഞ്ഞു.

ഇത് അവരുടെ ഈമാന്റെ ശക്തിയാണ്. 11 വർഷംവരെ ഒരു മുബല്ലിഗും അവിടെ ചെല്ലാതിരുന്നിട്ടും അവർ തങ്ങൾ സ്വീകരിച്ച സന്ദേശത്തിൽ ഉറച്ചുനിന്നു.

## പള്ളികളുടെ നിർമ്മാണം ത്വരിതഗതിയിൽ

ഈ വർഷം ജമാഅത്തിന് 299 പുതിയ പള്ളികൾ ലഭിച്ചു. 169 പള്ളികൾ നാം നിർമ്മിച്ചതാണ്. ബാക്കി 130 പള്ളികൾ മുസ്‌ലിംകളോടൊപ്പം നമുക്ക് കിട്ടിയതാണ്.

ഇപ്രകാരംതന്നെ അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ പള്ളികൾ നിർമ്മിച്ചുവരുന്നു. പള്ളിനിർമ്മാണത്തിലേക്കുള്ള ജമാഅത്തിന്റെ ശ്രദ്ധ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. ഓരോ രാജ്യവും ഉത്സാഹത്തോടുകൂടി പള്ളിനിർമ്മാണം നടത്തിവരുന്നു. പള്ളിയുടെ നിർമ്മാണം ഈ നിലയിൽ മുന്നോട്ടുപോയാൽ ഇൻശാഅല്ലാഹുതആല ഇതുതന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം എത്താനുള്ള മാർഗ്ഗമായിത്തീരും.

ഇന്തോനേഷ്യയിലും ശക്തമായ എതിർപ്പുണ്ടായിട്ടും മൂന്ന് പള്ളികൾ നിർമ്മിക്കാനുള്ള സൗഭാഗ്യം അവർക്ക് കിട്ടി. ബംഗ്ലാദേശിൽ ആറു പള്ളികളുടെ നിർമ്മാണം പൂർത്തിയായി. മൗലവിമാർ ലാത്തിയുമായി അഹ്മദികളെ ആക്രമിക്കാൻ വരുന്നതും കല്ലെറിയുന്നതും പള്ളികളുടെ ചില്ലുകൾ തകർക്കുന്നതുമൊക്കെ എം.ടി.എ. സംപ്രേഷണം ചെയ്യുന്ന ഒരു ക്ലിപ്പിലൂടെ നിങ്ങൾ കാണാറുള്ളതാണ്. ഇതാണ് ബംഗ്ലാദേശിന്റെ അവസ്ഥ. പക്ഷേ, ഇങ്ങനെയൊക്കെയായിട്ടും അവിടുത്തെ ജമാഅത്തുകൾക്ക് അല്ലാഹു ഈമാനിൽ ശക്തി നല്കിയിരിക്കുന്നു. അവർ പള്ളികൾ നിർമ്മിച്ചുകൊണ്ടേപോകുന്നു.

നൈജീരിയായിലും ഈ വർഷം 28 പുതിയ പള്ളികൾ നിർമ്മിക്കാൻ കഴിഞ്ഞു. ഇപ്രകാരംതന്നെ സൗത്താഫ്രിക്കയുടെ അയൽരാജ്യമായ സ്വാസിലാന്റിലും ലസോതോയിലും പള്ളി പണിയാൻ ഭാഗ്യം ലഭിച്ചതിനെ സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

സിറാലിയൂണിൽ 24 പള്ളികളുടെ വർദ്ധനയാണ് ഈ വർഷം ഉണ്ടായത്. ഇങ്ങനെ പള്ളികളുടെ പട്ടിക വളരെ ദീർഘമാണ്.

## 'മിനാരം' ഭയപ്പെടുന്നവർ

മുബല്ലിഗ് ഇൻചാർജ് സദാഖത്തു സാഹിബ് എഴുതുന്നു: സ്വിറ്റ്സർലാന്റിൽ മിനാരം പണിയുന്നതിന്നെതിരിൽ വൻപ്രതിഷേധമാണ് നടക്കുന്നത്. യൂറോപ്പിൽ പൊതുവെ ജനങ്ങൾ പള്ളിയുടെ മിനാരത്തെ ഭയപ്പെടുന്നവരാണ്. രണ്ട് രാഷ്ട്രീയപാർട്ടികൾ പ്രത്യേകമായിട്ട് മിനാരം പണിയുന്നതിന്നെതിരെ രംഗത്തുണ്ട്. മാധ്യമരംഗത്തെ വിവിധ പ്രതിനിധികൾ സ്വന്തം നിലയിൽ ഇതുസംബന്ധമായി ഒരു സർവ്വേ നടത്തുകയുണ്ടായി. നമ്മുടെ പരിസരവാസികളോടും ചുറ്റുപാടുമുള്ള കടക്കാരോടും ബസ്സ്റ്റോപ്പിലുണ്ടായിരുന്നവരോടും തൊട്ടടുത്ത ക്രിസ്ത്യൻ പള്ളിക്കാരോടെല്ലാം അവർ വിവിധ ചോദ്യങ്ങൾ ചോദിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും ഐകകണ്ഠ്യേന പറഞ്ഞത് ഈ പള്ളിയോടോ ഇതിന്റെ മിനാരത്തോടോ തങ്ങൾക്ക് ഒരു വെറുപ്പുമില്ലെന്നും ഈ പള്ളിയിൽ വരുന്നവർ സമാധാനപ്രേമികളാണെന്നു മായിരുന്നു. കാരണം യഥാർത്ഥ ഇസ്‌ലാമിന്റെ ധ്വജവാഹകരാണവർ.

## ഒന്നിനു പകരം നാല്

നൈജീരിയായിലെ അക്ബർ അഹ്മദ് സാഹിബ് എഴുതുന്നു: ധൂപൂനാമി ഗ്രാമത്തിൽ ഒരു പള്ളിനിർമ്മാണം തുടങ്ങി. അതിന്റെ മെയിൻ വാർപ്പ് കഴിഞ്ഞിരുന്നു. അപ്പോൾ അവിടുത്തെ ഒരു മൗലവി തന്റെ സ്ഥലത്താണ് പള്ളി പണിയുന്നതെന്ന് പറഞ്ഞ് കോടതിയിൽ കേസ് കൊടുത്തു. അങ്ങനെ കോടതി പള്ളിനിർമ്മാണം സ്റ്റേ ചെയ്തു. ആ പള്ളിനിർമ്മാണം നിലച്ചുവെങ്കിലും പ്രസ്തുത പ്രദേശത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാല് പള്ളികൾ പണിയാൻ നമുക്ക് സൗഭാഗ്യം കിട്ടി. ഇതിന്റെ മൊത്തം സ്ഥലം 47,000 ചതുരശ്ര മീറ്ററിൽ കൂടുതലാണ്.

## മിഷൻ ഹൗസുകളിലും വർദ്ധന

മിഷൻ ഹൗസുകളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. 186 മിഷൻഹൗസുകളാണ് ഈ വർഷം വർദ്ധിച്ചത്. കഴിഞ്ഞ വർഷത്തെ ഉൾപ്പെടുത്തിപ്പറഞ്ഞാൽ 97 രാജ്യങ്ങളിൽ മിഷൻഹൗസുകളുടെ മൊത്തം എണ്ണം 1869 ആയിക്കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ജമാഅത്തുകളാണ് ഇതിൽ മുൻപന്തിയിൽ നില്ക്കുന്നത്. അവിടെ 82 തബ്‌ലീഗ് കേന്ദ്രങ്ങൾ ഈ വർഷം വർദ്ധിച്ചു. ഇവിടുത്തെ മൊത്തം തബ്‌ലീഗ് കേന്ദ്രങ്ങൾ 504 ആയിക്കഴിഞ്ഞു. (*തുടരും*) ●

***വിവ:***
***മുഹമ്മദ് ഇസ്മായീൽ. എച്ച്.എ.***

## തിരുമേനിയുടെ ലജ്ജാശീലം

മറയിലിരിക്കുന്ന കന്യകയേക്കാളും ലജ്ജാശീലമുള്ള ആളായിരുന്നു തിരുമേനി(സ)

***(ബുഖാരി)***

ലേഖനം

# ആരാണ് മോക്ഷാർഹർ?

മുഹമ്മദ് ഉമർ എച്ച്. എ. കോഴിക്കോട്

## *മോക്ഷമാർഗ്ഗത്തിന്നുള്ള ഉപാധികളിൽ പ്രവാചകന്മാരിലുള്ള വിശ്വാസവും ഉൾപ്പെടുന്നു*

ഇസ്‌ലാം സ്ഥലകാലങ്ങൾക്കതീതമായ പരിപൂർണ്ണ തത്ത്വസംഹിത ലോകത്തിന്റെ മുമ്പാകെ വെക്കുന്നു. ആ പരിശുദ്ധ മതം പ്രബോധിക്കുന്ന വിശുദ്ധ ഖുർആനിൽ എല്ലാ മതങ്ങളുടെയും അടിസ്ഥാന സിദ്ധാന്തങ്ങൾ അടങ്ങിയിരിക്കുന്നു. അതായത് **ഫീഹാ കുതുബുൻ ഖയ്യിമ** (98:3) അതിൽ എന്നെന്നും നിലനിൽക്കുന്ന മൂല്യവത്തായ സിദ്ധാന്തങ്ങൾ അടങ്ങിയിരിക്കുന്നു. അത് ശാശ്വതമായ സത്യങ്ങൾ ഉൾക്കൊള്ളുന്ന മതമാണ്. അതിനെ നിഷേധിക്കുന്നവർ എല്ലാ മതങ്ങളുടെയും അടിസ്ഥാനപരമായ തത്ത്വങ്ങളേയും സിദ്ധാന്തങ്ങളേയുമാണ് നിഷേധിക്കുന്നത്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നത്. ***"ആരെങ്കിലും ഇസ്‌ലാം അല്ലാതെ മറ്റു വല്ല മതവും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് അയാളിൽ നിന്നു ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്ത് അയാൾ നഷ്ടമനുഭവിക്കുന്നവരിൽപ്പെട്ട ആളായിരിക്കും."*** (3:86)

മാത്രമല്ല ***"ഇന്നദ്ദീന ഇൻദല്ലാഹിൽ ഇസ്‌ലാം" അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്‌ലാം ആണെന്ന്*** (3:20) വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

എന്നാൽ വിശുദ്ധഖുർആനിലെ സൂറ: ബഖറയിലെ 63-ാം ആയത്തും സൂറ: മായിദയിലെ 70-ാം ആയത്തും ചിലർക്ക് സംശയത്തിനും ആശങ്കക്കുമുള്ള നിമിത്തമായി ത്തീർന്നിരിക്കുന്നു.

അതായത് അല്ലാഹു അരുൾ ചെയ്യുന്നു: ***വിശ്വസിച്ച (മുസ്‌ലിംകളോ) വരും യഹൂദികളും ക്രിസ്ത്യാനികളും സാബികളും ആയവരിൽ ആർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നുവോ അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു വിധ ഭയമോ ദു:ഖമോ ഉണ്ടാകുന്നതല്ല. (2:63)***

രണ്ടാമത്തെ ആയത്തിതാണ്:

***വിശ്വസിച്ചവരും (മുസ്‌ലിംകളും) യഹൂദികളിലും സാബികളിലും ക്രിസ്ത്യാനികളിലും പെട്ടവരിൽ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നവർക്ക് യാതൊരു ഭയവും ദു:ഖവും ഉണ്ടാകുന്നതല്ല. (5:70)***

ഇവിടെ രണ്ടു ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നു.

**ഒന്നാമത്തെ ചോദ്യം:** അല്ലാഹുവിലും അന്ത്യനാളിലും ഉള്ള വിശ്വാസവും സൽക്കർമ്മങ്ങളും മാത്രം മനുഷ്യന്റെ മോക്ഷപ്രാപ്തിക്കു മതിയാകുമോ? പ്രവാചകന്മാരിലും വേദഗ്രന്ഥങ്ങളിലും അതുപോലെ ഇതര വിശ്വാസ (ഈമാൻ) കാര്യങ്ങളിലും വിശ്വസിക്കേണ്ട ആവശ്യമില്ലേ?

**രണ്ടാമത്തെ ചോദ്യം:** അല്ലാഹുവിലും അന്ത്യനാളിലും മാത്രം വിശ്വസിക്കുകയും പ്രവാചകന്മാരിലും വേദഗ്രന്ഥങ്ങളിലും മലക്കുകളിലും വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന യഹൂദികളും ക്രിസ്ത്യാനികളും ഇതര മതസ്ഥരും ആയവരിൽ സദ്വൃത്തരും പരിശുദ്ധ ജീവിതം നയിക്കുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗം കിട്ടുമോ? അവർ മോക്ഷപ്രാപ്തിക്കർഹരാണോ?

### ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നതോടൊപ്പം വിശുദ്ധഖുർആനിലും ഹദ്റത്ത് മുഹമ്മദു മുസ്തഫാ (സ.അ) തിരുമേനിയിലും ഇതര പ്രവാചകന്മാരിലും മറ്റു ഈമാൻ കാര്യങ്ങളിലും വിശ്വസിക്കേണ്ടതും മോക്ഷപ്രാപ്തിക്കും സ്വർഗ്ഗ പ്രവേശനത്തിനും അനിവാര്യമാണെന്നു വിശുദ്ധഖുർആനിലെ ധാരാളം ആയത്തുകൾ വ്യക്തമാക്കുന്നു.

അല്ലാഹുവിൽ വിശ്വസിക്കുക എന്നാൽത്തന്നെ അവന്റെ എല്ലാ കല്പനകളെയും വിശ്വസിക്കുകയും അവയനുസരിച്ച് ജീവിതം നയിക്കുകയും ചെയ്യുക എന്നതാണ്.

ഇതുസംബന്ധിച്ച് ഈ കാലത്ത് നീതിന്യായ വിധി

കർത്താവായി (ഹകമൻ അദലൻ ആയി) അവതീർണ്ണരായ ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ) അരുൾ ചെയ്യുന്നു:

"വിശുദ്ധ ഖുർആനിലുള്ള പ്രസ്തുത ആയത്തുകളുടെ ഉദ്ദേശ്യം, ഹദ്റത്ത് റസൂൽ തിരുമേനി (സ) യിൽ അന്ത്യനാളിലും വിശ്വസിക്കാതെ കണ്ടു മോക്ഷം ലഭിക്കുന്നതല്ല എന്നാണ്. അല്ലാഹുവിലുള്ള തികവുറ്റ വിശ്വാസം അവന്റെ ദൂതന്മാരിൽ വിശ്വസിച്ചാൽ മാത്രമെ ലഭ്യമാവുകയുള്ളൂ. കാരണം അവർ അവന്റെ സിഫത്തുകളുടെ ബഹിർ പ്രകടനങ്ങളാണ്. ഏതെങ്കിലും ഒരു വസ്തുവിന്റെ അസ്തിത്വം അതിന്റെ സിഫത്തുകൾ മൂലമല്ലാതെ സ്ഥാപിതമാകുന്നില്ല. അതുകൊണ്ടു അല്ലാഹുവിന്റെ സിഫത്തുകളെക്കുറിച്ചുള്ള പരിപൂർണ്ണമായ അറിവില്ലാതെ കണ്ടു അവനെക്കുറിച്ചുളള പരിജ്ഞാനം അപൂർണ്ണമായതായിരിക്കും. ഉദാഹരണമായി അല്ലാഹു സംസാരിക്കുകയും കേൾക്കുകയും അദൃശ്യമായ കാര്യങ്ങൾ അറിയുകയും ചെയ്യുന്നവനും, കാരുണ്യം ചെയ്യുകയോ ശിക്ഷ നൽകുകയോ ചെയ്യുവാനുള്ള ശക്തിയുള്ളവനും ആണെന്നു (അവന്റെ സിഫത്തുകൾ) അവന്റെ ദൂതൻ മുഖേന മാത്രമേ അറിയുവാൻ സാധിക്കുകയുള്ളൂ. ഈ സിഫത്തുകൾ ബഹിർപ്രകടനം മൂലം സ്ഥാപിതമാകുന്നില്ലെങ്കിൽ അവന്റെ അസ്തിത്വം തന്നെ സ്ഥാപിതമാകുന്നില്ല. ഈ സ്ഥിതിയിൽ അവനിൽ വിശ്വസിക്കുന്നു എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരാൾ അവന്റെ സിഫത്തുകളിലും വിശ്വസിക്കേണ്ടതുണ്ട്. ഈ വിശ്വാസം അയാളെ നബിമാരിൽ വിശ്വസിക്കുന്നതിന് നിർബ്ബന്ധിക്കുന്നു.

(ഹഖീഖത്തുൽ വഹ്‌യ് പേജ് 173, 174) വീണ്ടും അരുൾ ചെയ്യുന്നു:

ഓർക്കുക, ഒന്നാമതായി ഹദ്റത്ത് റസൂൽ തിരുമേനി (സ) യെ അനുഗമിക്കാതെ കണ്ട് തൗഹീദു പരിപൂർണ്ണമായ നിലയിൽ കരസ്ഥമാകുന്നതല്ല. ഞാനിപ്പോൾ പറഞ്ഞതുപോലെ അല്ലാഹുവിന്റെ സിഫത്തുകൾ അവന്റെ അസ്തിത്വത്തിൽ നിന്നു വേറിട്ടു നില്ക്കുന്നില്ല. നുബുവ്വത്താകുന്ന ദിവ്യ വെളിപാടെന്ന ദർപ്പണം മുഖേനയല്ലാതെ അത് പ്രകടമാകുന്നില്ല. ആ ദൈവിക സിഫത്തുകൾ പ്രത്യക്ഷമായി കാണിക്കുന്ന ആൾ പ്രവാചകൻ മാത്രമാകുന്നു. (ഹഖീഖത്തുൽ വഹ്‌യ് 178)

ചുരുക്കത്തിൽ അല്ലാഹുവിന്റെ തൌഹൗദീൽ വിശ്വസിക്കുന്നുവെന്നു വാദിക്കുന്ന ഒരാൾ അവന്റെ സിഫത്തുകളുടെ പ്രതീകങ്ങളായ പ്രവാചകന്മാരിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണ്.

മനുഷ്യന്റെ മോക്ഷ പ്രാപ്തിക്ക് പ്രവാചകന്മാരുടെ അനുധാവനം അത്യാവശ്യമാണെന്ന് തെളിയിക്കുന്ന ധാരാളം ദിവ്യവചനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. അവയിൽ ചിലത് മാത്രം ഇവിടെ ഉദ്ധരിക്കാം.

***1. "അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിനുവേണ്ടിയല്ലാതെ ഒരു ദൂതനെയും നാം അയച്ചിട്ടില്ല." (4:65)***

അതായത് ജനങ്ങളാൽ അനുസരിക്കപ്പെടുന്നതിനു വേണ്ടിയാണ് പ്രവാചകന്മാർ അവതരിക്കുന്നത്. അവരെ അനുസരിക്കാതെയും അവരുടെ അദ്ധ്യാപനങ്ങളനുസരിച്ചു പ്രവർത്തിക്കാതെയും ഒരിക്കലും മോക്ഷം ലഭിക്കുന്നതല്ല.

***2. വിശ്വസിച്ചവരേ, അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവൻ ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും മുമ്പ് അവനു ഇറക്കിക്കഴിഞ്ഞ ഗ്രന്ഥത്തിലും വിശ്വസിക്കുക. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യ നാളിലും ആരാണ് അവിശ്വസിക്കുന്നത് അവൻ തീർച്ചയായും വളരെ വിദൂരസ്ഥമായ വഴികേടിലാണ്. (4:137)***

അല്ലാഹുവിലും തിരുദൂതരിലും അദ്ദേഹത്തിൽ ഇറക്കപ്പെട്ട വേദഗ്രന്ഥത്തിലും അദ്ദേഹത്തിനു മുമ്പ് ഇറക്കപ്പെട്ട വേദഗ്രന്ഥത്തിലും വിശ്വസിച്ചാൽ മാത്രമേ മോക്ഷം ലഭിക്കുകയുള്ളൂവെന്നും ദൈവത്തിന്റെ മലക്കുകളിലും അവന്റെ പ്രവാചകന്മാരിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുന്നത് വഴി കേടാണെന്നും, വഴികേടിലുള്ള ആൾക്ക് മോക്ഷം അപ്രാപ്യമാണെന്നും ഇവിടെ വ്യക്തമാണ്.

***3. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും അല്ലാഹുവിന്നും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കല്പിക്കുന്നതിന് ഉദ്ദേശിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു, ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു എന്നു പറയുകയും അതിനു മദ്ധ്യേ മറ്റൊരു മാർഗ്ഗം സ്വീകരിക്കുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് യഥാർത്ഥ അവിശ്വാസികൾ. അവിശ്വാസികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്. (4:151, 152)***

***4. ജനങ്ങളേ, ഈ ദൈവദൂതൻ നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യവുമായി നിങ്ങളുടെ അടുക്കെ വന്നിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ വിശ്വസിക്കുക. അതു നിങ്ങൾക്കു ഗുണകരമായിരിക്കും. എന്നാൽ നിങ്ങൾ അവിശ്വസിക്കുന്നപക്ഷം (ഓർക്കുക) തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലുമുള്ളതൊക്കെയും അല്ലാഹുവിന്നുള്ളതാകുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിജ്ഞനും ആകുന്നു. (4:171)***

***5. "പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക, എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം പൊറുത്തുതരുന്നവനും കരുണാമയനുമാകുന്നു. പറയുക, നിങ്ങൾ അല്ലാഹുവിനെയും ഈ ദൂതനെയും അനുസരിക്കുക. ഇനി അവർ പിന്തിരിഞ്ഞു കളയുന്നപക്ഷം അല്ലാഹു അവിശ്വാസികളെ സ്നേഹിക്കുന്നില്ല. (3:32, 33)***

അതായത് അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്ന ഒരാൾക്ക് അല്ലാഹുവിനാൽ നിയുക്തനായ നബി തിരുമേനി (സ) യെ അനുഗമിക്കാതെ നിവൃത്തിയില്ല. അതെ, ദൈവസ്നേഹം ലഭിക്കുന്നതിനു റസൂൽ തിരുമേനിയെ സ്നേഹിക്കേണ്ടത് അത്യാവശ്യമാണ്.

***6- "അല്ലാഹു പ്രവാചകന്മാരോടു കരാർ വാങ്ങിയ അവസരം ഓർക്കുക. (അതായത്) ഞാൻ നിങ്ങൾക്കു വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ടു പിന്നെ നിങ്ങളുടെ പക്കലുള്ളതിനെ (അദ്ധ്യാപനത്തെ) സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കെ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ് (എന്നുപറഞ്ഞുകൊണ്ട്) അവൻ ചോദിച്ചു. "നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ (ഈ ബാദ്ധ്യതയെ) ഏറ്റെടുക്കുകയും ചെയ്തുവോ?" അവർ പറഞ്ഞു. (അതെ), ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അല്ലാഹു പറഞ്ഞു. നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ. നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽ പെട്ടവനാകുന്നു. (3:82)***

ഇവിടെ പ്രവാചകന്മാരോടു വാങ്ങിയ കരാർ എന്നത് കൊണ്ടു പ്രവാചകന്മാർ തങ്ങളുടെ സമുദായങ്ങളോടു വാങ്ങിയ കരാർ എന്നാണ് വിവക്ഷിതം. അതായത് ഒരു പ്രവാചകന്റെ സമുദായത്തിന്റെ പക്കലുള്ള ന്യായ പ്രമാണത്തെ സാക്ഷീകരിക്കുകയും സാത്വീകരിക്കുകയും ചെയ്യുന്നതിനായി വല്ല പ്രവാചകനും വരികയാണെങ്കിൽ ആ പ്രവാചകനെ സ്വീകരിക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ആ സമുദായത്തിന്റെ ബാധ്യതയാണ്.

ഇതുപോലുള്ള കരാർ ഹദ്റത്ത് റസൂൽ തിരുമേനിയോടും അല്ലാഹു വാങ്ങിയിട്ടുണ്ടെന്ന് വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

അതായത് മോക്ഷ പ്രാപ്തിക്കായി പ്രവാചകന്മാരിലുള്ള വിശ്വാസം അത്യാന്താപേക്ഷിതമാണെന്നിവിടെ പ്രസ്താവിക്കുന്നു.

7- അല്ലാഹുവിശുദ്ധഖുർആനിൽ നരകശിക്ഷയെക്കുറിച്ച് വിവരിച്ചുകൊണ്ടു അരുൾ ചെയ്യുന്നു:

***"അതിന്റെ ഓരോ സംഘമാളുകൾ തള്ളിവിടപ്പെടുമ്പോഴും അതിന്റെ കാവൽക്കാർ അവരോടു ചോദിക്കും. " നിങ്ങൾക്ക് ഒരു ദൈവിക മുന്നറിയിപ്പുകാരൻ (പ്രവാചകൻ) വന്നിരുന്നില്ലേ? അവർ പറയും. "അതെ, തീർച്ചയായും, ഞങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ (പ്രവാചകൻ) വന്നിരുന്നു. അപ്പോൾ (അദ്ദേഹത്തെ) ഞങ്ങൾ നിഷേധിച്ചുതള്ളിക്കളഞ്ഞു. ഞങ്ങൾ പ്രവാചകനോടും അനുയായികളോടും പറഞ്ഞു. "അല്ലാഹു ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നിങ്ങൾ ഭീമമായ മാർഗ്ഗ ഭ്രംശത്തിൽ തന്നെയാണ്." അവർ (നരകവാസികൾ) പറയും. "ഞങ്ങൾ (പ്രവാചകന്റെ സന്ദേശം) കേൾക്കുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ഈ ജ്വലിക്കുന്ന തീയിൽ എരിയുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല." അങ്ങനെ അവർ തങ്ങളുടെ കുറ്റം സമ്മതിക്കും. അപ്പോൾ നരകവാസികൾക്കു ശാപം (എന്നു പറയപ്പെടും)." 67: 9-12)***

അതായത് പ്രവാചക നിഷേധത്തിന്റെ ഫലം നരക ശിക്ഷയാണെന്നിവിടെ പ്രസ്താവിക്കുന്നു.

മേൽ പ്രതിപാദിക്കപ്പെട്ട ആയത്തുകളിൽ നിന്ന് മോക്ഷപ്രാപ്തിക്ക് അല്ലാഹുവിന്റെ തൗഹീദിലും അന്ത്യദിനത്തിലും മാത്രമല്ല, അവനാൽ നിയുക്തരായ എല്ലാ പ്രവാചകന്മാരിലും വേദഗ്രന്ഥങ്ങളിലും മലക്കുകളിലും വിശ്വസിക്കേണ്ടത് നിർബ്ബന്ധമാണെന്ന് മനസ്സിലാവുന്നു.

ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) അരുൾ ചെയ്യുന്നു.

***"മൻ ആമനുബില്ലാഹി'*** എന്നാണ് ഉപര്യുക്ത (2:63, 5:70) ആയത്തുകളിൽ പ്രസ്താവിച്ചിട്ടുള്ളത്. അല്ലാഹു എന്നാൽ എല്ലാ പരിപൂർണ്ണ ഗുണങ്ങളും സമന്വയിക്കപ്പെട്ട സത്ത എന്നാണു വിവക്ഷിതം. അവന്റെ ഏറ്റവും മഹത്വമേറിയ സിഫത്ത് അവൻ വിശുദ്ധ ഖുർആൻ ഇറക്കി എന്നുള്ളതാണ്. ഈ സ്ഥിതിയിൽ ഏതൊരാൾ അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് പറയുന്നുവോ അയാൾ ഹദ്റത്ത് മുഹമ്മദു നബിയിലും വിശുദ്ധഖുർആനിലും വിശ്വസിച്ചിരിക്കണം.

അപ്പോൾ പ്രസ്തുത ആയത്തിൽ വന്ന 'ഇന്നല്ലദീന ആമനു' എന്നതിന്റെ വിവക്ഷിതമെന്താണ് എന്ന ചോദ്യത്തിന്ന് ഒരാൾ താൻ അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്നു പറയുകയാണെങ്കിൽ ഏത് വരെ അയാൾ അല്ലാഹുവിനാൽ നിയുക്തരായ ഹദ്റത്ത് റസൂൽ കരിമി(സ) ൽ വിശ്വസിക്കുന്നില്ലയോ അതുവരെ അയാളുടെ ഈമാൻ വിശ്വസനീയവും പരിപൂർണ്ണവും ആകുന്നില്ല എന്നാണു മറുപടി. വിശുദ്ധഖുർആനിൽ ഒരു വൈരുദ്ധ്യവും ഇല്ല എന്ന കാര്യം ഓർക്കേണ്ടതാണ്. നൂറുകണക്കിലുള്ള ആയത്തുകളിൽ തൗഹീദിൽ ഉള്ള വിശ്വാസം മാത്രം മതിയാകുന്നതല്ലെന്നും മറിച്ചു അവന്റെ പ്രവാചകനിലും വിശ്വസിക്കേണ്ടത് മോക്ഷപ്രാപ്തിക്കനിവാര്യമാണ് എന്നു വന്ന സ്ഥിതിയിൽ - ആരെങ്കിലും ഈ നബിയെക്കുറിച്ചു ഒന്നും അറിയാത്ത സ്ഥിതിയൊഴിച്ചു - ഏതെങ്കിലും ഒരായത്തിൽ തൗഹീദിലുള്ള വിശ്വാസം മാത്രം മതി എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? പ്രസ്തുത ആയത്തിൽ തൗഹീദിലുള്ള വിശ്വാസത്തെക്കുറിച്ച് ഒന്നും പറയുന്നുമില്ല. ഇവിടെ തൗഹീദ് മാത്രമാണു ഉദ്ദേശ്യമില്ലെങ്കിൽ മൻ ആമനബിത്തൗഹീദി എന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ, ഈ ആയത്തിൽ 'മൻ ആമനബില്ലാഹി' എന്നാണ് വന്നിരിക്കുന്നത് (ഹഖീഖത്തുൽ വഹ്‌യ് 146)

ചുരുക്കത്തിൽ മോക്ഷ പ്രാപ്തിക്ക് അല്ലാഹുവിലും അന്ത്യദിനത്തിലും ഉള്ള വിശ്വാസം മാത്രം പോരാ. അല്ലാഹുവിന്റെ എല്ലാ സിഫത്തുകളിലും അവന്റെ കല്പനകളിലും വിശ്വസിക്കുകയും കർമ്മ നിരതരാവുകയും വേണ

മെന്നും, അവന്റെ പ്രവാചകന്മാരിലും വേദഗ്രന്ഥങ്ങളിലും മലക്കുകളിലും കൂടി വിശ്വസിക്കേണ്ടതാവശ്യമാണെന്നും ഗ്രാഹ്യമാണ്. അപ്രകാരമില്ലെങ്കിൽ ആ മൻതുബില്ലാഹി വമലായിക്കത്തിഹി.... എന്നു തുടങ്ങുന്ന ഈമാൻ കാര്യങ്ങളെക്കുറിച്ചുള്ള പ്രകടനം അർത്ഥശൂന്യമായിത്തീരുന്നതാണ്.

രണ്ടാമത്തെ ചോദ്യത്തിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ തന്റെ മജ്‌ലിസെ ഇർഫാൻ എന്ന ചോദ്യോത്തര സദസ്സിൽ വിശദീകരണം നൽകിയിരിക്കുന്നു. അതിന്റെ സംക്ഷിപ്തം ഇവിടെ നൽകുകയാണ്. അതായത് തങ്ങൾ സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരും പരിശുദ്ധ ജീവിതം നയിക്കുന്നവരുമാണെന്ന് കരുതുകയും വാദിക്കുകയും ചെയ്യുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു:

***"നിങ്ങൾ നിങ്ങളെ പരിശുദ്ധരായി ഗണിക്കരുത്. ഭയഭക്തിയും സൂക്ഷ്മതയും പാലിക്കുന്നവർ ആരാണെന്ന് അവൻ (അല്ലാഹു) നന്നായറിയുന്നു." (53:54)***

അതായത് ആർക്കും തന്നെ തങ്ങളെക്കുറിച്ചു പരിശുദ്ധന്മാരാണെന്ന് സങ്കല്പിക്കുവാനും വാദിക്കുവാനും സാദ്ധ്യമല്ല. ആരാണു മുത്തഖി, എന്നറിയുന്നവൻ അല്ലാഹു മാത്രമാണ്. അപ്പോൾ മനുഷ്യന് തന്റെ അവസ്ഥയെക്കുറിച്ചു തന്നെ അറിയാത്ത സ്ഥിതിയിൽ ക്രിസ്ത്യാനികളും ഇതര മതസ്ഥരുമായവരെക്കുറിച്ച് സ്വർഗ്ഗത്തിന്നവകാശികളായ പരിശുദ്ധാത്മാക്കളാണെന്ന് എങ്ങനെ പറയുവാൻ സാധിക്കും? വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം ഒരു ന്യൂനതയും ഇല്ലാത്ത പരിപൂർണ്ണമായതാണ്. ഇവിടെ റസൂൽ തിരുമേനിയിൽ വിശ്വസിക്കുന്നതിനെക്കുറിച്ച് ആയത്ത് ആരംഭിക്കുന്നു. അതിനുശേഷം അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കേണ്ടതിനെക്കുറിച്ച് ഊന്നിപ്പറയുന്നു. സത്യമായ രീതിയിൽ ആത്മാർത്ഥമായി വിശ്വസിക്കേണ്ടതിനെക്കുറിച്ച് ഊന്നിപ്പറയുന്നു. സത്യമായ രീതിയിൽ ആത്മാർത്ഥമായി വിശ്വസിക്കുന്നവർക്ക് സല്ക്കർമ്മം ചെയ്യാതെ നിവൃത്തിയില്ല. സൽക്കർമ്മങ്ങളിൽ സുപ്രധാനമായത് അല്ലാഹുവിൽ നിന്നുള്ള സന്ദേശം എപ്പോൾ വരികയാണെങ്കിലും അതിനെ സ്വീകരിക്കുക എന്നതാണ്. ഖുർആൻ കരീമിൽ 'അമലെ സ്വാലിഹ'യെക്കുറിച്ച് പ്രതിപാദിച്ച സ്ഥലങ്ങളിലെല്ലാം തന്നെ അതിനെ ഈമാനുമായി ബന്ധപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്. ദൈവികശബ്ദം കേൾക്കുകയും എന്നാൽ, അതു സ്വീകരിക്കാതെ നിഷേധിക്കുകയും ചെയ്യുന്ന വ്യക്തി വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരിൽപെടുന്നില്ല. വളരെ സൂക്ഷ്മമായ വിഷയമാണിത്. പ്രസ്തുത ആയത്തിന്റെ ബാഹ്യാർത്ഥം മാത്രം നോക്കുകയാണെങ്കിൽ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ മതം ഇസ്‌ലാം ആണെന്നും (3:20) ഇസ്‌ലാം അല്ലാതെ മറ്റു വല്ല മതവും സ്വീകരിക്കാനുദ്ദേശിക്കുന്ന ആൾ ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല (3:86) എന്നുമുള്ള ആയത്തുകളുമായി ഏറ്റുമുട്ടുന്നതായിരിക്കും.

അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആർ തന്റെ കഴിവിനും തൗഫീഖിനും അനുസരിച്ച് അല്ലാഹുവിൽ നിന്നുള്ള സത്യം മനസ്സിലാക്കുകയും അതു സ്വീകരിക്കുകയും ചെയ്യുന്നുവോ ആ ആളെ അല്ലാഹു എങ്ങനെയാണ് ശിക്ഷിക്കുക? അതാണിവിടെ അല്ലാഹു അരുൾ ചെയ്യുന്നത്. അതായത് ***അല്ലാഹു ആർക്കും അയാളുടെ കഴിവിന്നതീതമായി ഭാരം നൽകുകയോ ശിക്ഷിക്കുകയോ*** ചെയ്യുന്നതല്ല. (സൂറ : ബഖറ) അതേപ്രകാരം തനിക്കുള്ള കഴിവിന്നകത്ത് നിന്നുകൊണ്ട് സൽക്കർമ്മം ചെയ്യുന്ന ആൾ ശിക്ഷിക്കപ്പെടുന്നതല്ല. എന്നാൽ, അല്ലാഹുവിൽ സത്യഹൃദയത്തോടു കൂടി വിശ്വസിക്കുകയും അന്ത്യനാളിനെക്കുറിച്ചു - കണക്കു ബോധിപ്പിക്കപ്പെടുന്ന നാളിനെക്കുറിച്ചുള്ള വിശ്വാസം ഉണ്ടായിരിക്കുകയും വേണ്ടതാണ്. താൻ ചെയ്യുന്ന കർമ്മങ്ങളെക്കുറിച്ചു ചോദിക്കപ്പെടും എന്ന ഉറച്ച വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്.

ചുരുക്കത്തിൽ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് ഒരിക്കലും ദുഷ്ക്കർമ്മം ചെയ്യുവാൻ സാധിക്കുന്നതല്ല. ആ ആൾ വല്ല തെറ്റുകുറ്റവും ചെയ്യുന്നെങ്കിൽത്തന്നെ തന്റെ തെറ്റു ഏറ്റു പറയുകയും അതിനുശേഷം തൗബയും ഇസ്തിഗ്ഫാറും ചെയ്യുകയും ചെയ്യുന്നു. അവരെക്കുറിച്ചാണ് അല്ലാഹു അവർക്ക് ഒരു വിധത്തിലുള്ള ഭയമോ ദുഃഖമോ ഉണ്ടാകുന്നതല്ല എന്നു പ്രസ്താവിച്ചിട്ടുള്ളത്.

ഇവിടെ അല്ലാഹുവിലുള്ള വിശ്വാസം എന്നതുകൊണ്ട് അവന്റെ സത്തയിൽ മാത്രമല്ല അവന്റെ എല്ലാ സിഫത്തുകളിലും വിശ്വസിക്കുക എന്നാണുദ്ദേശ്യം. ●

---

*(6-ാം പേജിൽ നിന്ന് തുടർച്ച)*

പ്രയോജനമാണ് നമുക്ക് എടുക്കാൻ സാധിക്കുക? ഇങ്ങനെയുള്ള മരിച്ച ദൈവത്തിൽ നിന്ന് എന്ത് അനുഗ്രഹമാണ് നമുക്ക് കിട്ടുക?

***(ചശ്മയെ മസീഹ് - റൂഹാനി ഖസായിൻ വാല്യം 20 പേ: 352-353)***

സ്വാശ്രയനും സൃഷ്ടികളെയും, അവയുടെ ആരാധനകളെയും ആവശ്യമില്ലാത്തതുമായ ദൈവം നമ്മെ തൃപ്തിപ്പെടുകയും, ആന്തരികമായ എല്ലാ മലിനതകളെയും തുടച്ചുനീക്കിക്കൊണ്ട്, നമ്മുടെ ഹൃദയാങ്കണം ദൃഢവിശ്വാസവും, ദൈവികജ്ഞാനവും കൊണ്ട് നിറയത്തക്കവിധത്തിലുള്ള അവന്റെ അനുഗ്രഹങ്ങൾ ഇറങ്ങുകയും ചെയ്യുക എന്നതാണ് ഏതെങ്കിലും മതം സ്വീകരിക്കുന്നതുകൊണ്ടുള്ള യഥാർത്ഥ ഉദ്ദേശ്യം. എന്നാൽ, ഇത് സ്വന്തം ചിന്തയിലൂടെയുള്ള പ്രയോഗതന്ത്രങ്ങളാൽ ഉണ്ടാക്കിയെടുക്കുക എന്നത് ഒരു മനുഷ്യന് സാധ്യമല്ല. അതിനാൽ മഹത്വമുടയവനായ അല്ലാഹു മുഖ്യമായും അവന്റെ സത്തയെയും അവന്റെ സ്രഷ്ടി

*(ശേഷം 19-ാം പേജിൽ)*

ലേഖനം

# ഭാഷയുടേയും സംസ്കാരത്തിന്റേയും ഉത്ഭവം

ഏ.എം. മുഹമ്മദ് സലീം

**മനുഷ്യഭാഷ ശാസ്ത്രത്തിനു മുമ്പിൽ കുരുക്കഴിക്കാൻ കഴിയാത്ത ഒരു നിഗൂഢ പ്രതിഭാസമായി നിൽക്കുന്നു. ദൈവമാണ് മനുഷ്യന് ഭാഷണസിദ്ധിയും ഭാഷയും നൽകിയത്**

***നി**രുപാധികം കരുണ ചെയ്യുന്ന ദൈവം (അർ റഹ്മാൻ) അവൻ ഖുർആൻ പഠിപ്പിച്ചു. സാമൂഹിക ജീവിയായ മനുഷ്യനെ (ഇൻസാൻ) സൃഷ്ടിക്കുകയും അവന് ഭാഷണ സിദ്ധിയോടുകൂടി ആശയ പ്രകടനരീതി (ബയാൻ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു (വി. ഖുർആൻ, സൂറ: റഹ്മാൻ 55:2-4).*

മനുഷ്യന് ഉന്നതമായ ലക്ഷ്യങ്ങൾ പ്രാപിക്കാൻ ദൈവം അവന്റെ അപാരമായ അനുഗ്രഹസമ്പത്തിൽ നിന്നും ധാരാളം വരങ്ങൾ ദാനം ചെയ്തിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് മനുഷ്യന്റെ ഭാഷണസിദ്ധിയും മനുഷ്യന്റെ ഭാഷയും. ദൈവം മനുഷ്യന്റെ ആത്മാവിലും ശരീരത്തിലും ജനിതകപരമായി സന്നിവേശിപ്പിച്ച അത്ഭുതസിദ്ധിയാണ് മനുഷ്യന്റെ ഭാഷണശേഷി. മനുഷ്യന്റെ ജൈവിക പ്രകൃതിക്ക് യോജിച്ച അവികലമായ ഒരു ഭാഷയും ദൈവം അവന് നൽകി അനുഗ്രഹിച്ചു. അതാണ് അറബിഭാഷ. ആ പ്രഥമ ഭാഷ ദൈവം മനുഷ്യനെ അഭ്യസിപ്പിക്കുകയും ചെയ്തുവെന്നാണ് ഖുർആൻ പറയുന്നത്. ഭാഷയുടെ ദൈവികോദ്ഭവത്തെക്കുറിച്ചും ദൈവജന്യമായ അറബിഭാഷയുടെ സവിശേഷതകളെക്കുറിച്ചും വളരെ യുക്തിസഹമായി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) തന്റെ 'മിനനുറഹ്മാൻ (കരുണാവാരിധിയുടെ അനുഗ്രഹദാനങ്ങൾ) എന്ന വിഖ്യാതമായ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. മനുഷ്യന്റെ ദൈവദത്തമായ ഭാഷണശേഷിയെപ്പറ്റിയും ഭാഷകളുടെ മാതാവായ 'അറബി'യെ സംബന്ധിച്ചുമുള്ള അവകാശവാദങ്ങൾ കേവലം വൈകാരികമോ മതപക്ഷപാതിത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതോ ആയ ഒരു അവകാശവാദമല്ല. ഇന്നും ശൈശവദശ പിന്നിട്ടിട്ടില്ലാത്ത ഭാഷാവിജ്ഞാനീയത്തിനു (Philology) മുമ്പിൽ ഹദ്റത്ത് അഹ്മദ് (അ) സമർപ്പിച്ച ശാസ്ത്രമാനങ്ങളുള്ള അത്യുജ്ജ്വലമായ ഒരു പ്രമേയമാണ് ഈ ഗ്രന്ഥം. സംസ്കൃതം, ഹീബ്രു, ലാറ്റിൻ ഇംഗ്ലീഷ് മുതലായ ഭാഷകളിലെ 'ആയിരക്കണക്കിന് പദങ്ങളെപ്പറ്റി പഠിച്ചു തയ്യാറാക്കിയ 'മിനനുറഹ്മാൻ' എന്ന ഈ പുസ്തകം 1895ലാണ് എഴുതിയത്. ഈ പുസ്തകത്തിലെ ഓരോ വാചകവും ഭാഷയെ സംബന്ധിച്ചുള്ള ഓരോ ഗവേഷണത്തിന്നുമുള്ള തീസിസാണെന്ന് പറയാം. അത്രക്ക് ഈ വിഷയത്തിൽ ഉൾക്കാഴ്ച നൽകുന്നതാണ് ഈ ഗ്രന്ഥം. 1964ൽ Favours of the Beneficient എന്ന പേരിൽ ആ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയും പ്രസിദ്ധീകരിക്കപ്പെട്ടു.

ഹദ്റത്ത് അഹ്മദ് (അ) എഴുതുന്നു: ***മനുഷ്യൻ എന്താണ്? വ്യക്തമായും അവൻ ഒരു മൃഗമായിട്ടാണ് കാണപ്പെടുന്നത്. ഭാഷണവൃത്തിയുടെ കാരണം കൊണ്ട് മാത്രമാണ് മറ്റു മൃഗങ്ങളിൽ നിന്നും മനുഷ്യൻ വ്യത്യസ്തനായി കാണപ്പെടുന്നത്. ഇത് തെളിയിക്കുന്നത്, ഭാഷണവൈഭവമാണ് മാനുഷതയുടെ സാരസത്ത് എന്നാണ്. മനുഷ്യന്റെ മറ്റു കഴിവുകളെല്ലാം ഈ മുഖ്യഗുണത്തെ സേവിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഭാഷ ദൈവത്തിൽ നിന്നല്ല എന്ന് പറയുന്നതായാൽ മനുഷ്യന്റെ മാനുഷതയും ദൈവത്തിൽ നിന്നല്ല എന്ന് പറയേണ്ടി വരും. ദൈവം ഏത് വിധത്തിലാണോ മനുഷ്യന്റെ സ്രഷ്ടാവെന്ന് വ്യക്തമാവുന്നത് അവൻ തന്നെയാണ് ഭാഷയുടെ ബോധകനും*** (മിനനുറഹ്മാൻ - Favours of the Beneficent P. 30)

നാം ദിനേന അതിലാഘവത്തോടെ കൈകാര്യം ചെയ്തുപോരുന്ന ഭാഷ അതിസങ്കീർണ്ണമായ ഒരു അത്ഭുത പ്രതിഭാസമാണ്. മനുഷ്യഭാ

ഷയുടെ നിഗൂഢതകൾക്കും ദുർഗ്രാഹ്യതക്കും മുമ്പിൽ ആധുനിക ഭാഷാശാസ്ത്രം പോലും വിസ്മയം കൂറി അന്തം വിട്ടുനിൽക്കുകയാണ്. വാസ്തവവത്തിൽ ഭാഷയെന്ന ഉപകരണമാണ് മനുഷ്യന്റെ സമസ്തപുരോഗതിക്കും അടിസ്ഥാനം.

ഭൗതിക, സാമൂഹിക ശാസ്ത്രജ്ഞന്മാർ മനുഷ്യപുരോഗതിക്ക് നിദാനം മനുഷ്യന്റെ കായികാദ്ധ്വാനമാണെന്നും അവൻ കണ്ടെത്തിയ കാർഷിക വ്യാവസായിക ഉപകരണങ്ങൾ അതിന്റെ നിദർശനമാണെന്നും വാദിക്കുന്നു. ആധുനിക ശാസ്ത്രസമൂഹം ഇതെല്ലാം യുക്തിസഹമല്ലാത്ത പഴഞ്ചൻ ജല്പനങ്ങളാണെന്ന നിലയിൽ അവഗണിച്ചിരിക്കുകയാണ്. മനുഷ്യന്റെ പുരോഗതിക്കും അവന്റെ ധൈഷണികവും ധാർമ്മികവുമായ അഭിവൃദ്ധിക്കും മനുഷ്യഭാഷയാണ് നിദാനം എന്ന അഭിപ്രായമാണ് പ്രബലപ്പെട്ടുവരുന്നത്. അതിപുരാതനകാലം മുതൽ തന്നെ മനുഷ്യൻ ഉപയോഗിച്ചുവന്ന ഒരു സവിശേഷ ഉപകരണമാണ് ഭാഷ. ആധുനിക മനുഷ്യന്റെ ഏറ്റവും മുന്തിയ നിർമ്മിതിയേക്കാളും കണ്ടുപിടുത്തങ്ങളേക്കാളും അതിസങ്കീർണ്ണവും ബുദ്ധിപരമായ ഘടനാവിശേഷത്തോടുകൂടിയതുമായതാണ് മനുഷ്യഭാഷ. ആധുനികശാസ്ത്രത്തിനുപോലും നാം ഉപയോഗിക്കുന്ന ഭാഷയുടെ നിഗൂഢ രഹസ്യങ്ങളുടെ കുരുക്കഴിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി വൈജ്ഞാനികശാഖകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഗവേഷണങ്ങളിലൂടെ ആ സംരംഭം ശാസ്ത്രലോകം തുടരുകയാണ്. അത്തരത്തിലുള്ള മനുഷ്യഭാഷ പ്രാകൃതമനുഷ്യൻ സ്വയം നിർമ്മിച്ചു ഉപയോഗിച്ചു തുടങ്ങി എന്ന ഭൗതികവാദികളുടെ അയുക്തികമായ അഭിപ്രായങ്ങളെ ആധുനിക ഭാഷാശാസ്ത്രം അവഗണിച്ചുകൊണ്ടാണ് മനുഷ്യഭാഷയുടെ രഹസ്യങ്ങളറിയാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കുന്നത്.

## മൃഗങ്ങളുടെ ഭാഷ

ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞത് പോലെ, ശരീരശാസ്ത്രപരമായി മനുഷ്യൻ ഒരു മൃഗമാണ്. എന്നാൽ മനുഷ്യൻ സംസാരിക്കുന്ന ഭാഷയാണ് അവനെ നിസ്തുലനായ ഒരു സൃഷ്ടിയാക്കി മാറ്റുന്നത്. മാനുഷഗുണങ്ങളുടെ അന്തഃസത്ത അതാണ്.

മനുഷ്യന്റെ ഭാഷാശബ്ദങ്ങളെ പ്പറ്റിയുള്ള പഠനത്തിനാണ് ഭാഷാശബ്ദശാസ്ത്രം അഥവാ സ്വനവിജ്ഞാനം (Phonetics) എന്ന് പറയുന്നത്. മനുഷ്യന്റെ ഭാഷാശബ്ദങ്ങൾ മൃഗങ്ങളുടെ ശബ്ദങ്ങളുമായി യാതൊരു വിധത്തിലും താരതമ്യപ്പെടുത്താനാവില്ല. ഏറ്റവും അത്ഭുതകരമായിട്ടുള്ളത് മനുഷ്യന് ശബ്ദോൽപാദനത്തിന്നായി മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമായി യാതൊരു പ്രത്യേകാവയവവും ഇല്ല എന്നുള്ളതാണ്. മനുഷ്യൻ ഭക്ഷണം കഴിക്കാനും ശ്വസിക്കാനും ഘ്രാണം ചെയ്യാനുമെല്ലാം പ്രാഥമികമായി ഉപയോഗിക്കുന്ന അവയവങ്ങൾ തന്നെയാണ് സംസാരിക്കാനും ഉപയോഗിക്കുന്നത്. ജൈവശാസ്ത്രപരമായി സംസാരം പ്രസ്തുത അവയവങ്ങളുടെ രണ്ടാം ധർമ്മമാണ്. ഈ അവയവങ്ങൾ മറ്റു മൃഗങ്ങൾക്കും ഉള്ളതാണ്. അതുകൊണ്ട് ഭാഷാസിദ്ധിയെ നമുക്ക് ഒരു അവയവത്തിന്റേയും പ്രത്യേകതയായി വിവരിക്കാൻ സാധ്യമല്ല. മനുഷ്യൻ മൃഗത്തിൽ നിന്നും പരിണമിച്ചുണ്ടായവനാണ് എന്ന് പറഞ്ഞ ചാൾസ് ഡാർവിൻ പോലും തന്റെ 'Descent of Men' എന്ന കൃതിയിൽ ***'ഒട്ടകനേകം ശബ്ദങ്ങളേയും ആശയങ്ങളേയും കോർത്തിണക്കാൻ കഴിയുന്ന അപാരമായ ശക്തിയാണ് മനുഷ്യഭാഷയെ മൃഗഭാഷയിൽ നിന്നു വേർതിരിച്ചു നിർത്തുന്നത്' എന്ന് പറഞ്ഞിട്ടുണ്ട്.***

മൃഗങ്ങളുടെ ശബ്ദങ്ങളെ സാധാരണ മൃഗഭാഷയായി അവതരിപ്പിക്കാറുണ്ട്. ജീവികൾ ചില പരിമിതമായ വിവരങ്ങൾ (information) പരസ്പരം കൈമാറുന്നുണ്ട് എന്നത് ശരി തന്നെ. പക്ഷേ, അത് ജന്മവാസനാ പ്രേരിതമായ കേവല ശബ്ദങ്ങൾ മാത്രമാണ്. പരിസരങ്ങളിൽ നിന്നുള്ള ഉദ്ദീപനങ്ങളോടുള്ള ജീവികളുടെ സഹജമായ ജൈവിക പ്രതികരണങ്ങൾ മാത്രമാണവ. കുരങ്ങനും കോഴിയും കാക്കയും ഉണ്ടാക്കുന്ന ശബ്ദങ്ങൾ ഉദാഹരണം. വിശപ്പ്, അക്രമഭീതി, വേദന മുതലായ അനുഭവങ്ങൾ ഉണ്ടാക്കുന്ന ഉദ്ദീപനങ്ങളോടുള്ള ജീവികളുടെ പ്രതികരണങ്ങളാണത്. പരിമിതമായ വിവരങ്ങൾ വഹിക്കുന്ന സന്ദേശങ്ങളായി മറ്റു മൃഗങ്ങളിലേക്ക് ചിലപ്പോൾ അത് വിനിമയം ചെയ്യപ്പെടുന്നുണ്ട്. വർത്തമാന കാലത്തുള്ള സംഭവങ്ങൾ മാത്രമേ ഇങ്ങനെ വിനിമയം ചെയ്യപ്പെടാൻ സാധ്യമാവൂ. അതിലുപരി ഒരു ആശയമോ സങ്കല്പമോ, ഭാവിഭൂതകാലങ്ങളിലുള്ള സംഭവങ്ങളോ മൃഗഭാഷയിലുണ്ടാവില്ല. ഒരു തള്ളക്കോഴിക്ക് അതിന്റെ കുഞ്ഞിന് ഒരു കഥ പറഞ്ഞു കൊടുക്കാൻ സാധ്യമല്ല. കുറച്ച് മുമ്പ് നടന്ന സംഭവമോ നാളെ നടക്കുന്ന കാര്യമോ പറയാൻ സാധ്യമല്ല. "തത്തമ്മേ പൂച്ച പൂച്ച" എന്നു പയുന്ന തത്ത മനുഷ്യഭാഷ സംസാരിക്കുകയല്ല ചെയ്യുന്നത്. തത്തക്ക് 'പൂച്ചമ്മേ തത്ത തത്ത' എന്ന് പദങ്ങൾ മാറ്റിവെച്ച് പ്രയോഗിക്കാൻ സാധ്യമല്ല. അതിവിപുലമായ പദസഞ്ചയവും അത് ഇഷ്ടം പോലെ തെരഞ്ഞെടുത്ത് കോർത്തിണക്കി ഉപയോഗിക്കാനുള്ള പാടവവും മനുഷ്യന് മാത്രമേയുള്ളൂ. ജീവികളുടെ കൂട്ടത്തിൽ ഏറ്റവും സങ്കീർണമായ ആശയവിനിമയ ചിഹ്നങ്ങൾ ഉല്പാദിപ്പിക്കുന്നത് തേനീച്ചയാണ്. അതിന്റെ നൃത്ത ശരീരഭാഷ വളരെ വ്യവസ്ഥാപിതമാണ് ഇരുപതോളം ആശയങ്ങൾ മാത്രമേ അവയ്ക്കും വിനിമയം ചെയ്യാൻ സാധ്യമാകൂ എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതിന് പോലും യാതൊരു നിലക്കും മനുഷ്യഭാഷയോടു പകരം നിൽക്കാൻ സാധ്യമല്ല എന്നോർക്കണം.

മൃഗങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളിൽ നിന്നും അർഥങ്ങൾ കണ്ടുപിടിക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. മൃഗങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളിൽ വൈവിധ്യങ്ങളില്ല. വേദന വന്നാൽ പട്ടികൾ മോങ്ങുന്നത് ഒരു പോലെയാണ് എന്നാൽ വേദന അനു

ഭവിക്കുന്ന മനുഷ്യൻ ചിലപ്പോൾ ചുറ്റു മുള്ളവരെ ചീത്ത പറയും, ചിലപ്പോൾ കരയും, ചിലപ്പോൾ യാതൊരു പ്രതികരണവുമുണ്ടാക്കാതെ എല്ലാം സഹിക്കും. ഈ പ്രതികരണവൈവിധ്യങ്ങളൊന്നും മൃഗങ്ങളുടെ ശബ്ദത്തിലോ ശരീരചലനങ്ങളിലോ ഉണ്ടാവാറില്ല. ഇതിൽ നിന്നെല്ലാം മൃഗഭാഷയും മനുഷ്യഭാഷയും തമ്മിൽ യാതൊരു വിധത്തിലും താരതമ്യം ചെയ്യാൻ കഴിയാത്ത വിധം വിഭിന്നമാണ് എന്ന് മനസ്സിലാക്കാം.

## നിരർത്ഥകമായ ഭാഷോൽപത്തി സിദ്ധാന്തങ്ങൾ

കുരുക്കഴിക്കാൻ കഴിയാത്ത നിഗൂഢരഹസ്യങ്ങൾ ചൂഴ്ന്നു നിൽക്കുന്നതാണ് മനുഷ്യഭാഷ എന്ന് പറഞ്ഞുവല്ലോ. ഭാഷയുടെ പ്രത്യേകതകളെസ്സംബന്ധിച്ച് പുരാതനകാലം മുതൽ തന്നെ മനുഷ്യൻ ബോധവാനായിരുന്നു. പ്രാചീന ഗ്രീക്ക് തത്ത്വചിന്തകനായ അരിസ്റ്റോട്ടൽ മനുഷ്യഭാഷയെസ്സംബന്ധിച്ച 'ആത്മാവോടുകൂടിയ ശബ്ദം' 'അർത്ഥത്തോടുകൂടിയ ശബ്ദം' എന്നെല്ലാം നിർവ്വചനം നൽകിയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലെ ഭാഷാപണ്ഡിതന്മാർ ഭാഷോൽപത്തിയെക്കുറിച്ച് പല സിദ്ധാന്തങ്ങളും ആവിഷ്ക്കരിച്ച് കുഴങ്ങിയവരാണ്. പ്രകൃതിയിലെ ജീവികളുടേയും വസ്തുക്കളുടേയും ശബ്ദങ്ങളെ അനുകരിച്ചാണ് മനുഷ്യൻ ഭാഷ പഠിച്ചത് എന്നായിരുന്നു അവരുടെ സിദ്ധാന്തങ്ങളിൽ മിക്കതിന്റേയും ഉള്ളടക്കം. ബൗബൗ സിദ്ധാന്തം (Bow Bow Theory)ഡിങ്ങ് ഡോങ്ങ് സിദ്ധാന്തം (Ding Dong Theory) ഫൂ ഫൂ സിദ്ധാന്തം (Phoo Phoo Theory) യോഹീവ് ഹോ സിദ്ധാന്തം (Yo heav ho Theory) സിംങ്ങ് സോങ്ങ് (Sing Song) സിദ്ധാന്തം എന്നിങ്ങനെ പോവുന്നു സിദ്ധാന്തങ്ങൾ!!

ഇത്തരത്തിൽ നിരർത്ഥകമായ ഡിംങ്ങ് ഡോങ്ങ് തിയറിയുടെ വാക്താവായിക്കൊണ്ട് മഹാപണ്ഡിതന്മാർ വരെ രംഗത്ത് വന്നു. അതിഗഹനമായ ഭാഷയുടെ ഉൽപത്തിയെസ്സംബന്ധിച്ച് ആവിഷ്കരിക്കപ്പെട്ട ഉൾക്കനമില്ലാത്ത വിഡ്ഢിത്തങ്ങളായിരുന്നു ഈ സിദ്ധാന്തങ്ങളെല്ലാം. ആധുനിക ഭാഷാശാസ്ത്ര പണ്ഡിതന്മാർ അവയെല്ലാം ചവറ്റുകുട്ടയിലേക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ്.

പ്രകൃതിയിലെ എല്ലാ വസ്തുക്കൾക്കും താളാത്മകമായ ഒരു കിലുക്കം (Harmonic ring) ഉണ്ടെന്നും വസ്തുവും പദവും തമ്മിലുള്ള ബന്ധം നിർണ്ണയിക്കുന്നത് അതാണെന്നുമാണ് ശബ്ദാനുകരണ സിദ്ധാന്തം (Onomatopeia Theory) പറയുന്നത്. ഈ സിദ്ധാന്തത്തിലുൾപ്പെട്ടതാണ് ഡിങ്ങ് ഡോങ്ങ് തിയറി.

കഴുത എന്ത് ശബ്ദമുണ്ടാക്കുന്നത് കൊണ്ടാണ് അതിന് ഇംഗ്ലീഷിൽ Donkey എന്നും അറബിയിൽ 'ഹിമാർ' എന്നും ഹിന്ദിയിൽ 'ഗദ്'യെന്നും മലയാളത്തിൽ 'കഴുത' എന്നും പേരു വന്നത് എന്ന പ്രശ്നത്തിന് ഈ തിയറി ഉത്തരം നൽകുന്നില്ല. കഴുതയുണ്ടാക്കുന്ന ശബ്ദത്തിൽ നിന്നാണ് അതിന്റെ നാമപദശബ്ദം നിഷ്പന്നമാകുന്നതെങ്കിൽ വിവിധ ഭാഷകളിൽ വിവിധ ശബ്ദങ്ങളിൽ എങ്ങനെ കഴുതക്ക് നാമങ്ങളുണ്ടായി? ഇത്തരം യുക്തിസഹമായ ലളിത ചോദ്യങ്ങൾക്ക് പോലും ഡിംങ്ങ് ഡോങ്ങ് തിയറിക്ക് ഉത്തരമില്ല. മറ്റൊന്ന് വ്യാക്ഷേപക സിദ്ധാന്തമാണ് (Interject Theory) ഫൂ ഫൂ സിദ്ധാന്തക്കാർ ഈ വിഭാഗത്തിൽപ്പെട്ടവരാണ്. വെറുപ്പ്, ഭയം, കോപം മുതലായ വികിരങ്ങൾ പ്രകടിപ്പിക്കാൻ മനുഷ്യൻ ഉണ്ടാക്കിയിരുന്ന ശബ്ദങ്ങളിൽ നിന്നാണ് ഭാഷയുൽഭവിച്ചതെന്ന് ഇക്കൂട്ടരുടെ പക്ഷം.

കഴിഞ്ഞ നൂറ്റാണ്ടിൽ ഭാഷാശാസ്ത്രമെന്ന പേരിൽ നിർമ്മിക്കപ്പെട്ട സിദ്ധാന്താഭാസങ്ങളാണ് മേൽ വിവരിച്ചത്. ഭാഷാശാസ്ത്രരംഗത്ത് ഇപ്പോൾ ഇത്തരം സിദ്ധാന്തങ്ങളെ നാലയലത്ത് പോലും നിർത്തില്ല. ഡിംങ്ങ് ഡോങ്ങ് തിയറിയുടെ പ്രമുഖ വക്താവായിരുന്ന പ്രഗത്ഭ ഇന്റോളജിസ്റ്റും സംസ്കൃത പണ്ഡിതനുമായിരുന്ന മാർക്സ് മുള്ളർ അവസാനം ശബ്ദാനുകരണസിദ്ധാന്തം (Onomatopeia) അദ്ദേഹം പാടെ കൈയൊഴിയുകയുണ്ടായതായി ഭാഷയുടെ ശാസ്ത്രം (Science of Language) എന്ന പുസ്തകം പറയുന്നു. മാർക്സ്മുള്ളറുടെ പ്രസ്താവന പ്രസ്തുത പുസ്തകം ഇങ്ങനെ ഉദ്ധരിച്ചിരിക്കുന്നു:

'ഭാഷയുടെ ഉൽപത്തിയെക്കുറിച്ചുള്ള പ്രശ്നം ചാരിത്രദൃഷ്ട്യാ പരിഹരിക്കുന്നതിന് നമുക്ക് മാർഗ്ഗമില്ലെന്ന് വ്യക്തമായി. ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക പ്രദേശത്ത് ഉണ്ടായതാണ് ഭാഷ എന്നത് വസ്തുതാപരമായി വിശദീകരിക്കുവാനും നമുക്ക് സാധ്യമല്ല'

(The Science of Language Vo. 2 P. 381)

അങ്ങനെ മഹത്തായ മനുഷ്യന്റെ ചിന്തകളെ ആവഹിക്കുന്നതും മാനുഷതയുടെ മുദ്ര പതിഞ്ഞതുമായ മനുഷ്യന്റെ സംസാരഭാഷ തുടക്കം മുതൽ തന്നെ സവിശേഷതമായ ഒരു ദിവ്യോപകരണമായി നിലകൊണ്ടു. അമൂർത്തമായ മനുഷ്യമനസ്സിൽ നിന്നും ഉത്ഭവിച്ച് ഉച്ചാരണാവയവങ്ങളിലൂടെ വചിക്കപ്പെട്ട് ഒരു മൂർത്ത യാഥാർത്ഥ്യമായി തീരുന്ന മനുഷ്യഭാഷ അളവറ്റ വിസ്മയങ്ങളുടെ കേദാരമാണ്. ●

(തുടരും)

---

*(16-ാം പേജിൽ നിന്ന് തുടർച്ച)*

വൈഭവത്തിന്റെ അത്ഭുതപ്രതിഭാസത്തെയും, ഉദാഹരണമായി ആത്മാക്കൾ, ശരീരങ്ങൾ, മലക്കുകൾ, സ്വർഗ്ഗ നരകങ്ങൾ, പുനരുത്ഥാനനാൾ, പ്രവാചകത്വം മുതലായവ രഹസ്യമാക്കിവെച്ചിരിക്കുകയാണ്. എങ്കിലും കുറച്ച് അനുമാനികമായും, കുറച്ച് സംഭവ്യതയുടേയും, ബുദ്ധിയുടെ ഇടവഴിയിലൂടെ സഞ്ചരിപ്പിച്ചുകൊണ്ട്, അതായത് ചുരുക്കത്തിൽ, കുറച്ച് സ്പഷ്ടമാക്കിയും, കുറച്ച് രഹസ്യമാക്കിവെച്ചുകൊണ്ടും, ഈ കാര്യങ്ങളെ വിശ്വസിപ്പിക്കാൻ അവൻ തന്റെ ദാസരെ നിയമിച്ചിരിക്കുകയാണ്. ●

***(സുർമചശ്മയെ ആര്യ - റൂഹാനീ ഖസായിൻ)***

**വിവ: എം.എൻ. ഖാൻ, വാഴക്കാല**

ലേഖനം

# ബിസിനസ് കോർപറേഷനുകളും ഇസ്ലാമിക സമ്പദ്വ്യവസ്ഥയും

ഹാഷിം അഹ്മദ്

**പലിശയുടെ അഭാവവും മൂലധനത്തിന്മേൽ ചുമത്തുന്ന നികുതി (സക്കാത്ത്)യുമാണ് ഇസ്ലാമിക സമ്പദ് വ്യവസ്ഥയെ ഏറ്റവും ശ്രദ്ധേയമാക്കുന്നത്. ഇസ് ലാമിക വ്യവസ്ഥക്കുള്ളിലെ ബിസിനസ് പ്രവർത്തനങ്ങളെപ്പറ്റി ലേഖകൻ വിവരിക്കുന്നു**

നിർഭാഗ്യകരമെന്ന് പറയട്ടെ, മിക്ക ഇസ്ലാമികരാജ്യങ്ങളും ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ മറന്നുപോയിരിക്കുന്നു. അവരിൽ നിന്നും ഇസ്ലാമിക ചൈതന്യം നഷ്ടപ്പെട്ടിരിക്കുന്നു. ഇസ്ലാമിക മൂല്യങ്ങളുടെ ഈ അപചയം കാരണം ജീവിതത്തിന്റെ നാനാതുറകളിലുള്ള കഴിവുകളേയും അത് ദോഷകരമായി ബാധിച്ചിരിക്കുന്നു. വാണിജ്യ സാമ്പത്തിക രംഗവും ഈ ദോഷബാധയിൽ നിന്നും മുക്തമല്ല. ഇസ്ലാമിക സമ്പദ്ഘടനയുടെ മാതൃക എന്ന നിലക്ക് ഒരു രാജ്യത്തേയും ഇന്ന് നമുക്ക് എടുത്തുകാട്ടാൻ സാധ്യമല്ല. അപ്രകാരം തന്നെ കോർപറേറ്റ് മാനേജ്മെന്റിന്റെ മാതൃകയായി ഒരു മുസ്ലിം രാജ്യത്തേയോ സ്ഥാപനത്തേയോ ചൂണ്ടിക്കാട്ടാനും സാധ്യമല്ല. ഇസ്ലാമിക തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മുസ്ലിം രാജ്യങ്ങളെല്ലാം തന്നെ വിമർശനം അർഹിക്കുന്നു. ദുഃഖത്തോടുകൂടിപറയട്ടെ, ഒരൊറ്റ മുസ്ലിം രാജ്യവും നീതിയിലധിഷ്ഠിതമല്ല. അതുകൊണ്ട് ആ അനീതി അഴിമതിയും വികലമായ നിയമവാഴ്ചയും സൃഷ്ടിക്കുന്നു. സാമ്പത്തികാർത്ഥത്തിൽ ഇസ്ലാം ആഗ്രഹിക്കുന്ന സമത്വത്തിന് പകരം ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും അസമത്വം നിലനിൽക്കുന്നു. സമൂഹത്തിലെ ഉന്നതന്മാരും ഭരണാധികാരികളും നിയമത്തിന്നതീതരായി നിലകൊള്ളുകയും ചെയ്യുന്നു. ഈ വർഗ്ഗം സമൂഹത്തിലെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ സൗഭാഗ്യങ്ങൾ കവർന്നെടുക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കൽപിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കൽപിക്കേണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെത്രോ അത് ഏറ്റവും ഉത്തമമായതാകുന്നു. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണ് (4:59)**

ഓർക്കുക. ഇസ്ലാം മനുഷ്യഹൃദയങ്ങളെ സ്നേഹത്തിലൂടെ ജയിച്ചടക്കിക്കൊണ്ടാണ് അതിന്റെ നിയമവ്യവസ്ഥ സ്ഥാപിക്കുന്നത്. യുക്തിപരമായ വാദമുഖങ്ങളവതരിപ്പിച്ചും പ്രബോധനം നടത്തിയുമാണ് അത് സമൂഹവുമായി സംവദിക്കുന്നത്. ഇസ്ലാം ശക്തികൊണ്ട് സ്ഥാപിച്ചുകളയാമെന്ന മോഹം, തെറ്റും വിഡ്ഢിത്തവുമാണ്. മതം നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കപ്പെടുമ്പോൾ അത് വൃത്തികെട്ട ഒരു ചിത്രമാണ് നൽകുന്നത്. ഇത് തീർച്ചയായും ഇസ്ലാമിക ചൈതന്യത്തിന് വിരുദ്ധമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

***'മതത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആർ ദുശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞുപോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു (2:257)***

ഒരു മതവും അത് നിർബന്ധപൂർവ്വം അടിച്ചേൽപ്പിക്കാൻ പറയുന്നില്ല. എന്നാൽ മുസ്ലിം രാജ്യങ്ങളിൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ മതം നിർബന്ധ

വിശുദ്ധ ഖുർആന്റെ ശക്തമായ ഈ അദ്ധ്യാപനങ്ങൾ ഇന്നത്തെ രീതിയിലുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ നിലനിൽപ്പിനെ ഇല്ലാതാക്കുന്നു. അതിലുപരിയായി വ്യക്തികൾ ഉപഭോഗത്തിന്നായി സ്വരൂപിക്കുന്ന മൂലധനത്തിനുമേൽ വാർഷിക നികുതി അഥവാ സക്കാത്ത് ചുമത്തപ്പെടുകയും ചെയ്യുന്നു. സക്കാത്ത് എന്നാൽ നിർബന്ധമായും നൽകേണ്ട സാമ്പത്തിക വിഹിതമാണ്.

അല്ലാഹു ഖുർആനിൽ പറയുന്നു:

***'വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സക്കാത്ത് നൽകുകയും ചെയ്യുന്നവർ അവർക്ക് തങ്ങളുടെ നാഥന്റെയടുക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുന്നതുമല്ല.*** (2:278)

ഈയൊരു സാഹചര്യത്തിൽ വ്യക്തികൾക്ക് രണ്ട് വഴികളേയുള്ളൂ. അവരുടെ ധനം കൊണ്ട് വ്യക്തിപരമായ കച്ചവടസംരംഭങ്ങൾ ആരംഭിക്കുക അല്ലെങ്കിൽ അവരുടെ ധനം ചെറുതോ വലുതോ ആയ കച്ചവട സംരംഭങ്ങളിൽ നിക്ഷേപിക്കുക. പലിശയെക്കുറിച്ചും സക്കാത്തിനെക്കുറിച്ചും ഖുർആൻ പറഞ്ഞ ആജ്ഞകൾ മൂലധനമുപയോഗിച്ച് സമ്പദ്വ്യവസ്ഥയുടെ ചക്രങ്ങൾ മുന്നോട്ട് ചലിപ്പിക്കാൻ സഹായിക്കുന്നു. ഇത് പാർട്ണർഷിപ്പ് കച്ചവടസംരംഭങ്ങളുടേയും, ചെറുതും വലുതുമായ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടേയും സ്ഥാപനത്തിന് വഴിതെളിയിക്കുന്നു. എന്ത് തരത്തിലുള്ള വാണിജ്യമായാലും അത് കർശനമായും ലാഭവും നഷ്ടവും പരസ്പരം പങ്കുവെക്കുന്ന രീതിയിലുള്ള തായിരിക്കണം. പലിശയിന്മേൽ കടമായി പണം സ്വീകരിക്കുന്ന സ്ഥാപനമായിരിക്കരുത്. ബിസിനസ്സ് സ്ഥാപനത്തിലേക്ക് നൽകപ്പെടുന്ന ധനം ഇക്വിറ്റി ഷെയറുകളായിട്ടായിരിക്കണം* (സാധാരണ ഓഹരികൾ) അതായത് നഷ്ടത്തിലും ലാഭത്തിലും ഓഹരിയുടമസ്ഥനെ പങ്കാളിയാക്കുന്ന വിധത്തിലായിരിക്കണം കമ്പനി സാമ്പത്തിക സമാഹരണം നടത്തേണ്ടത്. താൻ പണം എവിടെയാണ് നിക്ഷേപിക്കേണ്ടത് എന്നതിനെസ്സംബന്ധിച്ചും ഓഹരിയുടമ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓഹരിയുടമ നിക്ഷേപം നടത്തുന്ന സാമ്പത്തിക സംരംഭത്തേക്കുറിച്ചും നല്ലത് പോലെ അറിഞ്ഞിരിക്കുകയും അയാളുടെ തിരഞ്ഞെടുപ്പ് വളരെ ശ്രദ്ധാപൂർവ്വവുമായിരിക്കണം. അപ്രകാരം തന്നെ ഓഹരി ധനം സ്വീകരിക്കുന്ന കമ്പനി ഉന്നതനിലവാരത്തിലുള്ള വിശ്വസ്തതും സത്യസന്ധതയും പുലർത്തുന്നവരുമായിരിക്കണം. സംരംഭകൻ കമ്പോളത്തിൽ പ്രവേശിക്കുമ്പോൾ അത് സത്യസന്ധമല്ലാത്ത പ്രവണതകളെ തള്ളിക്കളയാൻ ശ്രമി

* ലാഭവും നഷ്ടവും സഹിക്കുന്ന ഇക്വിറ്റി ഷെയറുകളല്ലാത്ത ഓഹരികളുമുണ്ട്. നഷ്ടത്തിൽ യാതൊരു ബാദ്ധ്യതയുമില്ലാത്ത ഓഹരികളാണിവ. ഇതിനെ Preference Share എന്നാണ് പറയുക. കമ്പനി നഷ്ടം പറ്റി പിരിച്ചു വിടുമ്പോൾ ഈ ഓഹരി ഉടമകൾക്ക് കമ്പനിയുടെ ആസ്തിയിൽ നിന്നും ഓഹരിക്ക് തുല്യമായ വില നൽകണം. ഓഹരി ഉടമ നഷ്ടം സഹിക്കില്ല (വിവ:)

പൂർവ്വം അടിച്ചേൽപ്പിക്കപ്പെടുന്നതായിക്കാണാം. ലൗകികമായ ലക്ഷ്യങ്ങൾ സാക്ഷാൽ ക്കരിക്കാനുള്ള ഒരു ഉപകരണമായി ഭരിക്കുന്നവരും മതപണ്ഡിതന്മാരും ഇസ്‌ലാം മതത്തെ ദുരുപയോഗിക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാം എന്തൊന്നാണോ പഠിപ്പിക്കുന്നത് അതിന് കടകവിരുദ്ധമായ കാര്യങ്ങളാണ് ഇസ്‌ലാമിക രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇസ്‌ലാം മതത്തിലെ ഉതന്നതമായ സാമ്പത്തിക തത്ത്വങ്ങൾ യാതൊന്നും തന്നെ പൊതുവേ മുസ്‌ലിം രാജ്യങ്ങളിൽ പ്രാവർത്തികമാക്കപ്പെടുന്നില്ല. അതുകൊണ്ട് സ്വാഭാവികമായും ഇസ്‌ലാമിക രാജ്യങ്ങളിൽ യഥാർത്ഥ ഇസ്‌ലാമിക സമ്പദ് വ്യവസ്ഥക്ക് നേർവിപരീതമായ ദിശയിലാണ് സമ്പദ് ഘടന വികാസം കൊള്ളുന്നത്. അതുകൊണ്ട് ഇക്കാലത്ത് ഇസ്‌ലാമിക സമ്പദ്വ്യവസ്ഥക്ക് മാതൃകയായി ഒരു മുസ്‌ലിം രാജ്യത്തേയും ചൂണ്ടിക്കാട്ടാൻ സാധ്യമല്ല.

## ഇസ്‌ലാമിക സാമ്പത്തിക മാതൃക

നമുക്ക് തിരഞ്ഞെടുക്കാൻ ഒരേയൊരു മാർഗ്ഗമേയുള്ളൂ. അതായത് ഇസ്‌ലാം മതത്തിന്റെ അദ്ധ്യാപനങ്ങളുടെ മൂല തത്ത്വങ്ങളിലേക്ക് നാം തിരിച്ചു പോകേണ്ടതാണ്. ഇസ്‌ലാമിക അടിസ്ഥാനത്തിൽ നിന്നുകൊണ്ട് ഇസ്‌ലാമിന്റെ യഥാർത്ഥ ചൈതന്യവുമായി സമരസപ്പെടുത്തിക്കൊണ്ട് ഒരു മാതൃകാ സമ്പദ് വ്യവസ്ഥ സൃഷ്ടിച്ചെടുക്കുകയാണ് വേണ്ടത്.

ഇസ്‌ലാം പലിശയുടെ (റിബ) എല്ലാ രൂപങ്ങളേയും നിരോധിച്ചിരിക്കുന്നു. ഖുർആനിൽ അത് ഇപ്രകാരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു:

***പലിശ മുതൽ ഭക്ഷിക്കുന്നവർ ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപ്പിച്ച് ഒരുവൻ എഴുന്നേൽക്കുന്നത്പോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അതിനു കാരണം വ്യാപാരം പലിശ പോലെത്തന്നെയാണ് എന്ന് അവർ പറയുന്നുവെന്നുള്ളതത്രെ. എന്നാൽ അല്ലാഹു വ്യാപാരത്തെ അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് തന്റെ നാഥനിൽ നിന്നുള്ള ഉപദേശം തനിക്ക് വന്നുകിട്ടുകയും എന്നിട്ട് ആര് വിരമിക്കുകയും ചെയ്തിരിക്കുന്നുവോ, മുമ്പ് വാങ്ങിക്കഴിഞ്ഞത് അവനുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിങ്കലാണ്. വല്ലവരും പലിശയിലേക്ക് മടങ്ങുകയാണെങ്കിൽ അവർ നരകാവകാശികളത്രെ. അവർ അതിൽ വസിച്ചുകൊണ്ടേ പോകും*** (2:276).

പലിശയെസ്സംബന്ധിച്ച് അല്ലാഹു വീണ്ടും വിശുദ്ധ ഖുർആനിൽ പറയുന്നു:

***വിശ്വസിച്ചവരേ, നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും പലിശയിൽ നിന്ന് ബാക്കിയുള്ളത് വിട്ടുകളയുകയും ചെയ്യുക (2: 279).***

ക്കുന്നു. വിപണിയിൽ സത്യസന്ധത പുലർത്തുകയും വിശ്വസ്തത നേടിയെടുക്കുകയും ചെയ്യുന്ന സ്ഥാപനത്തിനേ ദീർഘകാലാടിസ്ഥാനത്തിൽ പിടിച്ചുനിൽക്കാനാവൂ. ഇത് തന്നെയാണ് റസൂൽ തിരുമേനി (സ)യുടെ കാലത്തും സംഭവിച്ചത്. അതിന് ശേഷം ചില നൂറ്റാണ്ടുകളിൽ മുസ്‌ലിം രാജ്യങ്ങളിലും ഈ നിലവാരം നിലനിന്നു.

ഹദ്റത്ത് ഇമാം അബൂ ഹനീഫ ഇസ്‌ലാമിലെ ഏറ്റവും ആദരണീയനായ നിയമപണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെയാണ് മുസ്‌ലിംകളിൽ ധാരാളം പേർ മതവിധികൾക്ക് വേണ്ടി ആശ്രയിക്കുന്നത്. അദ്ദേഹം വിജയം വരിച്ച ഒരു ബിസിനസ്സുകാരനുമായിരുന്നു. ആളുകൾ അദ്ദേഹത്തിന് മുമ്പിൽ പണം കൊണ്ടുവന്ന് ചൊരിയുമായിരുന്നു. അദ്ദേഹത്തിന്റെ വീടിന്റെ പടിവാതിൽക്കൽ ഒരു സന്ദേശമെഴുതിവെച്ചുകൊണ്ട് ആളുകൾ വലിയ പണസഞ്ചികൾ കൊണ്ടുവന്നുവെക്കും. സന്ദേശം ഇപ്രകാരമായിരുന്നു. 'ദൈവഹിതപ്രകാരം ഈ പണം വിനിയോഗിക്കുക. അതിന്റെ ലാഭത്തിലൊരു പങ്ക് ഞങ്ങൾക്ക് നൽകുക.' (1) ഇത്തരത്തിലുള്ള ഒരു സംഭവവമല്ല, നിരവധി പേർ ഇങ്ങനെ അദ്ദേഹത്തിന്നു മുമ്പിൽ പണവുമായി വന്നുനിൽക്കുമായിരുന്നു.

ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയിലെ എല്ലാതരത്തിലുള്ള കച്ചവട സംരംഭങ്ങളും അവ കോർപറേറ്റ് കമ്പനികളാകട്ടെ പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളാകട്ടെ, ഏകാംഗം നടത്തുന്ന പ്രൊപ്രൈറ്റർ കച്ചവട സ്ഥാപനമാകട്ടെ, അതെല്ലാം തന്നെ നിയമാനുസൃതമായിരിക്കണം. (വിശുദ്ധ ഖുർആനിലെ 2:276 സൂക്തം ഇതിലേക്ക് വെളിച്ചം വീശുന്നു). ബിസിനസ് സ്ഥാപനങ്ങളെപ്പറ്റി ഇസ്‌ലാമിന്റേയും പാശ്ചാത്യരുടേയും സങ്കല്പത്തിലെ മുഖ്യമായ വ്യത്യാസം ഇസ്‌ലാമിക വ്യവസ്ഥയിൽ കമ്പനികൾ 'ലിമിറ്റഡ്', 'അൺലിമിറ്റഡ്' എന്ന തരം തിരിവിൽ പണം കടം വാങ്ങാൻ പാടില്ല. കമ്പനിയുടെ ഷെയറുകളെല്ലാം ഇക്വിറ്റി ഷെയറുകളായിരിക്കണം അഥവാ ലാഭനഷ്ട പങ്കാളിത്തമുള്ളതായിരിക്കണം.

## പാശ്ചാത്യരീതിയിലുള്ള കോർപറേറ്റ് കമ്പനികളും ഇസ്‌ലാമിക രീതിയിലുള്ള ബിസിനസ് സ്ഥാപനങ്ങളും

ഇക്വിറ്റി ഷെയറുകളിലൂടെയുള്ള ധനസമാഹരണമാണ് പൊതുവേ സാമ്പത്തികമായും സാമൂഹികമായും മെച്ചമുള്ള രീതി. ഉദാഹരണത്തിന് പാശ്ചാത്യ ബിസിനസ്സുകാർ പണം സ്വരൂപിക്കുന്നത് പലിശയുടെ അടിസ്ഥാനത്തിലാണ്. ബിസിനസ്സ് മന്ദഗതിയിലാകുകയോ നഷ്ടത്തിൽ പോകുകയോ ചെയ്യുന്ന ഘട്ടത്തിലും പലിശ കൊടുക്കാൻ അവർ ബാദ്ധ്യസ്ഥരാണ്. അത്തരത്തിലുള്ള വിപരീത പരിതഃസ്ഥിതികൾ സംജാതമായാൽ പലിശപ്പണം വാങ്ങിയ കമ്പനി അതിജീവിക്കാൻ വളരെ പ്രയാസമാണ്. അത്തരം സാഹചര്യത്തിൽ കമ്പനി പാപ്പരായി (Bankrupt) പ്രഖ്യാപിക്കുകയേ നിവൃത്തിയുള്ളൂ. അത് സമൂഹത്തിനും സമ്പദ്ഘടനക്കും വളരെ പ്രയാസങ്ങൾ സൃഷ്ടിക്കും. ഇതിൽ നിന്നും വിപരീതമായി ഇസ്‌ലാമിക വ്യവസ്ഥയിൽ ഒരു കമ്പനി കുഴപ്പത്തിൽപ്പെട്ടു നഷ്ടത്തിലാവുമ്പോൾ കമ്പനിക്ക് പണം കടം കൊടുത്ത ഇക്വിറ്റി ഓഹരിയുടമകളും അതിൽ പങ്കാളിയാവുന്നു. പണം കടം കൊടുത്ത ഓഹരിയുടമക്ക് ഈ പ്രയാസ കാലഘട്ടങ്ങളിൽ ഒന്നും തന്നെ കമ്പനി നൽകേണ്ടി വരുന്നില്ല. അതുകൊണ്ട് ആ കമ്പനിക്ക് അതിജീവിക്കാനും പുഷ്ടിപ്പെടാനും വീണ്ടും അവസരങ്ങളുണ്ട്. ജീവികളുടെ ജീവിതത്തിൽ ഇതിനുള്ള ഉദാഹരണം നമുക്ക് കാണാം. അതായത് ചില ജീവികൾ തണുപ്പ് കാലത്ത് അതിന്റെ ഊർജ്ജസ്രോതസ്സ് വറ്റിവരണ്ട് പ്രവർത്തനശേഷി നശിക്കുമ്പോൾ ദീർഘമായ ഉറക്കത്തിൽ പ്രവേശിക്കാറുണ്ട്. ഗ്രീഷ്മനിദ്ര (Hypernation) എന്നാണ് ഇതിനെപ്പറ്റി പറയുക. ആ നിദ്ര കഴിഞ്ഞാൽ വീണ്ടും അവ പ്രവർത്തന സജ്ജമാകും. ഇതുപോലെ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയിൽ നടത്തപ്പെടുന്ന ബിസിനസ് സ്ഥാപനങ്ങൾക്ക് ഇത്തരമൊരു അതിജീവന സൗകര്യം അനുവദിക്കുന്നു. പക്ഷേ, പാശ്ചാത്യ സാമ്പത്തിക വ്യവസ്ഥയിൽ ഇത്തരത്തിൽ നഷ്ടത്തിലകപ്പെടുന്ന കമ്പനികൾക്ക് അതിജീവിക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് 1996ൽ ഫ്രാൻസിലുണ്ടായ ലോറി ഡ്രൈവർമാരുടെ സമരമെടുക്കുക. ഈ കാലത്ത് ജർമ്മനിയിലെ ലോറികളും ഫ്രാൻസിൽ അകപ്പെട്ടു നിശ്ചലമായി. പതിനൊന്ന് ദിവസം മാത്രമാണ് ഈ ലോറിസമരം നീണ്ടുനിന്നത്. ഇതോടനുബന്ധിച്ച് ബിസിനസ് രംഗത്ത് കുഴപ്പമുണ്ടായി. ഇത് ജർമ്മൻ ട്രാൻസ്പോർട്ട് കമ്പനികളെ വമ്പിച്ച സമ്മർദ്ദത്തിലകപ്പെടുത്തി. The time (29-11-96)ൽ വന്ന റിപ്പോർട്ട് പ്രകാരം "സമരത്തിന്റെ ഫലമായി നിരവധി ചെറിയ ജർമ്മൻ ട്രാൻസ്പോർട്ട് കമ്പനികൾ ബാങ്കിൽ പണമടക്കാൻ കഴിയാതെ പാപ്പരാവുന്ന ഘട്ടം അഭിമുഖീകരിക്കുകയാണ്." ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ബിസിനസ്സിൽ നിന്നുള്ള വരുമാനം വെറും പതിനൊന്ന് ദിവസത്തേക്ക് മാത്രം നിലച്ചതിന്റെ ഫലമായി ധനാകാര്യസ്ഥാപനങ്ങളിൽ നിന്നും പലിശക്ക് പണം കടമെടുത്ത ട്രാൻസ് പോർട്ട് കമ്പനികൾ അടച്ചുപൂട്ടുന്ന അവസ്ഥയെ അഭിമുഖീകരിക്കുകയാണ്. ഇത്തരം അവസ്ഥ മേലുന്നയിച്ച വാദത്തെ ശക്തമായി ന്യായീകരിക്കുന്നു.

## കടവും കച്ചവടവും ഇസ്‌ലാമിക ചരിത്രത്തിൽ

ഇസ്‌ലാമിന്റെ ആവിർഭാവഘട്ടത്തിലുണ്ടായ കച്ചവടരൂപങ്ങളുടെ ഘടന ഇസ്‌ലാമിന്നുമുമ്പുള്ള അറബികളുടെ സമ്പ്രദായത്തിന്റെ വികസിത രൂപമായിരുന്നു. അവരുടെ സാംസ്കാരികവും സാമ്പ്രദായികവുമായ രീതികളിൽ നിന്നും ആവിർഭവിച്ചതായിരുന്നു അത്. ഇസ്‌ലാമിന്റെ ഉദയത്തിന് ശേഷം റസൂൽ തിരുമേനി(സ) അത്തരം കച്ചവട സമ്പ്രദായങ്ങളെ നിർത്തലാക്കുകയോ നിരോധിക്കുകയോ ചെയ്തില്ല. അതുകൊണ്ട് അറബ് മുസ്‌ലിംകൾ അത് അവരുടെ ബിസിസ്സിന്റെ ഭാഗമാക്കി മാറ്റുകയുണ്ടായി. ഒരു കാര്യം പ്രത്യേകമോർക്കണം. ഇസ്‌ലാം ഇതിനോടൊന്നും ഒരു

യാന്ത്രികമായ സമീപനം കൈകൊള്ളാതെത്തന്നെ ആ കച്ചവടസംവിധാനങ്ങളിൽ ഇസ്‌ലാമിക ചൈതന്യം നിറക്കുകയായിരുന്നു. അതുകൊണ്ട് കച്ചവടം എന്ത് രൂപത്തിലായാലും എന്ത് സമ്പ്രദായത്തിലായാലും ഇസ്‌ലാമിക സങ്കല്പത്തിനനുസൃതമായിട്ടായിരിക്കണം അവ നടത്തേണ്ടത്.

വാണിജ്യവ്യവസ്ഥയിലെ മുഖ്യരൂപങ്ങളെപ്പറ്റിയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇവ കൂടാതെ നിരവധി കച്ചവട സമ്പ്രദായങ്ങൾ ഒരു ഇസ് ലാമിക സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാവാം. ഇവിടെ അതൊന്നും ചർച്ച ചെയ്യുന്നില്ല എന്ന് മാത്രം. അതിൽ ചിലത് മുശാറകഃ (മൂലധനപങ്കാളിത്തം) മുദാറബ (കച്ചവട വായ്പ Trade financing) ഇജാറ (വാടക) ഇജാറ വ ഇഖ്താന (തവണകളായി അടച്ചു തീർക്കുന്ന വായ്പ) എന്നിവയാണ്.

ഇത്തരം സമ്പ്രദായങ്ങളുടെ സാങ്കേതികനാമങ്ങളിൽ പിടിച്ചു തൂങ്ങേണ്ട കാര്യമില്ല. പക്ഷേ, ഇത്തരം സമ്പ്രദായങ്ങളുടെ ഇസ്‌ലാമിക സങ്കല്പം അറിയേണ്ടതുണ്ട്. ഈ കച്ചവടസംരംഭങ്ങളുടെയെല്ലാം ചാലകശക്തി ശരീഅത്താണ്. ഇത്തരം കച്ചവടങ്ങളിലെ ഇസ്‌ലാമിക സങ്കല്പം എന്താണെന്നറിയാൻ ശരീഅത്ത് നിയമങ്ങൾ മാർഗ്ഗദർശനങ്ങളാണ്. ഈ വാണിജ്യസമ്പ്രദായങ്ങളുടെയെല്ലാം കാതൽ രണ്ടു ഘടകങ്ങളാണ്. അതിൽ ഒന്ന് ലാഭത്തിലും നഷ്ടത്തിലുമുള്ള പങ്കാളിത്തം. മറ്റൊന്നു പലിശയെ തീർത്തും നിർമ്മാർജ്ജനം ചെയ്യൽ. എന്ത് രൂപത്തിൽ വേഷം മാറിവന്നാലും ശരി പലിശ സമ്പ്രദായം ഇസ്‌ലാമിൽ അനുവദനീയമല്ല.

**1. മുദാറബ:** മുദാറബയുടെ ഉദ്ഭവം വ്യാപാരത്തിൽ നിന്നാണ്. വ്യാപാരത്തിന്റെ ഉദ്ഭവം കൊള്ള കൊടുക്കലിൽ നിന്നാണല്ലോ. 'മുദാറബ'യുടെ മറ്റു അറബിക് സംജ്ഞകൾ 'ഖിറാദ്' 'മുഖറദ' എന്നിവയാണ് ഈ സാങ്കേതികപദങ്ങളെല്ലാം അന്യേന്യം മാറ്റി ഉപയോഗിക്കാറുണ്ട്. അവ തമ്മിൽ സത്തയിൽ വലിയ വ്യത്യാസങ്ങളില്ല. പാശ്ചാത്യർ അറബികളുമായി വ്യാപാരം ആരംഭിച്ചപ്പോൾ ഇത്തരം വാണിജ്യസംരംഭങ്ങൾ അവരും ആരംഭിച്ചു. അതിന് അവർ നൽകിയ നാമം 'കമ്മൻറ' (Commenda) എന്നും കമ്മന്റം (Commendam) എന്നുമായിരുന്നു.

'മുദാറബ' എന്നത് യാത്ര നടത്തുന്നത് സംബന്ധിച്ച പ്രവൃത്തിയിൽ നിന്നും നിഷ്പന്നമായ ഒരു പദമാണ് (അൽ ദറാബ ഫിൽ അർള്). 'ഭൂമിയുടെ മേൽ അടിക്കുക അഥവാ കച്ചവടാർത്ഥം ഭൂമിയിൽ സഞ്ചരിക്കുക' എന്നാണ് അർത്ഥം. മൂലധന നിക്ഷേപകൻ കച്ചവടം ചെയ്യാൻ വേണ്ടി ഒരു ഏജന്റിനെ ഏല്പിക്കുന്നു. ആ ഏജന്റ് മൂലധനനിക്ഷേപകന് വേണ്ടി, മുൻകൂർ കരാറിന്റെ അടിസ്ഥാനത്തിൽ ലാഭം പങ്ക് വെക്കാമെന്ന കരാറിൽ കച്ചവടം നടത്തുന്നു. ഈ കരാർ സാധാരണയായി ലാഭവിഹിതം തുല്യമോ അല്ലെങ്കിൽ മുൻകൂർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും അനുപാതത്തിലോ ആവാം. ഈ കച്ചവടത്തിൽ നഷ്ടം സംഭവിക്കുകയാണെങ്കിൽ ഏജന്റിന്നു യാതൊരു ബാദ്ധ്യതയും ഉണ്ടാവുന്നില്ല. അതെല്ലാം മൂലധനം മുടക്കിയവന്റെ ചുമലിൽ വന്നു വീഴുന്നു. റസൂൽ തിരുമേനി (സ) തന്റെ പ്രവാചകവാദത്തിനു മുമ്പ് ഇത്തരത്തിൽ കച്ചവടഏജന്റായി പ്രവർത്തിച്ചിട്ടുണ്ട്. ഇവിടെ മൂലധനം മുടക്കിയത് ഖദീജ(റ) ആയിരുന്നു. റസൂൽ തിരുമേനി(സ)യുടെ സത്യസന്ധതയെപ്പറ്റിയും ഉന്നതമായ ധാർമ്മികാവസ്ഥയെക്കുറിച്ചും ഖദീജ (റ)ക്ക് തന്റെ ജോലിക്കാരിൽ നിന്നും അറിവ് ലഭിച്ചു. പിന്നീട് റസൂൽ തിരുമേനി (സ)യുമായി അവർ വിവാഹലോചന നടത്തുകയും വിവാഹം കഴിക്കുകയും ചെയ്യുകയാണുണ്ടായത്.

മൂലധനം മുടക്കുന്നയാൾക്ക് ഏജന്റിനേയോ ഏജന്റിന് മൂലധനം മുടക്കുന്നയാളിനേയോ കണ്ടെത്താവുന്നതാണ്. കച്ചവടം ആരംഭിക്കുന്നതിന് മുമ്പ് ഇരു കക്ഷികളും പരസ്പരം ഉപാധികളോടെ കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന്. ഹദ്റത്ത് അബ്ബാസ് ഇബ്നു അബ്ദുൾ മുത്തലിബ് (പ്രവാചകന്റെ പിതൃവ്യൻ) ഇത്തരത്തിൽ കച്ചവടം ചെയ്യാൻ വേണ്ടി ഏജന്റിനെ ഏല്പിക്കുമായിരുന്നു. അപ്പോൾ ചില ഉപാധികളുടെ അടിസ്ഥാനത്തിലായിരുന്നു ആ ധനം അദ്ദേഹം ഏജന്റിനെ ഏല്പിച്ചത്. അതായത് സാധനങ്ങളുമായി കടലിലൂടെ സഞ്ചരിക്കരുത്, താഴ് വരകളിലൂടെ സഞ്ചരിക്കരുത്, ജീവനുള്ള മൃഗങ്ങളെ വാങ്ങരുത് ഇവയെല്ലാമായിരുന്നു ആ ഉപാധികൾ. അത് ലംഘിച്ചുകൊണ്ട് ഏജന്റ് കച്ചവടം നടത്തുകയാണെങ്കിൽ നഷ്ടം വന്നാൽ അയാളായിരിക്കും അതിന്നുത്തരവാദി. (3) കച്ചവടത്തിൽ തന്റെ ഏജന്റിനുമേൽ ഇത്തരം ഉപാധികൾ ചുമത്തുന്നതിന് റസൂൽ തിരുമേനി(സ)യുടെ സമ്മതവും അംഗീകാരവും അദ്ദേഹത്തിന് ലഭിച്ചിരിക്കുന്നു.

## 'മുദാറബ'യും ഇക്കാലത്തെ ബിസിനസ്സും

'മുദാറബ'യുടെ ഈ സങ്കല്പം ഇക്കാലത്ത് പ്രാവർത്തികമാക്കുമ്പോൾ റസൂൽ തിരുമേനി(സ)യുടെ കാലത്തെ ഏജന്റ് അഥവാ 'അൽ മുദാറിബ്' ഇക്കാലത്തെ മാനേജരോ, മാനേജ്മെന്റോ ആയി മാറുന്നു. മൂലധനത്തിന്റെ ഉടമസ്ഥൻ നിക്ഷേപകനുമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച ജോയിന്റ് സ്റ്റോക്ക് കമ്പനികളിൽ ഇത്തരത്തിൽ, ഉടമസ്ഥത, മാനേജ്മെൻറ് എന്നീ വിഭജനം കാണാൻ സാധ്യമല്ലായിരുന്നു. ആറും ഏഴും നൂറ്റാണ്ടുകളിൽ മുസ്‌ലിംകളും ഇസ്‌ലാമിന് മുമ്പുള്ള അറബികളിലും ഇങ്ങനെ ഉടമസ്ഥത, മാനേജ്മെന്റ് എന്നീ വിഭജനങ്ങളോടുകൂടിയ കച്ചവടങ്ങൾ കാണാമായിരുന്നു. നിക്ഷേപകന്റെ ധനം എപ്രകാരം ചിലവഴിക്കണമെന്ന ഉപാധിയും നിക്ഷേപകന് മുന്നോട്ട് വെക്കാനുള്ള അവകാശമുണ്ട്. സാധാരണഗതിയിൽ ഇത്തരം കച്ചവടസംരംഭങ്ങളിൽ മൂലധനത്തിന് ഭാഗികമോ പൂർണമോ ആയ രീതിയിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ഏജന്റിന് അതിൽ യാതൊരു പങ്കുമുണ്ടായിരിക്കുകയില്ല. (4) സ്വാഭാവികമായും ഇത്തരം

*(ശേഷം 29-ാം പേജിൽ)*

ലേഖനം

# സുലൈമാൻ നബിയും 'ഹുദ്ഹുദും'

സഫർ അഹ്മദ്, കോഴിക്കോട്

**ഖുർആനിൽ വിവരിച്ച 'ഹുദ് ഹുദ്' മരം കൊത്തിപ്പക്ഷിയല്ല, സുലൈമാൻ നബിയുടെ ഒരു സൈനികോദ്യോഗസ്ഥന്റ പേരാണ്.**

***അ**ദ്ദേഹം (സുലൈമാൻ നബി) പക്ഷികളെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു: 'എനിക്കെന്തു പറ്റി? ഞാൻ 'ഹുദ്ഹുദി'നെ കാണുന്നില്ലല്ലോ!' അഥവാ അവൻ മനഃപൂർവ്വം അപ്രത്യക്ഷനായതാണോ? തീർച്ചയായും ഞാൻ അവനെ കഠിനമായ ശിക്ഷക്ക് വിധേയനാക്കുന്നതാണ്. അല്ലെങ്കിൽ ഞാൻ അവനെ കൊന്നുകളയും. അതുമല്ലെങ്കിൽ അവൻ എനിക്ക് (തന്റെ അസാന്നിദ്ധ്യത്തിൽ) സ്പഷ്ടമായ വല്ല തെളിവുകളും കൊണ്ടുവരണം. 'അങ്ങനെ അദ്ദേഹം അല്പം താമസിച്ചു (അപ്പോഴേക്കും ഹുദ് ഹുദ് വന്നു). ഇങ്ങനെ പറഞ്ഞു. താങ്കൾ അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ ശരിക്കും അറിഞ്ഞിട്ടുണ്ട്. ഞാൻ സബഇൗൽ നിന്ന് സൂക്ഷ്മമായ ഒരു വിവരവും കൊണ്ടാണ് താങ്കളുടെ അടുക്കലേക്ക് വന്നിട്ടുള്ളത്. അവിടെ ഒരു സ്ത്രീ അവരുടെമേൽ ആധിപത്യം വഹിക്കുന്നതായി ഞാൻ കണ്ടു. എല്ലാ വസ്തുക്കളിൽ നിന്നും അവൾക്ക് നൽകപ്പെട്ടിരിക്കുന്നു. അവർക്ക് ഒരു സിംഹാസനമുണ്ട്. (വി: ഖുർആൻ 27:21–23)***

പ്രതാപവാനായ ഇസ്രയേൽ ചക്രവർത്തി ഹദ്റത്ത് സുലൈമാൻ നബി(അ)യെപ്പറ്റി നിരവധി അന്ധവിശ്വാസങ്ങളും അതിശയോക്തികളും യഹൂദ ക്രൈസ്തവ പാരമ്പര്യത്തിലും ഇസ്‌ലാമിക പാരമ്പര്യത്തിലും കാണപ്പെടുന്നു. അതിലൊന്നാണ് സുലൈമാൻ നബിക്ക് പക്ഷികളുടെ സൈന്യം ഉണ്ടായിരുന്നു എന്ന വിശ്വാസം. അതിന്നുപോൽബലകമായി പ്രസ്തുത ഖുർആൻ ആയത്തിന്റെ വ്യാഖ്യാനങ്ങൾ നൽകി എടുത്തുദ്ധരിക്കാറുണ്ട്. 'ഹുദ്ഹുദ്' എന്ന പദം മരംകൊത്തി പക്ഷിക്ക് അറബിയിലുള്ള നാമമാണ്. അപ്പോൾ പക്ഷികളുടെ ഒരു സൈന്യനിര സുലൈമാൻ നബി(അ)യുടെ പട്ടാളത്തിലുണ്ടായിരുന്നു എന്നാണ് മിക്ക വ്യാഖ്യാനതാക്കളും എഴുതിയിരിക്കുന്നു.

സുലൈമാൻ നബിയുടെ ഭരണ സേവനത്തിന് നിയുക്തനായ 'ഹുദ് ഹുദ്' ഒരു പക്ഷിയല്ല മറിച്ച് അത് ഒരു ഉദ്യോഗസ്ഥന്റെ പേരാണ്. താഴെ എഴുതിയ കാര്യങ്ങൾ ഈ യാഥാർത്ഥ്യം തെളിയിക്കുന്നു.

(1) സുലൈമാൻ നബി(അ)യെപ്പോലെ അങ്ങേയറ്റം ജ്ഞാനിയും പ്രതാപവാനുമായ ഒരു ചക്രവർത്തി കേവലം ഒരു കൊച്ചുപക്ഷിയോട് കോപിഷ്ഠനായെന്നും അതിനെ കൊല്ലുമെന്ന് താക്കീത് നൽകി എന്നും കരുതുന്നത് യുക്തിക്ക് നിരക്കുന്നതല്ല. മാത്രമല്ല പക്ഷിമൃഗാദികൾ ശിക്ഷാനിയമങ്ങൾക്ക് വിധേയരുമല്ല.

(2) ഹുദ് ഹുദ് (മരംകൊത്തി) ഒരു ദേശാടനപ്പക്ഷിയല്ല. അതിന് ദീർഘദൂരം സഞ്ചരിക്കാനുള്ള കഴിവില്ല. പലസ്തീനിൽ നിന്നും യമനിലുള്ള ശീബാരാജ്ഞി(ബൽക്കീസ്)യുടെ കൊട്ടാരത്തിലേക്ക് പറക്കുവാൻ മരംകൊത്തി എന്ന പക്ഷിക്ക് ആവില്ല.

(3) ഹുദ്ഹുദ് ഒരു പക്ഷിയാണെങ്കിൽ ഒരു രാജ്യത്തിന്റെ രാജാവിന്നും അവിടുത്തെ ഭരണാധികാരികൾക്കു പോലും അറിയാത്ത കാര്യങ്ങളെ സ്സംബന്ധിച്ച് അതിന് വ്യക്തമായ ധാരണയും അറിവും ഉണ്ടായിരുന്നു എന്ന് പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല. ശീബാരാജ്ഞിയെക്കുറിച്ചും അവരുടെ ഭരണാധികാരത്തെക്കുറിച്ചും ഒരു പക്ഷിക്ക് അറിയാമായിരുന്നു എന്നത് യുക്തിസഹമല്ല.

(4) മറ്റൊരു അത്ഭുതകരമായ കാര്യം, ഈ പക്ഷിക്ക് ദൈവത്തിന്റെ ഏകത്വത്തെപ്പറ്റിയും ദൈവത്തിൽ പങ്കുചേർക്കുന്നതിനെപ്പറ്റിയുമറിയാം (25, 26) എന്നതാണ്.

ഈ വസ്തുതകളിൽ നിന്നും

# മുഹമ്മദ് നബിയുടെ സ്ഥൈര്യം

### ഹദ്റത്ത് അഹ്മദ് (അ)

ആയിരക്കണക്കായ ആപത്തുകളുടെയും എണ്ണമറ്റ ശത്രുക്കളുടെയും ഭീഷണിപ്പെടുത്തുന്ന എതിരാളികളുടെയും മുമ്പിൽ ആദ്യം മുതൽ അവസാനം വരെ നബി(സ) തിരുമേനി തന്റെ പ്രവാചകവാദത്തിൽ ഉറച്ചുനിൽക്കുകയും സ്ഥൈര്യത്തോടെ നിലകൊള്ളുകയും ചെയ്തതിനെക്കുറിച്ച് ഒന്നോർത്തു നോക്കുവിൻ. അത്തരം പ്രയാസങ്ങളും കഷ്ടപ്പാടുകളും ഒന്നിനൊന്ന് ഓരോ ദിവസവും ഏറിക്കൊണ്ടിരുന്നിട്ടും സഹന പരീക്ഷണങ്ങളിലൂടെ കൊല്ലങ്ങളോളം അവിടുന്നു അതിനെ നേരിട്ടുപോന്നു. വിജയത്തെ സംബന്ധിച്ച് നിരാശപ്പെടാൻ അത്രമാത്രം മതിയായിരുന്നു. പ്രവാചകവാദം ഉന്നയിച്ച്തോടെ മുമ്പു ലഭിച്ചിരുന്ന പിന്തുണയും നഷ്ടപ്പെട്ടു. ഈ ഒരു കാരണത്താൽ ലക്ഷക്കണക്കിന് ആളുകളുടെ വിയോജിപ്പ് അദ്ദേഹത്തിന് സമ്പാദിക്കേണ്ടി വന്നു. എണ്ണമറ്റ വിപത്തുകളെ ആ മഹാത്മാവ് ശിരസ്സിലേറ്റി. സ്വദേശത്തു നിന്നും നിഷ്കാസിതനാക്കപ്പെട്ടു. അദ്ദേഹത്തെ കൊല്ലുവാനായി ഗൂഢാലോചന നടത്തി. അദ്ദേഹത്തിന്റെ വീടും സ്വത്തുക്കളും നശിപ്പിക്കപ്പെട്ടു. വിഷം കൊടുത്തു കൊല്ലുവാൻ പലരും പല തവണ ശ്രമിച്ചുനോക്കി. അദ്ദേഹത്തിന്റെ ശുഭകാംക്ഷികളായിരുന്നവർ അദ്ദേഹത്തെക്കുറിച്ച് ദുഷ്ടവിചാരം പുലർത്തി. സ്നേഹിതന്മാരെല്ലാം ശത്രുക്കളായി മാറി. ഒരു നീണ്ട കാലത്തോളം ആ കഷ്ടപ്പാടുകളെ അദ്ദേഹം ധീരതയോടെ നേരിട്ടുപോന്നു. കപടവാദിയും കറ്റുകെട്ടുകാരനുമായ ഒരാൾക്ക് നേരിടാനാവുന്ന സഹനപരീക്ഷണങ്ങളായിരുന്നില്ല, ദീർഘകാലം നീണ്ടുനിന്ന ആ കഷ്ടപ്പാടുകൾ.

***(റൂഹാനീ ഖസായിൻ, വാല്യം 1, ഭാ. 108, 109; ബറാഹീനെ അഹ് മദിയ്യ, മുഖവുര, 116, 117. ഒന്നാം പതിപ്പ്.)***

നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത് 'ഹുദ്ഹുദ്' എന്നത് ഒരു പക്ഷിയായിരുന്നില്ല. അത് ഒരു മനുഷ്യനായിരുന്നു എന്നാണ്. സുലൈമാൻ നബി(അ)യുടെ ഭരണകൂടത്തിനു കീഴിൽ സുപ്രധാനമായ ഉദ്യോഗം വഹിച്ചിരുന്ന ഒരുദ്യോഗസ്ഥനായിരുന്നു 'ഹുദ്ഹുദ്'. യമനിലെ ശീബാ രാജ്ഞിയുമായുള്ള ഒരു രാഷ്ട്രീയ ദൗത്യത്തിന്ന് അദ്ദേഹത്തെ സുലൈമാൻ നബി(അ) നിയമിക്കുകയാണുണ്ടായത്. യമനെതിരെയുള്ള ഒരു സൈനിക ദൗത്യത്തിന്നായി പോവുമ്പോൾ 'ഹുദ് ഹുദ്' എന്ന സൈനികത്തലവനെ കാണാതായപ്പോൾ പരിഭവപ്പെട്ടുകൊണ്ട് അദ്ദേഹത്തിനെ സുലൈമാൻ നബി ആരായുകയായിരുന്നു. ഒരു സൈനിക ദൗത്യത്തിന്റെ നിർണ്ണായക ഘട്ടത്തിൽ ഹുദ് ഹുദിനെ കാണാതായപ്പോൾ അദ്ദേഹം കൂറുമാറിയോ എന്ന് സുലൈമാൻ നബി(അ) സംശയിച്ചിട്ടുണ്ടാവാം. പക്ഷേ, അദ്ദേഹം മറ്റൊരു സൈനികദൗത്യവുമായി രഹസ്യത്തിൽ യമൻ സന്ദർശിച്ചതായിരുന്നു. പക്ഷികളുടേയും മൃഗങ്ങളുടേയും പേരുകളിൽ മനുഷ്യൻ അടിമപ്പെടുക എന്നതും അറിയപ്പെടുന്ന ഒരു സമ്പ്രദായമാണ്. റസൂൽ തിരുമേനി(സ)യ്ക്കു സഹാബിമാരിലും അത്തരം പേരുകൾ ഉള്ളവരുണ്ടായിരുന്നു. അബൂഹുറയ്റ (പൂച്ചയുടെ പിതാവ്) അബൂബക്കർ (ആടിന്റെ പിതാവ്) മുതലായ പേരുകൾ

ഹദ്റത്ത് സുലൈമാൻ (അ)ന്റെ ഭരണത്തിന് കീഴിൽ 'മൗത്തബ്' എന്ന പേരിൽ വലിയൊരു നിർമ്മാണ വിദഗ്ധനുണ്ടായിരുന്നു. രാജ്യദ്രോഹക്കുറ്റം മൂലം അയാളെ സുലൈമാൻ നബി (അ) വധിച്ചിട്ടുണ്ടായിരുന്നു. ഹുദ്ഹുദ് എന്ന സൈനികത്തലവൻ എന്ന് ഭയന്ന് ഈജിപ്തിലേക്ക് ഓടിപ്പോയതായും ജൂയിഷ് എൻസൈക്ലോപീഡിയ പറയുന്നു. ആ ഹുദ് ഹദ് മറ്റെവിടേക്കും ഓടിപ്പോയതല്ല. യമനിലെ ബൽക്കീസ് രാജ്ഞിയുടെ വിവരങ്ങളറിയാൻ പോയതാണെന്ന വിവരം സുലൈമാൻ നബി(അ)യെ അദ്ദേഹം ബോധിപ്പിക്കുകയാണ് ചെയ്തത്. ആ സംഭവത്തെപ്പറ്റിയാണ് ഇവിടെ ഖുർആൻ പരാമർശിക്കുന്നത്. 'ഹുദാദ്' എന്ന ഇസ്രായേലി നാമത്തിന്റെ അറബീകൃത രൂപമാണ് ഹുദ് ഹുദ്. 'ഹുദാദ്' എന്നത് ഒരു ബൈബിൾ നാമമാണ്. മിദ്യൻ ദേശത്തെ സോളമൻ കീഴടക്കുന്നതിന് മുമ്പേ 'ഹുദാദ്' എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു രാജാവ് അവിടെ ഉണ്ടായിരുന്നതായി ബൈബിൾ പറയുന്നു. ഇസ്മായീല്യർക്കും (പാറാൻ നിവാസികളായ അറബികൾക്കും) 'ഹദാദ്' എന്ന പേരുണ്ടായിരുന്നതായി ജൂത എൻസൈക്ലോപീഡിയ പറയുന്നു. സോളമന്നെതിരെ ഉയർന്നുവന്ന ഹദദ് എന്ന എദോമിയൻ രാജാവിനെപ്പറ്റിയുള്ള ബൈബിൾ പരാമർശം ഇങ്ങനെയാണ്: ***'സോളമന്ന് എതിരായി ഒരാളെ ദൈവം ഉയർത്തി – എദോമിയനായ ഹദദ്, എദോം രാജകുടുംബത്തിലെ ഒരംഗം. (1 രാജാക്കന്മാർ 11: 14)*** ബൽക്കീസ് രാജ്ഞിയുടെ പിതാവിന്റെ പേര്. 'ഹുദ് ഹുദ്' ആണെന്ന് 'മുൻതഹ അൽ അറബ്' എന്ന ഗ്രന്ഥത്തിലും പറയുന്നു. ●

വാഗ്ദത്ത മസീഹിന്റെ ജീവിതചിത്രം ലേഖന പരമ്പര - 5.

# ഹദ്റത്ത് അഹ്മദി (അ)ന്റെ വിവാഹം; പ്രവചിക്കപ്പെട്ടത്

ഏ. ക്യു മഹ്ദി

## ഹദ്റത്ത് നുസ്രത്ത് ജഹാൻ സാഹിബയുമായുള്ള വാഗ്ദത്ത് മഹ്ദി(അ)യുടെ വിവാഹത്തെപ്പറ്റി

ഹദ്റത്ത് അഹ്മദി (അ)ന്റെ വിവാഹം നടന്നത് അദ്ദേഹത്തിന്റെ പതിനാറാം വയസ്സിലായിരുന്നു. തന്റെ മാതുലപുത്രിയായ ഹുർമത്ത് ബീബി ആയിരുന്നു ഹദ്റത്ത് അഹ്മദിന്റെ ഭാര്യ. ഈ ദാമ്പത്യത്തിൽ അവർക്കു രണ്ടു കുട്ടികൾ ജനിച്ചു. മിർസാ സുൽത്താൻ അഹ്മദ്, മിർസാ ഫസ്ൽ അഹ്മദ്.

ഹദ്റത്ത് അഹ്മദിന്റെ പിതൃസഹോദരപുത്രന്മാർ ആ മഹാത്മാവിന് നിരന്തരമായ ദ്രോഹങ്ങൾ ചെയ്തു കൊണ്ടിരുന്നുവെന്നു സൂചിപ്പിച്ചുവല്ലോ. യഥാർത്ഥത്തിൽ അവർ ആ ദിവ്യാത്മാവിന്റെ കഠിനശത്രുക്കളായാണ് വർത്തിച്ചത്. അവർ മതത്തെ നിന്ദിക്കുകയും ദൈവത്തെ നിഷേധിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് അഹ്മദിന്റെ ജ്യേഷ്ഠന്റെ ഭാര്യ പോലും ആദ്യകാലങ്ങളിൽ പിതൃസഹോദരന്മാരുടെ സ്വാധീനവലയത്തിലകപ്പെട്ട് ഹദ്റത്ത് അഹ്മദിനെ വളരെ കഷ്ടപ്പെടുത്തിയിട്ടുണ്ട്. ഈ കുടുംബ പ്രശ്നങ്ങളെയെല്ലാം ക്ഷമാപൂർവ്വം അതിജീവിച്ച് അദ്ദേഹം മുന്നോട്ടു പോയ്ക്കൊണ്ടിരുന്നു.

ഹദ്റത്ത് അഹ്മദിന്റെ ഭാര്യ ഹുർമത്ത് ബീബി ഒരു പ്രത്യേക രീതിയിലുള്ള സ്ത്രീയായിരുന്നു. അവർ, അദ്ദേഹത്തിന്റെ ശത്രുക്കളായിക്കഴിഞ്ഞിരുന്ന പിതൃസഹോദരകുടുംബവുമായി കൂടുതൽ വിധേയത്വം പുലർത്തിപ്പോന്നു. ആ പിതൃസഹോദര കുടുംബമാകട്ടെ, ആഡംബരത്തിലും ലൗകികമായ ആനന്ദലഹരിയിലും മതിമറന്ന് ജീവിക്കുന്നവരായിരുന്നു. ആ കുടുംബവുമായുള്ള അടുപ്പം ഹദ്റത്ത് അഹ്മദിന്റെ ഭാര്യയേയും മക്കളേയും ആ ദിവ്യാത്മാവിൽ നിന്നും അകറ്റാൻ കാരണമായിത്തീർന്നു. ഭക്തിപൂർണ്ണമായ നിരാഡംബര ജീവിതത്തിന്റെ മധുരിമ നുകരാൻ ഒരിക്കലും അവർക്കായില്ല. സ്വന്തം ഭാര്യ, തന്റെ എതിരാളികളോട് കൂറു പുലർത്തുകയും തന്റെ വാദങ്ങളെയും പ്രവചനങ്ങളെയും വ്യാജമാണെന്നു പ്രചരിപ്പിക്കുന്ന മത വിരോധികൾക്കു കൂട്ടുനിൽക്കുകയും ചെയ്യുന്നുവെന്നു കണ്ടപ്പോൾ ആ മഹാത്മാവിനു പൊറുക്കാൻ കഴിഞ്ഞില്ല. ഭാര്യയുമായുള്ള ദൈഹിക ബന്ധം തന്നെ ഉപേക്ഷിക്കേണ്ട അവസ്ഥ അദ്ദേഹത്തിനു വന്നെത്തി. ഒടുവിൽ, തികച്ചും വേർപ്പെട്ടു ജീവിക്കുന്ന ഭാര്യയോടു അവർ വിവാഹമോചനത്തിനാണോ ആഗ്രഹിക്കുന്നത് അതോ ചെലവു നൽകിയാൽ മതിയോ എന്ന് അദ്ദേഹം ആരാഞ്ഞു. തനിക്കു ചെലവു നൽകിയാൽ മതിയെന്നു അവർ അറിയിച്ചതനുസരിച്ച് ഹദ്റത്ത് അഹ്മദ് (അ) അങ്ങനെ ചെയ്തുകൊണ്ടിരുന്നു. എന്നാൽ 1892 -ൽ ആ നാമമാത്രബന്ധവും അവസാനിച്ച്, വിവാഹമോചനത്തിൽ അതു കലാശിക്കുകയാണുണ്ടായത്.

ഒരു നബിയുടെ ജീവിതത്തിൽ വിവാഹമോചനം പോലെയൊക്കെ സംഭവിക്കാമോ എന്നു സംശയം തോന്നിയേക്കാം. പ്രവാചകന്മാരും മനുഷ്യരായിട്ടാണ് ജനിക്കുന്നതും ജീവിക്കുന്നതും. മനുഷ്യസഹജമായ എല്ലാ അവസ്ഥകളും അവർക്കും ബാധകമാണ്. അത്തരം നിരവധി അവസ്ഥാന്തരങ്ങളിലൂടെയും സാഹചര്യങ്ങളിലൂടെയും അവർക്കും കടന്നുപോകേണ്ടതുണ്ട്. സുഖവും ദുഖവും നിരാശയും സന്തോഷവുമൊക്കെ നബിമാർക്കുണ്ടായിട്ടുണ്ട്. ജീവിതത്തിലെ ഓരോ പരീക്ഷണ ഘട്ടത്തെയും അതിജീവിക്കാൻ സർവശക്തൻ അവർക്ക് പരിശീലനം നൽകുന്നതുമാവാം, ഇത്തരം അവസ്ഥകളിലൂടെ.

ഹദ്റത്ത് അഹ്മദി(അ)ന്റെ ജ്യേഷ്ഠസഹോദരനായ മിർസാ ഗുലാം ഖാദിർ സാഹിബ്, തന്റെ പിതൃവ്യപുത്രിയായ ഹുർമത്ത് ബീബിയെയാണ് വിവാഹം ചെയ്തിരുന്നത്.

ഹദ്റത്ത് അഹ്മദിന്റെ വിവാഹമോചനം തേടിയ ഭാര്യയുടെ പേരും ഇതു തന്നെയായിരുന്നുവെന്നത് തികച്ചും യാദൃശ്ചികമാവാം.

ജ്യേഷ്ഠപത്നിയായ ഹുർമത്ത് ബീബിയെ എല്ലാവരും 'തായി' എന്നാണു വിളിച്ചിരുന്നത്. അവർ, ആദ്യം മുതൽക്കേ ഹദ്റത്ത് അഹ്മദിനോടു തികച്ചും അനുഭാവശൂന്യമായിട്ടാണു പെരുമാറിയതെന്നു സൂചിപ്പിച്ചുവല്ലോ. പല വിധത്തിലുള്ള മനഃക്ലേശങ്ങളും കഷ്ടപ്പാടുകളും അവർ മുഖേന ആ മഹാത്മാവിന് അനുഭവിക്കേണ്ടിവന്നു.

ഹദ്റത്ത് അഹ്മദിന് ഒരിക്കൽ 'തായി ആയി' എന്നൊരു വെളിപാടുണ്ടായി. 'തായി വന്നു' എന്നാണതിന്റെ വാക്യാർത്ഥമെങ്കിലും എന്താണിതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ആർക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ഈ വെളിപാട് ഒരിക്കൽ അതിന്റെ അർത്ഥം കണ്ടെത്തി. ഹദ്റത്ത് അഹ്മദിനു ഒരുകാലത്ത് അളവറ്റ മനക്ലേശങ്ങൾക്കും കഷ്ടതകൾക്കും കളമൊരുക്കിയിരുന്ന ഈ ജ്യേഷ്ഠഭാര്യ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് തിരുമനസ്സിന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അങ്ങനെ 'തായി ആയി' എന്നത് 'തായി വന്നു' എന്ന പ്രവചനാർത്ഥത്തിൽ തന്നെ പൂർത്തിയായി. പിൽക്കാലമത്രയും ഒരു തികഞ്ഞ വിശ്വാസിനിയായിട്ടുതന്നെയാണ് അവർ ജീവിച്ചതും. ജമാഅത്തിന്റെ 'വസിയ്യത്ത്' പദ്ധതിയിലും മറ്റും പങ്കെടുത്തിരുന്ന അവർ 1927-ൽ ചരമം പ്രാപിച്ചു.

ആദ്യവിവാഹബന്ധത്തിൽ അലോസരമുണ്ടായപ്പോൾ മറ്റൊരു വിവാഹബന്ധത്തെസ്സംബന്ധിച്ച് ചില ദിവ്യവെളിപാടുകളും സുവിശേഷങ്ങളും ഹദ്റത്ത് അഹ്മദിനു ലഭിച്ചുകൊണ്ടിരുന്നു.

അക്കാലത്താണ് ഗവൺമെന്റ് കനാൽ ഡിപ്പാർട്ട്മെന്റിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായ ഡൽഹി നിവാസിയായിരുന്ന മീർ നാസിർ നവാബ് സാഹിബ് ഖാദിയാനിലെത്തുന്നത്. അദ്ദേഹം ഡൽഹിയിലെ ഒരു ഉന്നത സയ്യിദ് കുടുംബാംഗമായിരുന്നു. ഖാദിയാനു തൊട്ടടുത്തുള്ള ഒരു പ്രദേശത്ത് കനാൽ സംബന്ധമായ ജോലികളുടെ മേൽനോട്ടം വഹിക്കാനാണ് അദ്ദേഹം എത്തിയത്. ഹദ്റത്ത് അഹ്മദിന്റെ ജ്യേഷ്ഠസഹോദരനായ മിർസാ ഗുലാം ഖാദിർ സാഹിബുമായി അദ്ദേഹം പരിചയബന്ധത്തിലായി. മീർ സാഹിബിന്റെ ഭാര്യക്ക് ഒരിക്കൽ എന്തോ രോഗം പിടിപ്പെട്ടപ്പോൾ മിർസാ ഗുലാം ഖാദിർ സാഹിബിന്റെ നിർദ്ദേശപ്രകാരം ഹദ്റത്ത് അഹ്മദി(അ)നെ സമീപിക്കുകയും, ഡൽഹിയിൽ നിന്നും തന്റെ ഭാര്യയെ ഖാദിയാനിൽ കൂട്ടിക്കൊണ്ടുവന്ന് ആവശ്യമായ മരുന്നുകൾ കുറിച്ചുപോവുകയും ചെയ്തിട്ടുണ്ടായിരുന്നു.

മീർ സാഹിബ് ഹദ്റത്ത് അഹ്മദിനെ ഖാദിയാനിൽവച്ച് ആദ്യം കാണുന്നതുതന്നെ ആ മഹാത്മാവ് ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണ്. ഹദ്റത്ത് അഹ്മദിന്റെ ജീവിത പരിശുദ്ധിയെക്കുറിച്ചും ഭക്തിയെക്കുറിച്ചും മറ്റും കേട്ടറിഞ്ഞ മീർ സാഹിബ് ദമ്പതികൾ, അദ്ദേഹത്തിൽ അത്യധികം ആകൃഷ്ടരായിത്തീർന്നു. എന്നാൽ, തങ്ങളുടെ ആ സന്ദർശനത്തിനു പിന്നിൽ അജ്ഞാതമായൊരു ദൈവനിയോഗവും ചരിത്രപ്രാധാന്യവും ഉണ്ടെന്നത് ആ ദമ്പതികൾ അപ്പോൾ അറിഞ്ഞിരുന്നില്ല.

ഗുലാം ഖാദിർ സാഹിബുമായുള്ള സ്നേഹബന്ധം ശക്തിപ്പെട്ടതോടെ മീർ സാഹിബ് ഡൽഹിയിൽ നിന്നും ഇടയ്ക്കിടെ ഖാദിയാൻ സന്ദർശിക്കുകയും അദ്ദേഹവുമായി ബന്ധപ്പെടുകയും ചെയ്തു കൊണ്ടിരുന്നു. മിർസാ ഗുലാം ഖാദിർ സാഹിബിന്റെ ചരമത്തിനു ശേഷവും ഹദ്റത്ത് അഹ്മദുമായുള്ള സ്നേഹബന്ധം അദ്ദേഹം തുടർന്നുപോന്നു.

മീർ സാഹിബിന് വിവാഹപ്രായമായ ഒരു മകളുണ്ടായിരുന്നു. നുസ്റത്ത് ജഹാൻ ബീഗം. കുട്ടിയ്ക്കന്ന് 18 വയസ്സായിരുന്നു പ്രായം. മകൾക്ക് അനുരൂപനായ ഒരു വരനെ തേടി അലയുകയായിരുന്നു അദ്ദേഹമപ്പോൾ. സാത്വികനും, ഭക്തനുമായ ഒരാളായിരിക്കണം തന്റെ മകളുടെ ഭാവിവരനെന്നു മീർ സാഹിബിനു നിർബന്ധമുണ്ടായിരുന്നു. ഈ വിഷയം അറിയിച്ചുകൊണ്ടും, നല്ലൊരു ഭർത്താവിനെ മകൾക്കു കിട്ടുന്നതിനുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തുന്നതിനപേക്ഷിച്ചുകൊണ്ടും മീർസാഹിബ്, ഹദ്റത്ത് അഹ്മദുൽ ഖാദിയാനിക്ക് കത്തെഴുതി.

ആദ്യവിവാഹത്തിലെ അസ്വാരസ്യങ്ങൾക്കിടയിൽ മറ്റൊരു വിവാഹത്തെസ്സംബന്ധിച്ച് ചില ദിവ്യ വെളിപാടുകളും സുവിശേഷങ്ങളും ഹദ്റത്ത് അഹ്മദിനു ലഭിച്ചുകൊണ്ടിരുന്ന ആ അവസരത്തിലാണ് മീർ സാഹിബിന്റെ ഈ കത്ത് കിട്ടിയത്. ഒരു സയ്യിദ് കുടുംബവുമായി തന്റെ വിവാഹം നടക്കുമെന്നും ആ വിവാഹത്തിന്റെ എല്ലാ ഏർപ്പാടുകളും ദൈവികമായ നിലയിൽത്തന്നെ പൂർത്തിയാക്കപ്പെടുമെന്നും യാതൊരു തരത്തിലും ക്ലേശിക്കേണ്ടി വരികയില്ലെന്നും ഈ വിവാഹം അനുഗ്രഹപൂർണ്ണമായിരിക്കുമെന്നും മറ്റും ആ വെളിപാടിൽ വ്യക്തമായി സൂചിപ്പിച്ചിരുന്നു. തനിക്കു ലഭിച്ചിട്ടുള്ള ഈ വെളിപാടുകളെയും ദിവ്യദർശനങ്ങളെയും കുറിച്ച് തന്റെ സ്നേഹിതന്മാരെയും, ഏറ്റവും അടുത്തവരെയും അറിയിക്കാൻ ഹദ്റത്ത് അഹ്മദ് (അ) തെല്ലും മടിച്ചിരുന്നില്ല.

ഹദ്റത്ത് അഹ്മദ് (അ) മീർ നാസിർ നവാബ് സാഹിബിന് ഡെൽഹിയിലേക്ക് ഒരു മറുപടി അയച്ചു. തന്റെ ആദ്യഭാര്യയുമായുള്ള ബന്ധം കേവലം നാമമാത്രമായിത്തീർന്നിരിക്കുകയാണെന്നും താൻ മറ്റൊരു വിവാഹം കൂടി ചെയ്യാനാഗ്രഹിക്കുന്നുവെന്നും ആ കത്തിൽ അദ്ദേഹം എഴുതി.

തന്റെ മകളെ ഹദ്റത്ത് അഹ്മ

ദിനെക്കൊണ്ടു വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ചാലോ, എന്നദ്ദേഹം ആലോചിച്ചു. എന്നാൽ 18 വയസ്സുള്ള പുത്രിയെ, വിവാഹിതനും രണ്ടുകുട്ടികളുടെ പിതാവുമായ ഒരു പഞ്ചാബിക്ക് വിവാഹം ചെയ്തുകൊടുക്കുവാൻ ഭാര്യ സമ്മതിക്കുമോ? പല വിവാഹാലോചനകളും ഭാര്യയുടെ എതിർപ്പു കാരണം ഉപേക്ഷിക്കേണ്ടി വന്നതും അദ്ദേഹം ഓർത്തു. വധൂവരന്മാരുടെ പ്രായത്തിന്മേലുള്ള വലിയ അന്തരവും, കുടുംബപരമായ നിലപാടുകളും വച്ചുനോക്കുമ്പോൾ എന്തോ ഒരു പൊരുത്തക്കേടുണ്ടെന്ന തോന്നലും മീർ സാഹിബിനുണ്ടായി. ഒരു പെൺകുട്ടിയുടെ പിതാവിനെ സംബന്ധിച്ചിടത്തോളം അതു സ്വാഭാവികമാണ്. ഇതിനൊക്കെപ്പുറമെ അക്കാലത്ത് (ഇന്നും) ഡെൽഹിക്കാർക്കു പഞ്ചാബികളോടും പഞ്ചാബികൾക്കു ഡെൽഹിക്കാരോടും പരസ്പരമുള്ള അവജ്ഞാഭാവവും ആലോചനാവിഷയമായി. എന്നാൽ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ മഹനീയമായ സ്വഭാവഗുണങ്ങളെപ്പറ്റിയുള്ളേ ചിന്ത, ഈയൊരു വിവാഹബന്ധത്തിനു അനുകൂലമായി തീരാൻ മീർ സാഹിബിൽ പ്രേരണ ചെലുത്തി.

ഈ വിവാഹാലോചനാ വിഷയത്തെപ്പറ്റി മീർസാഹിബ് തന്റെ ഭാര്യയോടു സൂചിപ്പിച്ചുവെങ്കിലും അവർ തൽക്കാലം ഒന്നും പ്രതികരിച്ചില്ല. അപ്പോഴാണ് ലുധിയാനയിൽ നിന്നും മകൾക്ക് മറ്റൊരാലോചന വന്നത്. വരൻ നല്ലൊരു പയ്യനായിരുന്നുവെങ്കിലും എന്തോ അയാൾക്കു തന്റെ മകളെ കൊടുക്കാൻ ആ മാതാവിന് ഇഷ്ടം തോന്നിയില്ല. മാത്രമല്ല, അയാളെക്കാൾ എത്രയോ നല്ല ബന്ധമായിരിക്കും ഗുലാം അഹ്മദുമായുള്ളതെന്ന് പെട്ടെന്നവർ പ്രതികരിക്കുകയും ചെയ്തു. മീർ സാഹിബിനും അതു സന്തോഷകരമായിത്തോന്നുകയും, ഭാര്യയുടെ അനുമതി ലഭിച്ചപ്പോൾ അദ്ദേഹം ഉടൻ ഖാദിയാനിലേക്ക് കത്തെഴുതി വിവരം അറിയിക്കുകയും ചെയ്തു.

മീർസാഹിബിന്റെ കുടുംബക്കാർക്കു ഈ വിവാഹബന്ധം തീരെ ഇഷ്ടമായില്ല. ഒരു പതിനെട്ടുകാരിയെ മദ്ധ്യവയസ്കനായ ഒരു പഞ്ചാബിക്ക്, അതും രണ്ടു കുട്ടികളുള്ള ഒരാൾക്ക് കല്യാണം കഴിച്ചു കൊടുക്കുന്നതിനെതിരെ അവർ രഹസ്യമായി മുറുമുറുത്തുകൊണ്ടിരുന്നു.

മീർസാഹിബിന്റെ കത്തുകിട്ടിയപ്പോൾ ഹദ്റത്ത് അഹ്മദ് (അ) ഒന്നു രണ്ടു അടുത്ത സ്നേഹിതന്മാരേയും കൂട്ടി ഡെൽഹിക്കു പുറപ്പെട്ടു. നവവധുവിനു നൽകാൻ പൊൻപണ്ടങ്ങളോ പട്ടുവസ്ത്രങ്ങളോ അദ്ദേഹം കരുതിയിരുന്നില്ല. ആഘോഷങ്ങളോ ആചാരങ്ങളോ ഇല്ലാതെ ആ വിവാഹം സമംഗളം നടന്നു. മീർ സാഹിബിനും ഭാര്യക്കും ഈ വിവാഹബന്ധത്തിൽ അതീവ സംതൃപ്തി ഉണ്ടായിരുന്നുവെങ്കിലും കുടുബാംഗങ്ങളിൽ പലരും അസന്തുഷ്ടരായിരുന്നു. അവരുടെ എതിർപ്പിനെ മീർ നാസിർ നവാബ് സാഹിബ് അവഗണിക്കുകയായിരുന്നു.

1884 നവംബർ 17 തിങ്കളാഴ്ച യാണ് ഡെൽഹിയലെ ഖാജാ മീർദർദി (റ)ന്റെ പള്ളിയിൽ വെച്ച് വിവാഹം നടന്നത്. നിക്കാഹ് കർമ്മം നിർവ്വഹിച്ചത് മൗലവി സയ്യിദ് നദീർ ഹുസൈൻ സാഹിബ് ആയിരുന്നു.

പിറ്റേ ദിവസം നവവധൂവുമൊത്ത് ഹദ്റത്ത് അഹ്മദ് (അ) ഖാദിയാനിലേക്കു മടങ്ങി.

ഭൂമിയിലെ ഏതൊരു മഹാചക്രവർത്തിയുടെ പട്ടമഹിഷിയ്ക്കും അലഭ്യമായ അത്യുന്നപദവികളിൽ ആത്മീയ സാമ്രാജ്യത്തിലെ റാണിയായി അവർ ഖാദിയാൻ ഗ്രാമത്തിൽ ജീവിച്ചു. അവർ, 'ഉമ്മുൽ മുഅ്മിനീൻ' (വിശ്വാസികളുടെ മാതാവ്) എന്നു വിളിക്കപ്പെട്ടു.

തന്റെ വിവാഹത്തെസ്സംബന്ധിച്ച വെളിപാടുകളെപ്പറ്റി ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം എഴുതിയിരുന്നു:

"ഈ പ്രവചനം, മറ്റു ചില വെളിപാടുകളിൽ കൂടുതൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ദൽഹി നഗരത്തെക്കുറിച്ചു കൂടി അതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഈ പ്രവചനം യഥാസമയം അനേകം ആളുകളെ കേൾപ്പിച്ചിരുന്നു. അങ്ങനെ, എഴുതപ്പെട്ട പ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു. എന്തെന്നാൽ, പൂർവ്വികമായ യാതൊരു ഇടപാടുകളും കുടുംബപരമായ ബന്ധങ്ങളും ഇല്ലാത്ത നിലയിൽ തന്നെ, ദൽഹിയിലെ ബഹുമാന്യവും പ്രശസ്തവുമായ ഒരു സയ്യിദ് കുടുംബത്തിൽ തന്റെ വിവാഹവും നടന്നു.... എന്റെ സന്താന പരമ്പരയിൽ ഇസ്‌ലാമിന്റെ സഹായത്തിനുള്ള ഒരു വലിയ അടിസ്ഥാനം ഇടപ്പെടുമെന്നും, സ്വർഗ്ഗീയമായ ആത്മാവിനെ ഉൾക്കൊള്ളുന്ന ഒരു വ്യക്തിയെയും അതുമുഖേന ജനിപ്പിക്കുമെന്നും ഉള്ളത് ദൈവത്തിന്റെ വാഗ്ദാനമായിരുന്നു. അതിനാൽ, ഈ കുടുംബത്തിലെ ഒരു പെൺകുട്ടിയെ എന്റെ വിവാഹബന്ധത്തിൽ കൊണ്ടുവരാനും അതുവഴി സന്താനങ്ങളെ ജനിപ്പിക്കാനും, എന്റെ പക്കൽ ഏതു ദീപ്രപ്രഭ പ്രകാശിച്ചു തുടങ്ങിയോ ആ വെളിച്ചത്തെ ലോകമെമ്പാടും പരത്താനും ദൈവം ഇച്ഛിച്ചു... എന്റെ ആ ഭാവിസന്താനങ്ങളുടെ മാതാവായിത്തീരേണ്ട ഈ ഭാര്യയുടെ പേര് നുസ്റത്ത് ജഹാൻ ബീഗം - ലോകത്തിന്റെ സഹായം എന്ന് അർത്ഥം - എന്നാണെന്നത് അത്ഭുതാവഹമായ ഒരു ഒത്തുവരലായിട്ടാണ് എനിക്കു തോന്നുന്നത്. എന്തെന്നാൽ, മുഴുലോകത്തിന്റെയും സഹായാർത്ഥമാണ് എന്റെ സന്താനപരമ്പരയുടെ അടിസ്ഥാനമിട്ടിരിക്കുന്നതെന്ന വസ്തുതയിലേക്കാണ് ഇതു മഹത്തായ സൂചന നൽകുന്നത്. ചിലപ്പോൾ നാമധേയങ്ങളിൽ പോലും പ്രവചനങ്ങൾ ഒതുക്കുന്നത് ദൈവത്തിന്റെ ആദ്യകാലം മുതലുള്ള ചട്ടമത്രെ."

സയ്യിദ നുസ്റത്ത് ജഹാൻ ബീഗം (റ) അവരിലർപ്പിക്കപ്പെട്ട പ്രതീക്ഷകൾക്കൊത്തു സ്വഭർത്താവിന്റെ എല്ലാ പ്രവർത്തനങ്ങളേയും, സർവ്വാത്മനാ സഹായിച്ചുകൊണ്ടിരുന്നു. ആ

മെന്റിനു കീഴിൽ കലക്ടർ ഉദ്യോഗം വരെ വഹിക്കുകയും, ഒടുവിൽ ദാവൽപൂർ സ്റ്റേറ്റിലെ റവന്യൂ മന്ത്രിയായിത്തീരുകയും ചെയ്തു. അദ്ദേഹം നല്ലൊരു ഗ്രന്ഥകാരനുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ അനുജനായ മിർസാ ഫസ്ൽ അഹ്മദ് സാഹിബിനു ദൈവികാനുഗ്രഹം ലഭിക്കാൻ ഭാഗ്യമുണ്ടായില്ല. ഹദ്റത്ത് അഹ്മദി (അ)ന്റെ ജീവിതകാലത്തുതന്നെ ബൈഅത്ത് ചെയ്യാനുള്ള ഭാഗ്യമുണ്ടാവാതെ സന്താനരഹിതനായി അദ്ദേഹം ചരമം പ്രാപിച്ചു. എങ്കിലും അദ്ദേഹം അനുസരണയുള്ള ഒരു പുത്രനായിരുന്നുവന്നത് ശ്രദ്ധാർഹമായിരുന്നു.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി, താൻ നൂഹ് ആണെന്നും യഅ്ഖൂബ് ആണെന്നും ഇബ്രാഹീം ആണെന്നും പറഞ്ഞിട്ടുണ്ട്. തൻമൂലം നൂഹ്നബിയുടേയും യഅ്ഖൂബ് നബിയുടേയും ഇബ്രാഹിം നബിയുടേയും സാദൃശ്യങ്ങൾ ആ ദിവ്യാത്മാവിൽ നമുക്കു കണ്ടെത്താൻ കഴിയും. ●

(തുടരും)

യിരുന്ന മർഹും ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് (നമ്മുടെ പ്രിയപ്പെട്ട മിയാൻ സാഹിബ്) വാഗ്ദത്ത മസീഹിന്റെ ഒരു പൗത്രനാണെന്നത് എന്നെന്നും നമുക്ക് അഭിമാനിക്കാൻ വക നൽകുന്നു.

ആദ്യവിവാഹത്തിൽ ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ്, മിർസാ ഫസൽ അഹ്മദ് എന്നീ രണ്ട് പുത്രന്മാർ ഉണ്ടായിരുന്നുവെന്നും സൂചിപ്പിച്ചുവല്ലോ. ഇവർ ഉമ്മയോടു ചേർന്ന് നിഷേധികളായി പ്രവർത്തിക്കുകയാണു ചെയ്തത്. നേരിട്ട് 'ബൈഅത്ത്' ചെയ്യാനുള്ള ഭാഗ്യം അവർക്കു ലഭിച്ചില്ല. എന്നാൽ, പിൽക്കാലത്ത് മൂത്തമകനായിരുന്ന ഹദ്റത്ത് മിർസാ സുൽത്താൻ അഹ്മദ് സാഹിബ്, തന്റെ അനുജനും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ വിശുദ്ധ ഹസ്തത്തിൽ 'ബൈഅത്ത്' ചെയ്തുകൊണ്ട്, അദ്ദേഹത്തിന്റെ ആത്മീയ ശിഷ്യത്വം സ്വീകരിക്കുകയുണ്ടായി. അദ്ദേഹം ബ്രിട്ടീഷ് ഗവൺ

മഹാത്മാവിന്റെ എല്ലാ സുഖ:ദുഖങ്ങളിലും അവർ പരിപൂർണ്ണ പങ്കാളിയായി. ഹദ്റത്ത് അഹ്മദ് (അ) അവരെ അത്യധികം സ്നേഹിച്ചു. സുവിശേഷമറിയിക്കപ്പെട്ട വാഗ്ദത്തപുത്രന്മാരുടെ മാതാവെന്ന നിലയിൽ, ആ ദിവ്യാത്മാവ് സ്വന്തം ഭാര്യയെ വളരെ ആദരിക്കുകയും ചെയ്തിരുന്നു.

'ഉമ്മുൽ മുഅ്മിനീൻ' ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബയിൽ ഹദ്റത്ത് അഹ്മദിന് പത്തു സന്താനങ്ങൾ ജനിച്ചു. അഞ്ചു പുത്രന്മാരും അഞ്ചു പുത്രിമാരും. അവരിൽ നാലുപേർ ശൈശവത്തിലും ഒരു പുത്രൻ ബാലനായിരുന്നപ്പോഴും മരിച്ചുപോയി.

ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ സന്താനങ്ങൾ ഈ കാലഘട്ടത്തിലെ യഥാർത്ഥ നേതാക്കന്മാരാണ്. ലോകം മുഴുവനും ഇസ്‌ലാമിനെ വിജയിപ്പിക്കുവാനുള്ള സംഘടിതമായ ഒരു മഹാപ്രസ്ഥാനത്തിന്റെ നായകർ ഇവരും ഇവരുടെ സന്താനങ്ങളുമാണ്.

ഭാരതത്തിലെ മുഴുവൻ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെയും തലവനാ

---

## യാചന

ചില കാര്യങ്ങളിൽ ഭരണാധികാരികളോട് യാചന നടത്താം. വളരെ അടിയന്തിരഘട്ടത്തിലും യാചിക്കാം. അല്ലാത്ത പക്ഷം അത് യാചകന്റെ മുഖത്ത് ബാധിക്കുന്ന ഒരു വ്രണമാണ് (തിർമിദി).

ഇബ്നു മസ്ഊദിൽ നിന്നും നിവേദനം: ഒരാൾ വിശന്നുവലയുകയും മനുഷ്യനിൽ നിന്നും വിശപ്പിൽ നിന്നുള്ള മോചനം തേടുകയും ചെയ്താൽ അവൻ മോചനം നേടുന്നതല്ല. അവൻ അല്ലാഹുവിനോട് വിശപ്പിൽ നിന്നും മോചനം തേടുകയാണെങ്കിൽ ഉടൻ തന്നെ മോചിതനാവും.

**(അബൂദാവൂദ്, തിർമിദി)**

---

*(പേജ് 23-ൽ നിന്ന് തുടർച്ച)*

സാഹചര്യം വാണിജ്യരംഗത്ത് അബൂഹനീഫ (റ)യെപ്പോലെയുള്ള അത്യുന്നതമായ സത്യസന്ധതയും ധാർമ്മികതയും പുലർത്തുന്ന വ്യക്തികളെ 'മുദാറബി'ന്റെ (ഏജൻറ്, മാനേജർ) റോൾ കൈകാര്യം ചെയ്യുവാനായി ഉയർത്തിക്കൊണ്ട് വരുന്നു.

### 'മുശാറക്ക': മുഫാ വദ, ഇനാൻ (തുല്യമൂലധന പങ്കാളിത്തം, മൂലധന പങ്കാളിത്തം പാർട്ട്ണർഷിപ്പ്)

ഒരു പ്രത്യേക ബിസിനസ്സ് ചെയ്യാൻ വേണ്ടിയുള്ള പാർട്ട്ണർഷിപ്പിന്നാണ് 'മുശാറക്ക' എന്ന് പറയുന്നത്. അതുകൊണ്ട് മുശാറക്ക സാധാരണ നിലയിൽ ഒരു നിശ്ചിത സമയത്തേക്കുള്ള ബിസിനസ്സ് ആയിരിക്കും. പാർട്ട്ണർമാരുടെ സമ്മതത്തോടുകൂടി അത് ശാശ്വതമായ ഒരു പാർട്ട്ണർഷിപ്പ് ബിസിനസ്സ് ആണെങ്കിൽ അത് 'മുഫാവദ' അഥവാ 'ഇനാൽ' എന്ന് അറിയപ്പെടുന്നു. 'മുഫാ വദ' എന്നത് ഒരു പാർട്ട്ണർഷിപ്പ് കരാറിലൂടെ നിലവിൽ വരുന്ന ബിസിനസ്സ് ആണ്. ഈ കരാറിൽ പങ്കെടുക്കുന്ന കക്ഷികൾ അവരുടെ നേട്ടത്തിന്നായി ഏത് വിധേനയുള്ള ഉപാധികളുടെ അടിസ്ഥാനത്തിലും കച്ചവടം ചെയ്യാനുള്ള അവകാശമുണ്ടായിരിക്കും. (4) മൂലധനത്തിന്റെ തോതനുസരിച്ച് ലാഭവും നഷ്ടം വന്നാൽ അതും അവർക്കിടയിൽ വീതിക്കപ്പെടുന്നു. ബിസിനസ് മാനേജ്മെന്റിൽ മൂലധന നിക്ഷേപകരാണ് പങ്കെടുക്കുന്നത്. അവർ പങ്കെടുക്കാതെയുള്ള ബിസിനസ്സും 'മുഫാവദ'യിലാവാം. (തുടരും) ●

**വിവ: ഏ.എം.**

ലേഖനം

# ഭൂമി ചൂടാവുന്നു

**ഫരീദ് അഹ്മദ്**

## ഭൂമിയുടെ പരിസ്ഥിതി സുസ്ഥിരമായി നിലനിൽക്കണമെങ്കിൽ ചില മതധാർമ്മികതത്ത്വങ്ങൾ മനുഷ്യൻ പാലിക്കേണ്ടിയിരിക്കുന്നു.

ഈയടുത്ത കാലത്തെ റിപ്പോർട്ട് പ്രകാരം കഴിഞ്ഞ തണുപ്പ് കാലം രേഖപ്പെടുത്തപ്പെട്ടതിൽ വെച്ച് ഏറ്റവും തണുപ്പ് കുറഞ്ഞ കാലമായിരുന്നു. (1) യൂറോപ്പിലുള്ളവർ ഒരുപക്ഷേ, കഠിനമായ തണുപ്പും കൊടുംമഞ്ഞുകാലവും ഇഷ്ടപ്പെട്ടില്ലെന്നു വരാം. എന്നാൽ പരിസ്ഥിതി ശാസ്ത്രജ്ഞന്മാരെസ്സംബന്ധിച്ചേടത്തോളം ഇത് അശുഭകരമായ ഒരു വാർത്തയാണ്. ഹരിതഗൃഹവാതകങ്ങളും കാർബൺ ഡയോക്സൈഡിന്റെ ആധിക്യവും, എൽനിനോയും, മീതൈൽ വാതകത്തിന്റെ സാന്നിദ്ധ്യവുമെല്ലാം നല്ല അടയാളമായി അവർ കാണുന്നില്ല. ഇവയെല്ലാം ഭൂമിയിലെ ഭാവിജീവിതത്തിന് അപകടമാണ്.

അടുത്ത 50 വർഷത്തിന്നുള്ളിൽ ഭൗമാന്തരീക്ഷത്തിന്റെ ചൂട് രണ്ടോ മൂന്നോ ശതമാനം കൂടുകയാണെങ്കിൽ നാം 75 ശതമാനം അപകടത്തിലാണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. (2) ഇതിന്റെ അനന്തരഫലം നാടകീയമാണ്. ഭൂമിയുടെ ചൂട് ഒരു ഡിഗ്രി കൂടിയാൽ ഗ്രീൻലന്റിലെ മഞ്ഞുപാളികൾ ഉരുകും. ഇന്ത്യാസമുദ്രത്തിലെ മാലി ദ്വീപ് ഇത് മൂലം മുങ്ങിപ്പോവും. ചൂട് മൂന്ന് ഡിഗ്രി കൂടിയാൽ അത് അമേരിക്കയിലെ ആമസോൺ മഴക്കാടുകൾ നശിപ്പിക്കും. ഭൂമിയിലെ ജീവികളിൽ പകുതി ഇനങ്ങളും നാശത്തെ അഭിമുഖീകരിക്കും. കാലാവസ്ഥ വ്യതിയാനത്തെത്തുടർന്ന് ഭൂമിയിലെ കാർഷികോൽപാദനം ഗണ്യമായി കുറയും. ഇതൊന്നും തന്നെ ഒരു നോവലിലെ ഭാവനാസൃഷ്ടികളല്ല. സംഭവിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ഗവൺമെന്റുകളുടെ അന്താരാഷ്ട്രാ പാനലിന്റെ കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള ഒരു പഠനം പ്രവചിച്ചത്, അടുത്ത നൂറ്റാണ്ടിനുള്ളിൽ 6 ശതമാനം ഭൂമിയുടെ ചൂട് വർദ്ധിക്കാൻ സാദ്ധ്യതയുണ്ടെന്നാണ്.

ഈ വിഷയത്തിൽ വൈദഗ്ധ്യം നേടിയ ശാസ്ത്രജ്ഞന്മാർ കഴിഞ്ഞ കുറേ ദശകങ്ങളായി ആഗോളതാപനം കുറയ്ക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ, ലോകത്തിലെ സാമ്പത്തിക ഭീമന്മാർ അതാത് രാജ്യങ്ങളുടെ ദേശീയ താല്പര്യങ്ങളുടെ സംരക്ഷണാർത്ഥം പലവിധ വ്യാവസായിക, നിർമ്മാണ ജീവിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് അന്താരാഷ്ട്രസമൂഹത്തിന്റെ പാരിസ്ഥിതികമായ ഈ മുറവിളി അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. ചിലപ്പോൾ ദേശീയ ഗവൺമെന്റുകൾ തന്നെ വിദഗ്ധരെ നിയമിച്ച് അത്തരം ഭീഷണികളൊന്നുമില്ലെന്ന് റിപ്പോർട്ട് സൃഷ്ടിക്കാറുണ്ട്. അത്തരം താൽപര്യക്കാർ ഇഗ്ബൂ വർഗ്ഗക്കാരുടെ ഒരു പഴമൊഴി ഓർക്കുന്നത് നന്ന്. അതായത്, ***'നിങ്ങൾ ഒരുപക്ഷേ സമർത്ഥനാകാം. പക്ഷേ നിങ്ങൾക്ക് നിങ്ങളുടെ നിഴലിനെ ഇല്ലാതാക്കാൻ സാധ്യമല്ല.'*** ഇപ്പോൾ ഈ നിഴൽ വലുതായിക്കൊണ്ട് വരുന്നു. ആസന്നമായ പാരിസ്ഥിതിക ഭീഷണിയെക്കുറിച്ച് ജനനേതാക്കന്മാർ ആശങ്കാകുലരാണ്. അതുകൊണ്ട് ഇത് സഗൗരവം ചിന്തിക്കേണ്ട സമയമാണ്. ഈ ദുരന്തത്തെ അതിജീവിക്കാനുള്ള വഴികളില്ലേ?

ഭൂമിയിലെ കാലാവസ്ഥ തണുപ്പിന്റേയും ചൂടിന്റേയും ഘട്ടത്തിലൂടെ തീർച്ചയായും കടന്നുപോകാറുണ്ട്. പക്ഷേ, ഇപ്പോഴത്തെ ഈ കാലാവസ്ഥ വ്യതിയാനം നമ്മെ ആശങ്കപ്പെടുത്തുന്നു. സാങ്കേതിക ശാസ്ത്രത്തിന്റെ വികസനത്താൽ നമുക്ക് പ്ളാസ്റ്റിക്ക്, ആകാശസഞ്ചാരം, കുറഞ്ഞ വിലക്ക് ഭക്ഷണം മുതലായവ ലഭിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സൗകര്യങ്ങളുടേയും വസ്തുക്കളുടേയും ഉപഭോഗവും പ്രകൃതിയുമായി നാം ഒരു സന്തുലനം പാലിക്കേണ്ടതു

ണ്ട്. ഈ ഉപഭോഗങ്ങളുടെ ഏറ്റക്കുറച്ചിലുകളെ കൈകാര്യം ചെയ്യാൻ പ്രകൃതിക്ക് പല സവിശേഷ കഴിവുകളുമുണ്ട്. പക്ഷേ, ഉപഭോഗം അമിതമായാൽ ഭൂമിക്ക് സ്വയം നിയന്ത്രിക്കാൻ സാധ്യമല്ല.

മനുഷ്യൻ അങ്ങേയറ്റം വിശ്വസ്ഥതയോടെ കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തപ്പെട്ട ഒരിടമാണ് ഭൂമി എന്ന് ഇസ്‌ലാം പറയുന്നു. പണ്ട് കാലത്ത് മനുഷ്യന് ഇതിനെസ്സംബന്ധിച്ച് ബോധമുണ്ടായിരുന്നു. അമിതമായ കാലിമേച്ചിൽ അല്ലെങ്കിൽ കടും കൃഷി അവന്റെ ജീവിതവൃത്തിയെത്തന്നെ നശിപ്പിക്കുമെന്ന് മനുഷ്യന് ബോധമുണ്ടായിരുന്നു. പുരാതനമനുഷ്യന്റെ അറിവ് പരിമിതമായിരുന്നു. മനുഷ്യന്റെ അജ്ഞതകൊണ്ടോ ദുരുപയോഗം കൊണ്ടോ എന്തെങ്കിലും ഒരു ദുരന്തം സംഭവിക്കുകയാണെങ്കിൽ അവൻ അവിടെ നിന്നും എങ്ങോട്ടെങ്കിലും പോയി വീണ്ടും ജീവിതം ആരംഭിക്കും. ഇക്കാലത്ത് അറിവില്ലായ്മ കൊണ്ട് പ്രകൃതിയോട് പെരുമാറുന്നു എന്ന് പറയാൻ സാധ്യമല്ല. നമ്മുടെ പൂർവ്വകാലാനുഭവങ്ങളിൽ നിന്നും പ്രകൃതിയെ ദുരുപയോഗം ചെയ്യാൻ പാടില്ല എന്ന് നാം പഠിച്ചു കഴിഞ്ഞതാണ്. ഇക്കാലത്ത് ഭൂമിയുടെ വമ്പിച്ച ഭാഗം വിഭവങ്ങൾ നാം ഉപയോഗിക്കുന്നു എന്നത്കൊണ്ട് നമ്മുടെ ഉത്തരവാദിത്വങ്ങളും കൂടിയിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ വസ്തുത നമ്മുടെ പ്രവർത്തനങ്ങളുടെ പ്രത്യാഘാതം വെറും പ്രാദേശികമായുള്ളതല്ല, അത് ആഗോളതലത്തിലുള്ളതാണ് എന്നുള്ളതാണ് നാം ഉത്തരവാദിത്തത്തോടെ പ്രവർത്തിച്ചില്ലെങ്കിൽ നമുക്ക് മറ്റൊരിടത്തേക്ക് മാറിത്താമസിക്കാനുള്ള സാധ്യതയില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം നാം ഉല്പാദകരോ, നിർമ്മാതാക്കളോ, ഉപഭോക്താക്കളോ ആകട്ടെ, നമ്മുടെ പ്രവർത്തനങ്ങൾ മൂലം വന്നുഭവിക്കുന്ന പാരിസ്ഥിതിക ആഘാതങ്ങളെസ്സംബന്ധിച്ച് നാം ബോധവാന്മാരായിരിക്കണം. അത്തരം ഉത്തരവാദിത്തങ്ങൾ പാശ്ചാത്യരുടേതോ പൗരസ്ത്യരുടേതോ അല്ല, എല്ലാ ഭൂവാസികളുടേതുമായിരിക്കണം.

ഇസ്‌ലാമിൽ കാലാവസ്ഥാ വ്യതിയാനത്തിലെ ഓരോ വിഷയത്തേയും അഭിമുഖീകരിച്ച് പറയുന്നതിന് പകരം, വിശുദ്ധ ഖുർആൻ മനുഷ്യവംശത്തിന്റെ സുസ്ഥിര വികസനത്തിന് ചില ധാർമ്മിക തത്ത്വങ്ങളും പ്രമാണങ്ങളും അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ധർമ്മോൽബദ്ധനാകുന്ന മനുഷ്യന്റെ സ്വഭാവം ഒരു പ്രത്യേക വിഷയത്തിൽ മാത്രമല്ല. എല്ലാ മനുഷ്യ പ്രവർത്തനങ്ങളിലും അതിന്റെ സ്വാധീനമുണ്ടാകും. അതുകൊണ്ടാണ് ഇസ്‌ലാം ഇത്തരം പാരിസ്ഥിതിക വിഷയങ്ങളെ ധർമ്മോൽബോധനരൂപത്തിൽ അവതരിപ്പിക്കുന്നത്. ഇതിൽ പാരിസ്ഥിതികവും, സുസ്ഥിരവികസനപരവുമായ പ്രശ്നം ഉൾപ്പെടുന്നു. അതുകൊണ്ടാണ് ഇസ്‌ലാം ഇത്തരം പാരിസ്ഥിതിക വിഷയങ്ങളെ ഈ രൂപത്തിൽ അവതരിപ്പിക്കുന്നത്.

നീതിയുക്തമായ സ്വഭാവം, സൗഹൃദ്ദം, ഐക്യത മുതലായവ ഇസ്‌ലാമിക ധാർമ്മിക പദ്ധതിയിൽപ്പെട്ട അദ്ധ്യാപനങ്ങളാണ്. പ്രകൃതിവിഭവങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഇത്തരം ഇസ്‌ലാമിക മൂല്യങ്ങൾ അതീവ പ്രാധാന്യമുള്ളതാണ്. ഇസ്‌ലാം മതവിശ്വാസികൾ അവരുടെ ജീവിതത്തിൽ ദൈവപ്രീതി ലഭിക്കുവാൻ ഇത്തരം കല്പനകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. ഖുർആൻ പറയുന്നു:

***'നിശ്ചയമായും അല്ലാഹു അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കൽപ്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കൽപ്പിക്കണം.'*** (4:49)

പ്രപഞ്ചസംവിധാനത്തിൽ ഒരു സന്തുലന വ്യവസ്ഥയുണ്ടെന്നും അത് ദൈവസൃഷ്ടിയുടെ പ്രത്യേകതയാണെന്നും ഖുർആൻ പറയുന്നു.

***'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സന്തുലനത്തിൽ അതിലംഘിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവ്വം സന്തുലനം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവ് വരുത്തരുത് (55: 8-10)***

പരിപൂർണ്ണനായ ദൈവം അവന്റെ അപാരമായ അനുഗ്രഹത്തിൽ നിന്ന് കാലാകാലങ്ങളിൽ കൃത്യമായ അളവിൽ മനുഷ്യന് വിഭവങ്ങൾ നൽകുന്നു. മനുഷ്യന്റെ ദുരുപയോഗം കാരണം ഈ സന്തുലനം തകിടം മറിഞ്ഞു. മനുഷ്യൻ തന്നെയാണ് ഇതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടി വരിക. ഇവിടെ സന്തുലനം (മീസാൻ) അഥവാ ആക്കരുക്കം എന്ന പദം ഉപയോഗിച്ചത് വളരെ ശ്രദ്ധേയമാണ്. ഇത് പ്രകൃതിയിൽ മുഴുക്കെ കാണുന്ന സന്തുലനത്തെപ്പറ്റിയാണ്. മനുഷ്യൻ അത് അതിവർത്തിക്കുകയാണെങ്കിൽ തീർച്ചയായും സുസ്ഥിരത ഇല്ലാതാവും.

മനുഷ്യന്റെ ആവശ്യങ്ങളും - പ്രകൃതിയുമായി ഒരു സന്തുലനം പാലിക്കേണ്ടതുണ്ട്. നീതിപൂർവ്വം മാത്രമേ പ്രകൃതിയിൽ നിന്നും വിഭവങ്ങൾ സ്വീകരിക്കാൻ പാടുള്ളൂ. ഭൂമിയിലെ വിഭവങ്ങൾ ഭാവിയിൽ വരുന്ന തലമുറകൾക്ക് കൂടി അവകാശപ്പെട്ടതാണ്. വ്യക്തിതലത്തിലും ആ കാര്യം ഖുർആൻ മനുഷ്യനെ ഓർമ്മിപ്പിക്കുന്നു. ഒരുപക്ഷേ, അവൻ താൻ ചെയ്ത അകൃത്യങ്ങളുടെ അനന്തരഫലം അനുഭവിക്കാൻ ജീവിച്ചിരുന്നില്ലെങ്കിൽ പോലും അതിന്ന് കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന് ദൈവം താക്കീത് നൽകിയിരിക്കുന്നു. ഖുർആൻ പറയുന്നു:

***അളവിൽ കുറക്കുന്നവർക്ക് മഹാനാശം, ജനങ്ങളിൽ നിന്ന് അളന്നു വാങ്ങുമ്പോൾ അവർ പൂർത്തിയായി വാങ്ങുകയും അവർക്ക് അളന്നുകൊടുക്കുകയോ***

*(ശേഷം 40-ാം പേജിൽ)*

ലേഖനം

# ആഗോള ശീതയുദ്ധം ആരംഭിച്ചുവോ?

**വ്‌ളാദ്മിർ റാദിയൂഹിൻ**

**റഷ്യയും പാശ്ചാത്യരാജ്യങ്ങളും തമ്മിലുള്ള ശീതയുദ്ധം പുതിയ മാനങ്ങളിലേക്ക് വളരുകയാണ്**

ചരിത്രം വീണ്ടും ഒരു വട്ടം പൂർത്തിയാക്കുകയാണ്. പുതിയ റഷ്യ. പഴയ സോവ്യറ്റ് യൂണിയനേക്കാൾ പാശ്ചാത്യരുടെ വഴിയിൽ വേദനാജനകമായ വലിയൊരു മുള്ളാണെന്ന് അവർ കരുതുന്നു. ആർക്കെങ്കിലും റഷ്യയെക്കുറിച്ച് പാശ്ചാത്യർ ഇപ്പോൾ അങ്ങനെ കരുതുന്നുവോ എന്ന് സംശയമുണ്ടെങ്കിൽ മുൻ റഷ്യൻ സുരക്ഷാ ഓഫീസറായിരുന്ന അലക്സാണ്ടർ ലിത്‌വിനങ്കോ അണുപ്രസരണ വിഷമേറ്റു ലണ്ടനിൽ വെച്ച് മരിച്ചത് സംബന്ധിച്ച് ഉണ്ടായ വിവാദങ്ങൾ ശ്രദ്ധിക്കുക. നിങ്ങളുടെ സംശയങ്ങൾ ഇല്ലാതാവും. ഈ ദുരന്തസംഭവം റോണാൾഡ് റീഗൻ മുദ്രയടിച്ചതുപോലെ റഷ്യ ഒരു 'തിന്മയുടെ സാമ്രാജ്യം' ത്തിന്റെ പുനരവതാരമാണെന്ന പ്രചാരണത്തിന്ന് ആക്കം കൂട്ടിയിരിക്കുകയാണ്.

ലിത്‌വിനങ്കോ കൊലപാതകത്തിൽ ബ്രിട്ടീഷുകാർ സംശയിക്കുന്ന ആന്ദ്രേയ് ലുഗോവോയ് എന്ന റഷ്യൻ ബിസിനസ്കാരനെ ബ്രിട്ടന് കൈമാറാത്തതിനാൽ നാല് റഷ്യൻ നയതന്ത്ര ഉദ്യോഗസ്ഥന്മാരെ ബ്രിട്ടൻ പുറത്താക്കിയിരിക്കുകയാണ്. ഇത് യുദ്ധപ്രഖ്യാപനത്തോളമെത്തുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയിരിക്കുന്നത്. റഷ്യൻ പൗരനായ ലുഗോവോയ്‌യെ റഷ്യക്ക് ബ്രിട്ടന് കൈമാറാൻ പറ്റില്ലെന്ന് ബ്രിട്ടൻ അറിയാം. കാരണം റഷ്യൻ ഭരണഘടന അവരുടെ പൗരനെ മറ്റൊരു രാജ്യത്തിന് കൈമാറാൻ ഭരണകൂടം അനുവദിക്കുന്നില്ല. ബ്രിട്ടൻ ആഗ്രഹിക്കുന്നതും 'ലുഗോവോയ്‌യുടെ കൈമാറാൻ പറ്റില്ല' എന്ന റഷ്യയുടെ ഔദ്യോഗികമായ പ്രഖ്യാപനമാണ്. അങ്ങനെ വരുമ്പോൾ ഇത്തരത്തിലുള്ള റഷ്യയുടെ പ്രതികരണമനുസരിച്ചാണ് തങ്ങൾ റഷ്യൻ നയതന്ത്ര ഉദ്യോഗസ്ഥന്മാരെ പുറത്താക്കിയതെന്ന് ബ്രിട്ടന് സ്ഥാപിച്ചെടുക്കാമല്ലോ. കൊലപാതകത്തിൽ റഷ്യൻ ഇടപെടലുണ്ടെന്ന ബ്രിട്ടന്റെ വാദത്തെ റഷ്യ ശക്തമായി നിരാകരിക്കുന്നു. ബ്രിട്ടന്റെ ഭാഗത്ത് നിന്ന് കൊലപാതകത്തിൽ പങ്കിനെപറ്റി വ്യക്തമായ തെളിവ് നൽകുകയാണെങ്കിൽ അദ്ദേഹത്തെ റഷ്യയിൽ വെച്ച് വിചാരണ ചെയ്യാമെന്നും വാഗ്ദാനം നൽകിയിട്ടുണ്ട്. എന്തായിരുന്നാലും ലുഗോവോയ്‌യെ തങ്ങൾക്ക് കൈമാറണമെന്ന ആവശ്യത്തിൽ ബ്രിട്ടൻ ഉറച്ച് നിൽക്കുകയാണ്.

റഷ്യക്കെതിരെയുള്ള പ്രചാരണത്തിൽ ചരിത്രകാരനായ ഡോ: റിച്ചാർഡ് പൈപിനെപോലെയുള്ള നിയോകൺസർവേറ്റീവുകളുടെ നേതൃത്വത്തിൽ പോളണ്ടുമായും യൂറോപ്പിലെ അമേരിക്കയുടെ ചില സഖ്യരാജ്യങ്ങളുമായും ബ്രിട്ടൻ കൈകോർത്തിട്ടുണ്ട്. റിച്ചാർഡ് പൈപിന്റെ അഭിപ്രായത്തിൽ റഷ്യ ഇസ്‌ലാമിക തീവ്രവാദത്തേക്കാൾ വലിയ ഭീഷണിയാണെന്നാണ്. ആ രാജ്യം ബിൻലാദനേക്കാൾ അപകടകാരിയാണെന്ന് ഡോ. പൈപ് - *'കൊറീറേ സെല്ലാ സേറ'* എന്ന ഇറ്റാലിയൻ പത്രത്തിനനുവദിച്ച ഒരഭിമുഖത്തിൽ പറയുകയുണ്ടായി.

സോവിയറ്റ് യൂണിനേക്കാൾ റഷ്യ പാശ്ചാത്യതാല്പര്യങ്ങൾക്കെതിരാണെന്ന് ഡോ: പൈപ്പ് വളച്ച്കെട്ടില്ലാതെ തുറന്നടിച്ചു. പടിഞ്ഞാറിനെ സംബന്ധിച്ചേടത്തോളം പഴയ സോവ്യറ്റ് യൂണിയൻ ഒരു സൈനിക ഭീഷണി മാത്രമയിരുന്നു. അതിനെയാകട്ടെ അമേരിക്കൻ മിസൈലും നാറ്റോ ടാങ്കുകളുമുപയോഗിച്ച് എളുപ്പത്തിൽ എതിരിടാനാകും. സോവ്യറ്റ് യൂണിയൻ ഒറ്റപ്പെട്ട ഒന്നായിരുന്നു. ഇരുമ്പ് മറ കൊണ്ട് മറച്ചുവെക്കപ്പെട്ട രാജ്യവുമായിരുന്നു. അതിൽ നിന്നും വിപ

രീതമായി പുതിയ റഷ്യക്ക് പാശ്ചാത്യ ദേശവുമായി ആശയപരമായോ, രാഷ്ട്രീയമായോ സാമ്പത്തികമായോ വേർതിരിക്കുന്ന ഒരു മതിൽക്കെട്ടുമില്ല. റഷ്യ കമ്മ്യൂണിസ്റ്റ് ഐഡിയോളജി ഉപേക്ഷിച്ചിരിക്കുന്നു. പകരം അവർ വിദേശ നിക്ഷേപകരെ ആകർഷിക്കുന്ന ഒരു കമ്പോള സമ്പദ് വ്യവസ്ഥയാണ് കെട്ടിപടുത്തിരിക്കുന്നത്. എന്നിട്ട് ആ സ്ഥാപനങ്ങളുമായി പുറം ലോകത്തെ ബന്ധിപ്പിക്കാൻ കിണഞ്ഞുപരിശ്രമിക്കുകയും ചെയ്യുന്നു. പാശ്ചാത്യവൈരികളുടെ കണ്ണിൽ ഇതാണ് റഷ്യയെ ഏറ്റവും വലിയ അപകടകാരിയാക്കി മാറ്റുന്നത്.

പഴയ സോവ്യറ്റ് ടാങ്കിനേക്കാളും മിസൈലിനേക്കാളും പാശ്ചാത്യർ ഇന്ന് ഭയപ്പെടുന്നത്, അമേരിക്കൻ നേതൃത്വത്തിലുള്ള ഏകധ്രുവ ലോകത്തെ എതിർക്കുന്നതും പാശ്ചാത്യനാടുകളിലെ കമ്പോളത്തിലേക്ക് ഇരച്ചുകയറുന്നതുമായ റഷ്യയാണ്. റഷ്യൻ ഭരണകൂടം നിയന്ത്രിക്കുന്ന മെഗാ കമ്പനികളിലൂടെ റഷ്യ യൂറോപ്പ്യൻ മാർക്കറ്റുകൾ പിടിച്ചടക്കുന്ന കഥകളെക്കൊണ്ട് യൂറോപ്യൻ മാധ്യമങ്ങൾ നിറഞ്ഞിരിക്കുന്നു.

റഷ്യൻ പട്ടാളം യൂറോപ്പിൽ നിന്നും വളരെ നേരത്തെ തന്നെ പിൻവലിഞ്ഞിരിക്കുന്നു. പക്ഷേ റഷ്യക്കാർ തിരിച്ചുവരികയാണ്. ഊർജ്ജ വ്യവസായം മുഖേന തടിച്ചുകൊഴുത്ത ബാങ്ക് അക്കൗണ്ടുമായാണ് റഷ്യക്കാർ മടങ്ങിവരുന്നത്. 'ബിസിനസ്സ് വീക്ക്' താക്കീത് ചെയ്യുന്നു.

റഷ്യയുടെ സാമ്പത്തിക മുന്നേറ്റത്തെ ചെറുക്കുവാൻ ഉദാത്തമായ സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ നിയമങ്ങൾ പോലും പാശ്ചാത്യർ മാറ്റിമറിക്കുന്നു. റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലാവ്റോവിന്റെ അഭിപ്രായപ്രകാരം പാശ്ചാത്യരുടെ കമ്പോളേതര വ്യവസ്ഥകൾ മുഖേന റഷ്യൻ കമ്പനികൾ 50 ബില്ല്യൻ ഡോളറിന്റെ വ്യാപാരം ഉറപ്പിക്കുന്നതിൽ വീഴ്ച പറ്റിയെന്നാണ്.

പൂർണമായും സ്വതന്ത്രമായ കമ്പോളം എന്ന പാശ്ചാത്യർ തന്നെ സൃഷ്ടിച്ച സംവിധാനത്തിലൂടെ റഷ്യ ആഞ്ഞടിക്കുകയാണ്. മോസ്കോ മദ്ധ്യറഷ്യയിലെ ഊർജസ്ത്രോതസ്സുകളെ ഏകോപിപ്പിച്ചുകൊണ്ട് യൂറോപ്പിലെ ഊർജ്ജ മാർക്കറ്റിൽ അവരുടെ തന്ത്രപരമായ മേധാവിത്വം ഉറപ്പിച്ചിരിക്കുകയാണ്.

യൂഗോസ്ളാവിയയിലും ഇറാഖിലും അമേരിക്കയും നാറ്റോയും നടത്തിയ അധിനിവേശങ്ങൾക്കെതിരെ റഷ്യയുടെ രൂക്ഷവിമർശനം, ഏറെക്കുറെ പഴയ സോവ്യറ്റ് നോതാക്കന്മാരുടെ സാമ്രാജ്യത്വവിരുദ്ധതയുടെ നിലപാടുപോലെ കടുത്തതാണ്. ഈ വിമർശനങ്ങളെ പാശ്ചാത്യർക്ക് എളുപ്പത്തിൽ അവഗണിക്കാൻ സാധ്യമല്ല. ഫിബ്രവരിയിൽ ജർമ്മനിയിലെ മ്യൂണിച്ചിൽ വെച്ച് പുടിൻ നടത്തിയ പ്രസിദ്ധമായ പ്രസംഗത്തിൽ അമേരിക്കയെ ശക്തമായി വിമർശിച്ചിരുന്നു. 'ലോകത്തെ ശാശ്വതമായ സംഘർഷത്തിന്റെ വക്കിലെത്തിക്കുന്ന രീതിയിൽ അന്തർദേശീയ രംഗത്ത് അമിതമായ സൈനികശക്തി ഉപയോഗിക്കുന്നു' എന്ന് പുട്ടിൻ മ്യൂണിച്ചിൽ തുറന്നടിച്ചു. ജനാധിപത്യം ആശ്ലേഷിക്കുകയും ലോകരാഷ്ട്രീയത്തിൽ ജനാധിപത്യമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുകയും ചെയ്ത ഒരു നേതാവിന്റെ ധാർമ്മികതലത്തിൽ നിന്നായിരുന്നു പുട്ടിൻ അന്ന് സംസാരിച്ചത്. അമേരിക്കൻ സാഹസികതക്കെതിരെ പുട്ടിന്റെ ധാർമ്മികബദ്ധമായ താക്കീത് റഷ്യയുടെ ആത്മാഭിമാനത്തെ ഉയർത്തുകയും ഒരു വൻശക്തിയായി വളരാൻ ശേഷിയുള്ള വിരലിലെണ്ണാവുന്ന വലിയ രാജ്യങ്ങളിലൊന്നായി റഷ്യയെ ഉയർത്തുകയും ചെയ്തു.

ഇന്റർനാഷണനൽ ഒളിംമ്പിക് കമ്മറ്റി അംഗങ്ങളുടെ അഭിപ്രായപ്രകാരം പുട്ടിന്റെ വ്യക്തിപ്രഭാവം കാരണമാണ് 2014 'വിന്റർ ഗയിംസ്' റഷ്യക്ക് ലഭിച്ചത്. ലോകപ്രശസ്തരുടെ പ്രശസ്തി തിട്ടപ്പെടുത്തുന്ന അമേരിക്കയിലെ ഒരു വോട്ടെടുപ്പിൽ പുട്ടിൻ 30 ശതമാനം വോട്ടാണ് നേടിയത്. അമേരിക്കയുടെ തന്നെ പ്രസിഡണ്ട് ജോർജ് ബുഷിന്ന് 45 ശതമാനം ലഭിച്ചപ്പോൾ പുട്ടിന് അമേരിക്കയിൽ 35 ശതമാനം ലഭിച്ചത് പുട്ടിന്റെ പ്രശസ്തി വ്യക്തമാക്കുന്നു.

ശീതയുദ്ധം കഴിഞ്ഞ് രണ്ട് പതിറ്റാണ്ട് കഴിഞ്ഞപ്പോൾ പാശ്ചാത്യ ലോകത്തിന് അവരുടെ വിജയങ്ങളെല്ലാം കൈപിടിയിൽ നിന്ന് വിട്ടുപോയതായി അനുഭവപ്പെടുന്നു. നവശീതയുദ്ധത്തിന്റെ വക്താവായ ഡബ്ളിയു. ജോസഫ് സ്ട്രോപെയുടെ പരിദേവനം കേൾക്കുക: ശീതയുദ്ധത്തിന്റെ എല്ലാ യുദ്ധാർജിതസമ്പത്തും ആഗോളീകരണത്തിന്റെ ഒഴുക്കിൽ എല്ലാ രംഗത്തു നിന്നും അവരുടെ (പാശ്ചാത്യരുടെ) കൈകളിൽ നിന്നും റഷ്യയിലേക്കും ചൈനയിലേക്കും, ഇന്ത്യയിലേക്കും ഒഴുകിപ്പോയി. ശീതയുദ്ധത്തിൽ ആർജിച്ച മുതലുകൾ സംരക്ഷിക്കാൻ റഷ്യ ഒരു ഏകാധിപത്യരാജ്യമാണെന്നും അതിന്റെ നേതാവ് പുട്ടിൻ ഒരു ഏകാധിപതിയാണെന്നും ചിത്രീകരിച്ചു കൊണ്ടു അമേരിക്കയും സഖ്യരാഷ്ട്രങ്ങളും പ്രചാരണങ്ങൾ ലോകവ്യാപകമായി നടത്തണമെന്ന് അമേരിക്കയിലെ പ്രശസ്തനായ സെനറ്റർ റിച്ചാർഡ് ലൂഗർ പറയുന്നു. സ്വതന്ത്ര ഊർജ്ജ വിപണിക്ക് ശ്രമിക്കുന്ന ഇറാനും വെനിസ്വലയോടുമൊപ്പം റഷ്യയേയും വെറുക്കപ്പെട്ട രാജ്യമായി പ്രഖ്യാപിക്കണമെന്ന് അദ്ദേഹം പറയുന്നു.

അത്ലാന്റിക്കിന്റെ ഇരുവശത്ത് നിന്നുമുള്ള രാജ്യങ്ങളെല്ലാം പ്രസിഡണ്ട് പുട്ടിനെതിരെ, രാഷ്ട്രീയ എതിരാളികളെ വധിക്കുന്നു എന്ന് യാതൊരു തെളിവുമില്ലാതെ പത്രങ്ങളിലൂടെ പ്രചാരണം നടത്തുകയാണ്. ലിത്വിനങ്കോ സംഭവം രാഷ്ട്രീയവത്ക്കരിക്കുന്നതിനെതിരെ റഷ്യ ബ്രിട്ടനെ വിമർശിച്ചിട്ടുണ്ട്. റഷ്യക്കാരനായ ലുഗോവോയ്ക്കെതിരെ തെളിവുകളൊന്നും ഇത് വരെ ബ്രിട്ടീഷി അധികൃതർ സമർപ്പിച്ചിട്ടില്ല. ലിത്വിനങ്കോയുടെ പോസ്റ്റ് മോർട്ടം റിപ്പോർട്ട് ഇത് വരെ പ്രസിദ്ധീകരിച്ചിട്ടില്ല. സ്കോട്ടലന്റ് യാർഡ് പോലീസ് ഈ സംഭവം അന്വേഷിച്ചതിൽ നിരവധി പൊരുത്തക്കേടുകളും വിടവുകളും റഷ്യൻ അഭിഭാഷകർ

ചൂണ്ടിക്കാട്ടുന്നു. ഒരു തെളിവും സമർപ്പിക്കാൻ കഴിയാത്തതിന്റെ അർത്ഥം ഒരു തെളിവും ഇല്ലെന്നാണ് എന്ന് റഷ്യൻ പത്രങ്ങൾ അഭിപ്രായപ്പെടുന്നു. ലിത്‌വിനങ്കോ കേസ് പരിഹരിക്കാൻ ബ്രിട്ടൺ ആഗ്രഹിക്കുന്നുവെങ്കിൽ അവർ സംശയിക്കുന്ന റഷ്യക്കാരെ റഷ്യൻ മണ്ണിൽ വെച്ച് വിചാരണ ചെയ്യാവുന്നതാണെന്ന് റഷ്യൻ അധികൃതർ അറിയിക്കുകയുണ്ടായി.

അതിനിടെ ബ്രിട്ടൻ റഷ്യൻ വിരുദ്ധ വികാരം അഴിച്ചുവിടുകയാണ്. നോർത്ത് സീയിലെ റഷ്യൻ ബോംബർ വിമാനങ്ങൾ പതിവ് പറക്കൽ നടത്താറുണ്ട്. കഴിഞ്ഞയാഴ്ച അത് ബ്രിട്ടന്റെ അതിർത്തിയിലേക്ക് കടന്നു കയറി എന്ന് ആരോപണമുയർന്നു. 'റഷ്യ തങ്ങളുടെ മസിലു കാട്ടുന്നു' എന്നാണ് ബ്രിട്ടീഷ് പത്രങ്ങൾ അതിനെ വിശേഷിപ്പിച്ചത്. മറ്റൊരു വിചിത്രമായ സംഭവം ബ്രിട്ടനിൽ അഭയം തേടിയ റഷ്യൻ കോടീശ്വരനായ ബോറിസ് ബെറിഡോവ്സ്കിയുടെ കൊലപാതക ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ഒരാളെ ബ്രിട്ടീഷ് പോലീസ് സംശയിച്ച് അറസ്റ്റു ചെയ്തതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു. കൊല്ലപ്പെട്ട ലിത്‌വിനങ്കോ ആരുടെ സംരക്ഷണത്തിലായിരുന്നുവോ അയാളെ തന്നെയാണ് ബ്രിട്ടീഷ് പോലീസ് അറസ്ററ് ചെയ്തത്. ഇയാളെ തന്നെയാണ് റഷ്യൻ അന്വേഷണോദ്യോഗസ്ഥന്മാരും ലിത്‌വിങ്കോ കൊലപാതകത്തിൽ സംശയിക്കുന്നത്. പക്ഷേ അയാൾക്കെതിരെ ബ്രിട്ടീഷ് പോലീസ് കുറ്റം ചുമത്തുന്നതിന് പകരം ബ്രിട്ടണിൽ നിന്നും നാടു കടത്തുകയാണ് ചെയ്തത്.

## പുതിയ വേർതിരിവ് നയം

ഒറ്റപ്പെടുത്താനുള്ള ലക്ഷ്യത്തോടെയാണ് പാശ്ചാത്യർ റഷ്യക്കെതിരെ റഷ്യാവിരുദ്ധാ പ്രചാരണം ആരംഭിച്ചിട്ടുള്ളതെന്ന് മോസ്കോ വിശ്വസിക്കുന്നു. രഷ്യ ഏകാധിപത്യത്തിലേക്ക് ചായുകയാണെങ്കിൽ റഷ്യൻ കമ്പനികൾ യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും സ്വത്തുക്കൾ വാങ്ങുന്നതും ആഗോള മിസൈൽ പ്രതിരോധം മുതലായ റഷ്യയുമായുള്ള നിരവധി സഹകരണ സംരംഭങ്ങളും നിരോധിക്കാനുള്ള ന്യായീകരണമുണ്ടാകും. റഷ്യക്ക് ചുറ്റും അതിന്റെ അതിർത്തികളിൽ സൈനിക താവളങ്ങൾ തീർത്ത അവരുടെ തലക്ക് നേരെ ആയുധം ചൂണ്ടാനും അമേരിക്കക്കും പാശ്ചാത്യരാജ്യങ്ങൾക്കും സാധിക്കുകയും ചെയ്യും.

പുതിയ ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൺ ബ്രൗണിന്റെ ആദ്യത്തെ അമേരിക്കൻ സന്ദർശനത്തിൽ അമേരിക്കൻ വിദേശകാര്യവകുപ്പ് ഹൗസ് കമ്മിറ്റി മേലദ്ധ്യക്ഷനും അമേരിക്കൻ കോൺഗ്രസ്സ് അംഗവുമായ ടോം ലാന്റൺ ഓർമ്മിപ്പിച്ചത് ശ്രദ്ധേയമാണ്. അമേരിക്കൻ - പാശ്ചാത്യവിരുദ്ധ വികാരം ആളിക്കത്തിക്കുന്ന റഷ്യയെ അടക്കിനിർത്താൻ ട്രാൻസ് അറ്റ്ലാന്റിക്ക് സഖ്യം പുനരുജ്ജീവിപ്പിക്കണമെന്നാണ് അദ്ദേഹത്തിന്റെ നിർദ്ദേശം.

റഷ്യൻ മുൻവിദേശകാര്യമന്ത്രിയും കടുത്ത പാശ്ചാത്യാനനുകൂലികളുമായിരുന്നു യേഗോർ ഗൈയ്ദാർ പോലും അംഗീകരിക്കുന്ന ഒരു വസ്തുത, അമേരിക്കയുടെ ഈ നയം റഷ്യൻ യൂണിവേഴ്സിറ്റികളിലും റഷ്യൻ രാഷ്ട്രീയ ഘടനയിലും കടുത്ത അമേരിക്കൻ വിരുദ്ധ വികാരം ഉയർത്തിക്കൊണ്ട് വരും എന്നാണ്. റഷ്യയുടെ പാശ്ചാത്യ അനുകൂല കമ്പോള പരിഷ്ക്കാരങ്ങളുടെ മുഖ്യ ശില്പികളിലൊരാളായിരുന്ന യേഗോർ ഗൈയ്ദാർ. റഷ്യയിൽ വളർന്നുവരുന്ന പാശ്ചാത്യ വിരുദ്ധ വികാരത്തേയും ഏകാധിപത്യ ശക്തികളുടെ ശാക്തീകരണത്തേയുമാണ് ഇത് സഹായിക്കുന്നത് എന്നും ആത്യന്തികമായി അത് റഷ്യയുടെ ആഭ്യന്തര സൈനിക തലങ്ങളിൽ ആഘാതങ്ങളുണ്ടാക്കുമെന്നും അദ്ദേഹം പാശ്ചാത്യ നേതാക്കന്മാർക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു.

റഷ്യയെ അതിന്റെ ഏകാധിപത്യത്തിലേക്കും ഒറ്റപ്പെട്ട അവസ്ഥയിലേക്കും തള്ളിവിടാനുള്ള അമേരിക്കൻ ശ്രമവും കൂടി കൃത്യമായി ഇതിലുണ്ട്. റഷ്യയിലേക്ക് ജനാധിപത്യം കയറ്റുമതി ചെയ്തിരുന്ന പാശ്ചാത്യരുടെ ശ്രമം ഇതിന് മുമ്പ് തന്നെ ഉപേക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ റഷ്യയെ ഏകാധിപത്യത്തിലേക്ക് പ്രലോഭിപ്പിക്കുകയാണ് അവർ ഇപ്പോൾ ചെയ്യുന്നത്. റഷ്യയിലും പാശ്ചാത്യവിരുദ്ധവികാരം വളർന്നുവരികയാണ്. ഈ മാസം (ജൂലൈ) റഷ്യയിലെ പകുതിയോളം വരുന്ന ജനങ്ങളിൽ നടത്തിയ ഒരു സർവെയിൽ പറയുന്നത് പാശ്ചാത്യർ അവരുടെ പ്രശ്നങ്ങൾ റഷ്യയുടെ ചിലവിൽ പരിഹരിക്കാൻ ശ്രമിക്കുകയാണെന്നാണ്. റഷ്യക്ക് അനുകൂലമായി അവസരം ഉയർന്നുവരുമ്പോൾ രഷ്യൻ താൽപര്യങ്ങളെ പാശ്ചാത്യർ ഹനിക്കുകയുമാണെന്നാണ് റഷ്യക്കാർ കരുതുന്നത്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് റഷ്യൻ പ്രസിഡണ്ട് പുട്ടിന്റെ അത്ഭുതപൂർവ്വമായ പ്രശസ്തിയാണ്. 85 ശതമാനം റഷ്യക്കാരും അദ്ദേഹത്തിന്റെ തീക്ഷ്ണമായ ദേശീയതയിലധിഷ്ഠിതമായ നയങ്ങളെ അനുകൂലിക്കുന്നു. പാശ്ചാത്യശത്രുക്കൾക്ക് കൈകാര്യം ചെയ്യാൻ പറ്റാത്തവിധം പുട്ടിൻ ഉയരത്തിലാണ്. വരാനിരിക്കുന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ തന്റെ വിശ്വസ്തനായ ഒരനുയായിക്ക് പ്രസിഡണ്ട് പദം കൈമാറാൻ പോവുന്ന ഈ സമയത്ത് റഷ്യക്കെതിരെയുള്ള പാശ്ചാത്യശത്രുക്കളുടെ പ്രചരണം ആഭ്യന്തരരംഗത്ത് പുട്ടിന്റെ കരങ്ങൾക്ക് ശക്തി പകരുകയാണ് ചെയ്യുന്നത്. ●

(The Hindu 30 July 2007)

## സ്വാശ്രയത്വം

അബൂഹുറൈറയിൽ നിന്നും നിവേദനം: റസൂൽ തിരുമേനി (സ) പറഞ്ഞു: സ്വാശ്രയത്വം എന്നത് വിഭവങ്ങളിലുള്ള വർദ്ധനവല്ല. അത് ആത്മാവിന്റെ തൃപ്തിയാണ്

***(ബുഖാരി, മുസ്‌ലിം)***

ലേഖനം

(കഴിഞ്ഞലക്കത്തിൽ നിന്ന് തുടർച്ച)

# ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ)

**മൗലാനാ അത്താഉൽ മുജീബ് റാശിദ്**
**ലണ്ടൻ പള്ളി ഇമാം.**

## മറ്റു ചില സവിശേഷതകളും സംഭാവനകളും

ഹദ്റത്ത് മുഫ്തി സാഹിബിന്റെ ഉന്നതമായ ധാർമ്മിക ഗുണങ്ങളും മഹത്തായ വ്യക്തിത്വവും അദ്ദേഹത്തിന്റെ വിചാരവികാരപ്രകടനങ്ങളിൽ വ്യക്തമായി പ്രതിഫലിച്ചിരുന്നു. താൻ പതിവായി സൂക്ഷിച്ചിരുന്ന ഡയറിയിൽ തന്റെ ആശയങ്ങളും വികാരങ്ങളും രേഖപ്പെടുത്തുന്ന വളരെ ഉപകാരപ്രദമായ ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. കത്തുകളും ഉപന്യാസങ്ങളും എഴുതുന്നതിൽ വളരെയധികം ഉത്സുകനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ എഴുത്തുകൾ അതുല്യമായ ഗുണനിലവാരം പുലർത്തിയിരുന്നു. ഹൃദയത്തിന്റെ സംശുദ്ധമായ പ്രകടമെന്നനിലയിൽ അവയ്ക്ക് തനതായ ഒരാകർഷണമുണ്ടായിരുന്നു.

1906ൽ ഖാദിയാനിൽ വെച്ച് ദൈവിക മാർഗ്ഗദർശനപ്രകാരം വാഗ്ദത്ത മസീഹ് (അ) വസിയ്യത്ത് പദ്ധതി സ്ഥാപിച്ചപ്പോൾ ഹദ്റത്ത് മുഫ്തി സാഹിബ് അതിൽ ചേർന്നു. തന്റെ മരണശേഷം തന്റെ സ്വത്തെല്ലാം ഇസ് ലാമിക പ്രചാരണാർത്ഥം അഹ്മദിയ്യാ ജമാഅത്തിന് നൽകണമെന്ന് മുഫ്തി സാഹിബ് തന്റെ വസിയ്യത്തിൽ എഴുതിയിരുന്നു. തന്റെ അർപ്പണബോധം എടുത്തുകാട്ടുമാറ് അദ്ദേഹം വീണ്ടും എഴുതി: 'എന്റെ മരണശേഷമുള്ള സ്വത്തുദാനം എന്നെ ബിഹിശ്തി മഖ്ബറയിൽ കബറടക്കുന്നതിലധിഷ്ഠിതമല്ല. എന്നെ എവിടെ കബറടക്കിയാലും സ്വത്തുക്കൾ ദൈവമാർഗ്ഗത്തിൽ നൽകണം. എളിയവനും, ദുർബലനും, നിസ്സാരനും ഉപയോഗശൂന്യമായ ഒരാളായി ഞാനെന്നെ കരുതുന്നു. എന്റെ കബറടക്ക കാര്യങ്ങൾ കാരുണ്യവാനും ദയാപരനുമായ സർവ്വശക്തന് വിടുന്നു. അവൻ പൊറുത്തുകൊടുക്കുന്നവനും എന്റെ ന്യൂനതകൾ മറച്ചുവെയ്ക്കുന്നുവനുമാണ്' ('ബദർ' ഫിബ്രവരി 28, 1907)

ജനങ്ങൾ തങ്ങളുടെ ജന്മസ്ഥലവുമായി സ്വാഭാവികമായ ഒരു ബന്ധം പ്രകടിപ്പിക്കുന്നു. ഹദ്റത്ത് മുഫ്തി സാഹിബ് ഭേരയിലാണ് ജനിച്ചതെങ്കിലും ദാറുൽ അമാൻ (സമാധാനഗേഹം) ഖാദിയാനുമായി അദ്ദേഹത്തിന് അഗാധസ്നേഹവും വൈകാരികമായ അടുപ്പവുമുണ്ടായിരുന്നു. 1908 മാർച്ച് മാസത്തിൽ അത്യാവശ്യകാര്യങ്ങൾക്കായി അദ്ദേഹത്തിന് ഭേരയിൽ പോകേണ്ടിവന്നെങ്കിലും അദ്ദേഹത്തിന്റെ ഹൃദയം ഖാദിയാനിലായിരുന്നു. ഈ അനുഭവങ്ങളെക്കുറിച്ച് അദ്ദേഹം എഴുതി:

'മറ്റുള്ളവർ എന്നോട് പറയുന്നു ഇതാണ് താങ്കളുടെ വീട്, താങ്കളുടെ മാതാപിതാക്കളുടേയും പൂർവ്വപിതാക്കളുടേയും സ്ഥലം, താങ്കളുടെ ജന്മസ്ഥലം, താങ്കളിവിടെ കുറച്ചുകാലമെങ്കിലും താമസിക്കണം. വളരെ സ്നേഹാദരവുകളോടെയാണ് അവരിപ്പറയുന്നത്. ഞാനാകെ വിഷമിക്കുന്നു, ആശയക്കുഴപ്പമുണ്ടാകുന്നു. ഖാദിയാനിൽ വാഗ്ദത്ത മസീഹി(അ)ന്റെ തൃപ്പാദങ്ങളുടെയരികെ തിരിച്ചെത്താൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു ('ബദ്ർ' മാർച്ച് 26, 1908)

ഇതേ വികാരങ്ങൾ തന്നെയാണ് അദ്ദേഹം മുമ്പെഴുതിയ ഒരു കത്തിലും പ്രകടിപ്പിച്ചിരുന്നത്. 'ഞാൻ എന്റെ ജന്മസ്ഥലമായ ഇവിടെയാണുള്ളത്. എന്റെ യഥാർത്ഥ സ്ഥലത്തിൽ നിന്ന് വളരെ വിദൂരമായി എനിക്ക് അനുഭവപ്പെടുന്നു. സ്വദേശത്തെ ആളുകൾ എന്നെ കാണുന്നതിൽ ആഹ്ലാദം കൊള്ളുന്നു. പക്ഷേ, എന്റെ ചന്ദ്രൻ എന്റെ കണ്ണുകളിൽ നിന്ന് ഒളിഞ്ഞിരിക്കുന്നു' ('ബദ്ർ', ഏപ്രിൽ 2, 1905)

വാഗ്ദത്ത മസീഹി(അ)നോടുള്ള അർപ്പണബോധത്തിന്റെയും ഖാദിയാനോടുള്ള സ്നേഹത്തിന്റെയും ആത്മാർത്ഥമായ പ്രതിഫലനമായിരുന്നു ഹദ്റത്ത് മുഫ്തി സാഹിബിന്റെ വികാരപ്രകടനങ്ങൾ.

ജനങ്ങൾക്ക് അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തുന്ന കാര്യത്തിൽ ഫലപ്രദമായ സമീപനവും മികവുറ്റ കഴിവും ഹദ്റത്ത് മുഫ്തി സാഹിബിന്റെ പ്രത്യേകതകളായിരുന്നു. തബ്ലീഗ് (പ്രബോധനം) ചെയ്യാൻ അദ്ദേഹത്തിന് അത്യധികമായ ആവേശമായിരുന്നു. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം മറ്റുള്ളവരിലെത്തിക്കാൻ കിട്ടുന്ന

ഓരോ അവസരവും വളരെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ അദ്ദേഹം കഠിനപരിശ്രമം ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം യാത്രയ്ക്കായി റെയിൽവേ കമ്പാർട്ട്മെന്റിൽ കയറി. എല്ലാ സീറ്റുകളിലും ആളുകളുണ്ടായിരുന്നു. എല്ലാവരും കാണുന്നവിധത്തിൽ ഒരിടത്ത് അദ്ദേഹം നിന്നു. ട്രെയിൻ പുറപ്പെട്ടപ്പോൾ യാത്രക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: 'മാന്യരേ, ഇരിക്കാൻ സീറ്റില്ലാത്തതിനാലാണ് ഞാൻ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്. ഏതായാലും വളരെ പ്രധാനപ്പെട്ട ഒരു കാര്യം നിങ്ങൾക്കെത്തിക്കുന്നതിന് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.' അങ്ങനെ എല്ലാ യാത്രക്കാർക്കും അദ്ദേഹം അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തി ('ദിക്‌റെ ഹബീബ്')

ഒരിക്കൽ ഹദ്റത്ത് മുഫ്തി സാഹിബ് ഒരു സ്നേഹിതനോടൊപ്പം ബോംബെയിലെ ഒരു തെരുവിൽ കൂടി പോകുകയായിരുന്നു. വളരെ തിരക്കുപിടിച്ച നിലയിൽ നിവേദനങ്ങൾ എഴുതിക്കൊണ്ടിരുന്ന ഒരു എഴുത്തുകാരന് പ്രബോധനം ചെയ്യാൻ മുഫ്തി സാഹിബിനോട് പറയപ്പെട്ടു. ഹദ്റത്ത് മുഫ്തി സാഹിബ് എഴുത്തുകാരന്റെ മുമ്പിൽ ഇരിക്കുകും ആദരണീയനായ ഹൈദരാബാദ് നൈസാമിന് വളരെ പ്രധാനപ്പെട്ട ഒരു കത്തെഴുതിത്തരാൻ ആവശ്യപ്പെടുകയും ചെയ്തു. അതി പ്രകാരമായിരുന്നു: വാഗ്ദത്ത മസീഹി(അ)നെക്കുറിച്ചുള്ള തിരുനബി(സ)യുടെ പ്രവചനത്തിൽ അദ്ദേഹം എല്ലാ മുസ്‌ലിംകളേയും മുഹമ്മദിയ്യത്തിന്റെ പതാകക്കുകീഴിൽ ഒരുമിച്ചുകൂട്ടുമെന്ന് പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം ഖാദിയാനിൽ പ്രത്യക്ഷനായിരിക്കുന്നു. അദ്ദേഹത്തെ കൈക്കൊള്ളാൻ ഞാൻ താങ്കളെ ക്ഷണിക്കുന്നു. (ദിക്‌റെ ഹബീബ്)

ഇങ്ങനെ വളരെ ബുദ്ധിപരമായ നിലയിൽ ഹദ്റത്ത് മുഫ്തി സാഹിബ് എഴുത്തുകാരന് അഹ്മദിയ്യത്ത് പരിചയപ്പെടുത്തുകയും അതേസമയം ഇന്ത്യയിലെ ഹൈദരാബാദ് നൈസാമിന് ഒരു ക്ഷണക്കത്തെക്കുകയും ചെയ്തു.

താൻ എപ്പോഴാണ് ജനിക്കുക എന്ന കാര്യം ഒരാൾക്ക് തീരുമാനിക്കാനോ നിയന്ത്രിക്കാനോ സാദ്ധ്യമല്ല. ഏതായാലും, ചില സൗഭാഗ്യവാന്മാരായ ആത്മാക്കൾ അനുഗൃഹീതകാലങ്ങളിൽ ജനിക്കും എന്ന് ഉറപ്പിച്ചു പറയാൻ സാധിക്കും. ഇക്കാരണം കൊണ്ട് നബിതിരുമേനി(സ)യുടെ സഹാബാക്കൾ ഏറ്റവും സൗഭാഗ്യവാന്മാരായിരുന്നു. അതേപോലെ, തിരുമേനി(സ)യുടെ മഹാനായ ആത്മീയപുത്രൻ വാഗ്ദത്ത മസീഹിന്റെ (അ) ജീവിതകാലത്തുള്ളവരും മഹാഭാഗ്യവാന്മാരായിരുന്നു.

വാഗ്ദത്ത മസീഹി(അ)ന്റെ അനുഗൃഹീത കാലഘട്ടത്തിൽ ഭൂജാതരായ സൗഭാഗ്യവാന്മാരായ അതുല്യ വ്യക്തികളിൽ ഒരാളായിരുന്നു ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്. അദ്ദേഹം വാഗ്ദത്ത മസീഹി(അ)ന്റെ കാലഘട്ടത്തിലെ ആത്മീയാനുഗ്രഹങ്ങൾ പൂർണ്ണമായും നേടിയെന്നു മാത്രമല്ല, രണ്ടാം ശക്തി അഥവാ അഹ്മദിയ്യാ ഖിലാഫത്തിന്റെ ആദ്യത്തെ രണ്ട് കാലഘട്ടങ്ങളും ആസ്വദിക്കുക എന്ന മഹത്തായ ബഹുമതി നേടിയ മഹാഭാഗ്യശാലിയായിരുന്നു. അദ്ദേഹം പൂർണ്ണമായ അർപ്പണബോധത്തോടെ തന്റെ ജീവിതകാലത്ത് ഇസ്‌ലാമിന് അമൂല്യമായ സേവനമർപ്പിക്കുകയും ചെയ്തു.

ജമാഅത്തിന്റെ പ്രചാരണ പ്രവർത്തനങ്ങൾക്കും ധാർമ്മിക ശിക്ഷണത്തിനും വേണ്ടി അവിഭക്ത ഇന്ത്യയിലെ എല്ലായിടങ്ങളിലും അദ്ദേഹം പതിവായി യാത്ര ചെയ്തിരുന്നു. താൻ സഞ്ചാരിച്ച ഓരോ ഗ്രാമത്തിലും പട്ടണത്തിലും വാഗ്ദത്ത മസീഹി(അ)ന്റെ ആഗമനത്തെക്കുറിച്ചുള്ള സുവാർത്ത അദ്ദേഹം എത്തിച്ചു.

അദ്ദേഹത്തിന്റെ ആഹ്വാനം ഇന്ത്യയിലെ ജനങ്ങളിൽ മഹത്തായ ഫലമുളവാക്കുകയും നിരവധി പേർക്ക് സന്ദേശം കൈക്കൊള്ളാൻ ഭാഗ്യം ലഭിക്കുകയും അവർ അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു. ഫലപ്രദമായ രീതിയിൽ ഇസ്‌ലാമിന്റെ സന്ദേശം ജനങ്ങൾക്കെത്തിക്കാൻ സർവ്വശക്തനായ അല്ലാഹു ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന് പ്രത്യേകമായ കഴിവ് നൽകിയിരന്നു. അദ്ദേഹം വളരെ ആത്മാർത്ഥതയും ശ്രദ്ധയും ഉള്ള ആളായിരുന്നു. തന്റെ ശ്രോതാക്കളുടെ ഹൃദയവും മനസ്സും നേടുവാൻ ബുദ്ധിപരമായ നിലയിലും അനുയോജ്യമായ രീതിയിലുമായിരുന്നു അദ്ദേഹം പ്രബോധനം ചെയ്തിരുന്നത്. ഈ രംഗത്ത് ഹദ്റത്ത് മുഫ്തി സാഹിബിന്റെ നേട്ടങ്ങളുടെ പൂർണ്ണചിത്രം വരക്കുക എന്നത് ദുഷ്ക്കരമാണ്. എന്നാൽ അദ്ദേഹത്തിന്റെ ശക്തമായ ശൈലിയുടെ ഒരുദാഹരണം കൊണ്ട് ഞാൻ തൃപ്തിപ്പെടാം.

ഒരദ്ധ്യാപകന്റേയും പ്രബോധകന്റേയും ശൈലിയിൽ തന്റെ ശ്രോതാക്കളുടെ ഹൃദയത്തിന്റെ ഉള്ളോളമെത്തുന്ന രീതിയിൽ പ്രസംഗിക്കാൻ കഴിയുന്ന അറിയപ്പെട്ട ഒരു പ്രഭാഷകനായിരുന്നു ഹദ്റത്ത് മുഫ്തി സാഹിബ്. അദ്ദേഹത്തിന്റെ വിളിക്കുത്തരം നൽകിയ നിരവധി പേരുണ്ടായിരുന്നു. ദൈവികമായ മാർഗ്ഗദർശനം വഴി അവർക്ക് ജീവൻ നൽകപ്പെട്ടു. 1913ൽ അദ്ദേഹം ഹോശിയാർപൂർ സന്ദർശിച്ചു. അദ്ദേഹം നഗരത്തെ ചൈതന്യവത്താക്കി. തദ്ദേശവാസികളെ അദ്ദേഹം ഇപ്രകാരം അഭിസംബോധന ചെയ്തു:

ഹോശിയാർപൂർ! ഈ സഞ്ചാരിയുടെ വാക്കുകൾ ശ്രദ്ധിക്കുക. അദ്ദേഹത്തിന്റെ സന്ദേശത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക, നിങ്ങൾക്ക് അഭിവൃദ്ധിയുണ്ടാവാൻ വേണ്ടി. ഞാൻ ഈ ദേശവാസിയല്ല. ഞാൻ വെറുമൊരു സന്ദർശകനാണ്. നിങ്ങളിൽ നിന്ന് എന്തെങ്കിലും ചോദിച്ചുവാങ്ങാനല്ല ഞാനിവിടെ വന്നത്. എന്റെ സന്ദർശനത്തിൽ സ്വാർത്ഥോദ്ദേശ്യം ഇല്ല. നിങ്ങളുടെ നഗരം ഐശ്വര്യവും

ധനവും ഉള്ളതാണെങ്കിൽ പോലും നിങ്ങളുടെ ധനത്തിൽ എനിക്ക് ഒരാഗ്രഹവും ഇല്ല. അതെ, നിങ്ങൾ 'ഹോശിയാർ' (സാമർത്ഥ്യമുള്ള, നിപുണരായ) ആണെന്ന് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടാണ് നിങ്ങൾക്ക് പ്രയോജനപ്രദമായ എന്തെങ്കിലും പറഞ്ഞുതരണമെന്ന് ഞാൻ ചിന്തിച്ചത്. നിങ്ങളുടെ സ്വന്തം നന്മയ്ക്കു വേണ്ടി അല്ലാഹുവിന്റെ വിനീതനായ ഒരു ദാസനിൽ നിന്നുള്ളതാണ് ഈ വിളി. അല്ലയോ, സമർത്ഥരായവരേ, ശ്രദ്ധിച്ചു കേൾക്കുക, ഉണരുക. നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുന്നില്ലെങ്കിൽ ഞാൻ നിങ്ങളുടെ വാതിലുകളേയും മതിലുകളേയും ഭൂമിയേയും ആകാശത്തേയുമാണ് വിളിക്കുന്നത്. ഞാനെന്റെ സന്ദേശം നിങ്ങൾക്കെത്തിച്ചുവെന്നും എന്നാൽ നിങ്ങൾ അതു ചെവിക്കൊണ്ടില്ലെന്നും നിങ്ങൾ എന്റെ വിളി കേട്ടു ഉണർന്നില്ലെന്നും അവ സാക്ഷികളാവാൻ വേണ്ടിയാണിത്. (ബദ്ർ, നവമ്പർ 13, 1913).

## തബ്‌ലീഗിനുവേണ്ടി അർപ്പണം

ജമാഅത്തിന്റെ പ്രവൃത്തിയും ഉത്തരവാദിത്തവും വർദ്ധിച്ചിട്ടുണ്ടെന്നും ആവശ്യാനുസരണം തബ്‌ലീഗിനുവേണ്ടി യുവാക്കൾ ജീവിതമർപ്പിക്കണമെന്നും നമ്മുടെ പ്രിയങ്കരനായ ഇമാം വാഗ്ദത്ത മസീഹ് (അ) 1907ൽ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

ഹദ്റത്ത് മുഫ്തി സാഹിബ് പെട്ടെന്നു തന്നെ സ്വയം വാഗ്ദത്ത മസീഹി(അ)ന്റെ മുമ്പിൽ ഹാജരായി പറഞ്ഞു: അനുയോജ്യമായിത്തോന്നുന്ന ലോകത്തിലെ ഏത് സ്ഥലത്തേക്കും എന്നെ അയച്ചുകൊള്ളുക (ദിക്റെ ഹബീബ്, പേജ് 148)

അദ്ദേഹത്തിന്റെ സന്നദ്ധതയ്ക്ക് പ്രതികരണമായി വാഗ്ദത്ത് മസീഹ് (അ) താൻ തന്നെ തന്റെ പേനകൊണ്ട് എഴുതി: 'സ്വീകരിച്ചു'

അതനുസരിച്ച് ഹദ്റത്ത് മുഫ്തി സാഹിബ് തന്റെ ജീവിതത്തിലെ ഏഴു സുവർണ്ണ വർഷങ്ങൾ യു.കെ.യിലും യു.എസ്.എ.യിലും ചിലവഴിച്ചു. ജനങ്ങളെ സർവ്വശക്തനായ ഏകദൈവത്തിലേക്ക് വിളിച്ചുകൊണ്ട് പ്രബോധനപ്രവർത്തനത്തിൽ അദ്ദേഹം വമ്പിച്ച വിജയം കൈവരിച്ചു. അദ്ദേഹത്തിന്റെ ദൌത്യത്തേയും നേട്ടങ്ങളേയും കുറിച്ചുള്ള വിവരണങ്ങൾ അഹ്മദിയ്യാ സാഹിത്യത്തിൽ സർവത്ര രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതം വാഗ്ദത്ത മസീഹി(അ)ന്റെ ഒരു ഈരടിയുടെ സജീവ വ്യാഖ്യാനമായിത്തീർന്നിട്ടുണ്ടായിരുന്നു: ഓരോ ദിശയിലും (ലോകത്തും) വിളിക്കുകയാണ് നമ്മുടെ ഇപ്പോഴത്തെ ജോലി. പരിശുദ്ധാത്മാക്കൾ ഒടുവിൽ നമ്മോടൊപ്പം ചേരും (ഇസ്‌ലാമിൽ).

ഹദ്റത്ത് മുഫ്തി സാഹിബ് 1917ൽ ഇംഗ്ലണ്ടിലേക്ക് കപ്പൽ യാത്ര ചെയ്തു. അതോടെ വിദേശരാജ്യങ്ങളിലെ പ്രബോധനപ്രവർത്തനങ്ങളുടെ സുവർണ്ണദശ ആരംഭിച്ചു. അഗാധവും ആത്മാർത്ഥവുമായ വികാരങ്ങളും അർപ്പണബോധവും പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനകളോടെയായിരുന്നു യാത്ര. യാത്രയ്ക്ക് അല്പം മുമ്പ് ഒരു കത്തിൽ അദ്ദേഹം എഴുതി: 'പരമമായ ത്യാഗത്തിന് ഞാനിപ്പോൾ സന്നദ്ധനാണ്. ദൈവമാർഗ്ഗത്തിൽ ജീവൻ വെടിയേണ്ടിവന്നാൽ എന്റെ ലക്ഷ്യം നേടിയതായി കണക്കാക്കാം.' (അൽ ഫസ്ൽ മാർച്ച് 22, 1917)

ഇസ്‌ലാമിനോടും വാഗ്ദത്ത മസീഹി(അ)നോടുമുള്ള സ്നേഹത്തിൽ മുഴുകിയ ഹദ്റത്ത് മുഫ്തി സാഹിബിന്റെ വാക്കിലും പ്രവൃത്തിയിലുമുള്ള സത്യതയ്ക്കുള്ള തെളിവിന് സാക്ഷിയായി അദ്ദേഹത്തിന്റെ നേട്ടങ്ങൾ നിലകൊള്ളുന്നു. പ്രബോധന രംഗത്തുണ്ടാവുന്ന ഓരോ അവസ്ഥയ്ക്കുമനുസൃതമായി അദ്ദേഹം തന്റെ ദൈവദത്തമായ കഴിവുകൾ വിനിയോഗിച്ചു. അതോടൊപ്പം ഉദ്ദേശ്യപൂർണ്ണമായ ജീവിതത്തിനാവശ്യമായ ആത്മീയപോഷണവും ഉണ്ടായിരുന്നു. ഫലപ്രദമായ രീതിയിൽ ആശയവിനിമയം നടത്താൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹം ഒരു മഹാപണ്ഡിതനുമായിരുന്നു. ഇസ്‌ലാമിന്റെ അദ്ധ്യാപനമനുസരിച്ച്, പ്രബോധനപ്രവർത്തനങ്ങൾ അദ്ദേഹം ബുദ്ധിപൂർവ്വം നടത്തി. ഇസ്‌ലാമിന്റെ സത്യസന്ദേശമെത്തിക്കുന്ന കാര്യത്തിലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെയും മഹത്വത്തിന്റെയും പ്രാമാണികതയുടെയും ദിവ്യശോഭ പ്രതിഫലിച്ചു.

ഈ എല്ലാ മഹൽഗുണങ്ങളേക്കാളുപരി അദ്ദേഹം വെളിപാടിന്റെ സ്വീകർത്താവായിരുന്നു. സർവ്വശക്തമായ ദൈവം 'ദർശന'ങ്ങൾ മുഖേന അദ്ദേഹത്തെ വഴി നടത്തി. അദ്ദേഹം സദാസമയവും ദൈവത്തിലേക്ക് ചായുന്ന ആളായിരുന്നു. തന്റെ എല്ലാ പ്രവൃത്തികളും പ്രാർത്ഥനയോടെയാണ് തുടങ്ങിയിരുന്നത്. പ്രത്യേകിച്ചും പ്രബോധനം നടത്തുന്നതിന് മുമ്പ് വിജയകരമായ ഫലങ്ങളുളവാകാൻ വേണ്ടി അദ്ദേഹം ദുആ ചെയ്തിരുന്നു. ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട അദ്ദേഹത്തിന്റെ തബ്‌ലീഗ് മറ്റു ഹൃദയങ്ങളെ ഫലപ്രദമായ രീതിയിൽ ആകർഷിച്ചു. ●

(തുടരും)

**(The Review of Religions, Feb.2007)**

**വിവർത്തകൻ:**

**കെ.വി. ഹസ്സൻകോയ, കോഴിക്കോട്**

## ആരോടും ഒന്നും ചോദിക്കാതിരിക്കുക

ഥൗബാനിൽ നിന്നും നിവേദനം: ആരെങ്കിലും ഒരാളിൽ നിന്നും ഒന്നും ചോദിച്ചു വാങ്ങുകയില്ലെന്ന് വാക്കുതരുമെങ്കിൽ അയാൾക്ക് ഞാൻ സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നതാണ് എന്ന് റസൂൽ തിരുമേനി (സ) പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു: ഞാനിതാ അങ്ങേക്കു വാക്കുതരുന്നു. അതിന് ശേഷം ഥൗബാൻ ആരോടും ഒന്നും ചോദിച്ചിട്ടില്ല.

**(അബു ദാവൂദ്)**

കുറിപ്പുകൾ

മുസാഫിർ

# 'തീവ്രവാദവും പർദ്ദക്കുള്ളിലൊളിക്കുന്ന മൗലാനമാരും'

മതഭീകരവാദികളുടേയും തീവ്രവാദികളുടേയും വിഹാരഭൂമിയാണ് ഇന്ന് പാകിസ്താൻ. തീവ്രവാദികളായ മതപുരോഹിതന്മാർ കഴിഞ്ഞ ആറുമാസക്കാലമായി പാകിസ്താൻ തലസ്ഥാനമായ ഇസ്‌ലാമാബാദിലെ 'ലാൽ മസ്ജിദ്' എന്ന സ്ഥാപനത്തിൽ മതഭീകരവാദത്തിന്റെ മറ്റൊരു തലസ്ഥാനം തീർത്ത് പാകിസ്താൻ പട്ടാള ഭരണകൂടത്തെ മുൾമുനയിൽ നിർത്തിവരികയായിരുന്നു. അവസാനം ഈ മത-രാഷ്ട്രീയ നാടകത്തിന് രക്തപങ്കിലമായ ഒടുക്കമുണ്ടായി. ജൂലായ് പത്തിന് പട്ടാളം പള്ളിയിലേക്ക് ഇരച്ചുകയറി. തീവ്രവാദികളുടെ നേതാവായ മൗലാന അബ്ദുർറശീദ് ഖാസിയടക്കം നൂറിലധികം തീവ്രവാദികളും 12ഓളം പട്ടാളക്കാരും മിലിട്ടറി ഓപ്പറേഷനിൽ കൊല്ലപ്പെട്ടു.

മൗലാനാ അബ്ദുൾ അസീസ് ഖാസി, മൗലാനാ അബ്ദുർ റശീദ് ഖാസി എന്നീ സഹോദരന്മാരായിരുന്നു ലാൽ മസ്ജിദിന്റെ സാരഥികൾ. പാകിസ്താനിൽ ശരീഅത്ത് നിയമങ്ങൾ നടപ്പിലാക്കാൻ തങ്ങൾക്ക് പ്രത്യേകം ദൈവികാജ്ഞ ലഭിച്ചിട്ടുണ്ടെന്നായിരുന്നു ഖാസി സഹോദരന്മാരുടെ അവകാശവാദം. പാകിസ്താനെ ഇസ്‌ലാമിക വത്ക്കരിക്കാൻ ചാവേറാക്രമണമടക്കമുള്ള ജിഹാദ് പരിപാടികൾ നടത്തുമെന്ന് വെള്ളിയാഴ്ച തോറും ലാൽമസ്ജിദിന്റെ മിമ്പറിൽ നിന്നും പാതിസ്താനിലെ പട്ടാളഭരണകൂടത്തെ ഖാസിമാർ താക്കീത് നൽകി വിറപ്പിച്ചുകൊണ്ടിരുന്നു.

ലാൽ മസ്ജിദ് ഖാസിമാരുടെ ആജ്ഞപ്രകാരം ഇസ്‌ലാമിക ശരീഅത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അവിടുത്തെ മതവിദ്യാർത്ഥികൾ നിയമം കൈയ്യിലെടുത്ത് ശിക്ഷാവിധികൾ നടപ്പാക്കാനുള്ള നടപടികളാരംഭിച്ചപ്പോഴാണ് മുല്ലമാരെ ഭയപ്പെട്ടിരുന്ന ഭരണകൂടം കണ്ണു തുറന്നത്. ലാൽ മസ്ജിദിലെ ഖാസി സഹോദരന്മാർക്ക് അന്ത്യശാസനം നൽകി പട്ടാളം അനുരഞ്ജന ശ്രമങ്ങളാരംഭിക്കുകയും ചെയ്തു. 'ഓപ്പറേഷൻ സയലൻസ്' എന്ന പേരിട്ട ഒരാഴ്ചത്തെ പട്ടാള ഉപരോധത്തിനിടയിൽ നിരവധി വിദ്യാർത്ഥിനീ വിദ്യാർത്ഥികളും തീവ്രവാദികളും പട്ടാളത്തിനു കീഴടങ്ങി. അവശേഷിച്ചവർ പട്ടാളവുമായി ജിഹാദിനു ഒരുങ്ങിനിന്നു. അവർക്ക് വീണ്ടും പ്രവർത്തന സ്വാതന്ത്ര്യം നൽകിയാൽ കീഴടങ്ങാമെന്ന ഉപാധി പട്ടാളവും നിരസിച്ചു. 'കീഴടങ്ങുക അല്ലെങ്കിൽ മരിക്കുക' എന്ന കർശന നിലപാടിലേക്ക് പട്ടാളം പിന്നീട് നീങ്ങുകയുണ്ടായി. തീവ്ര മുല്ലായിസം കൊണ്ട് ഗതിമുട്ടിയ പാകിസ്താൻ പട്ടാളഭരണകൂടത്തിന് ഇതല്ലാതെ മറ്റൊരു പോംവഴിയുമുണ്ടായിരുന്നില്ല. തീവ്രവാദികൾക്കെതിരെയുള്ള പട്ടാളനടപടിക്ക് ശേഷം ബോംബ് സ്ഫോടനപരമ്പരകൾ അരങ്ങേറുന്ന ആ രാജ്യത്തിന്റെ ഗതി എന്തായിത്തീരുമെന്ന് ആർക്കും പ്രവചിക്കാനാവില്ല.

മാതൃത്വത്തേയും സ്ത്രീത്വത്തേയും അങ്ങേയറ്റം ആദരിച്ച മതമാണ് ഇസ്‌ലാം. സ്വർഗ്ഗത്തെപ്പോലും മാതൃത്വത്തിന്റെ കാൽകീഴിൽ പ്രതിഷ്ഠിച്ച ഇസ്‌ലാമിലെ സ്ത്രീ സങ്കല്പം അതീവ ഭവ്യമാർന്നതാണ്. ആ ഇസ്‌ലാമിന്റെ പേരിൽ മുട്ടൻ വടിയും കൈയ്യിലേന്തി കലിയൊടുങ്ങാത്ത ചുടലയക്ഷികളെപോലെ ജിഹാദ് ഭേരി മുഴക്കി പർദ്ദയിട്ട് ഉറഞ്ഞുതുള്ളുന്ന പെൺപടയാണ് ലാൽ മസ്ജിദിലെ 'ജാമിയ ഹഫ്സ' എന്ന പെൺകുട്ടികൾക്കായുള്ള മദ്രസയുടെ മുറ്റത്തും മട്ടുപ്പാവിലും ലോകം കണ്ടത്. ആൺകുട്ടികളുടെ ജാമിയ ഫരീദിയ്യ മറ്റൊരു ജിഹാദി ഫാക്റ്ററിയാണ്. റോക്കറ്റ് ലോഞ്ചറും കലാനിഷ്ക്കോവ് തോക്കും പെട്രോൾ ബോംബുമൊക്കെയാണ് ഈ മദ്രസാ വിദ്യാർത്ഥികളുടെ പഠനോപകരണങ്ങൾ. ജാമിയ ഹഫ്സയിൽ മാത്രം 3000 വിദ്യാർത്ഥിനികൾ താമസിച്ചു പഠിക്കുന്നവരും മറ്റു 1000 വിദ്യാർത്ഥിനികൾ വന്നു പഠിക്കുന്നവരുമാണ്. ഏകദേശം അതിനിരട്ടിയോളം ആൺകുട്ടികളും ജാമിയ ഫരീദിയ്യയിലും പഠിക്കുന്നു.

അവസാനം പട്ടാളത്തിനു മുമ്പിൽ രക്ഷയില്ലെന്ന് കണ്ടപ്പോൾ വലിയ വായിൽ ജിഹാദിന് വേണ്ടി ചാവേറുകളാവാൻ വെള്ളിയാഴ്ച തോറും ഖുത്ബകളിൽ ആഹ്വാനം ചെയ്തിരുന്ന ലാൽ മസ്ജിദ് ഇമാം അബ്ദുൾ അസീസ് ഖാസി വേഷം മാറി അനുയായികളേയും ഉപേക്ഷിച്ച്

രക്ഷപ്പെടാനായിരുന്നു ശ്രമിച്ചത്. അങ്ങേയറ്റം അറുപ്പും വെറുപ്പുമുളവാക്കുന്നതും നാണം കെട്ടതുമായിരുന്നു ഈ ജിഹാദ് വീരന്റെ ഒളിച്ചോട്ടം. പെണ്ണുങ്ങളുടെ വേഷത്തിൽ പർദ്ദ ധരിച്ച് തന്റെ ഉമ്മയുടേയും ഭാര്യയുടേയും മകളുടേയും കൂടെ പർദ്ദയിട്ട് മൂടുപടം കൊണ്ട് മുഖം മറച്ച് രക്ഷപ്പെടാൻ ശ്രമിച്ച മൗലാനയെ പട്ടാളം കൈയ്യോടെ പിടിച്ചു. മൂടുപടം പൊക്കിനോക്കിയപ്പോൾ താടിയും തലപ്പാവുമണിഞ്ഞ മൗലാന അബ്ദുൾ അസീസ് ഖാസി!! മിമ്പറിൽ കയറി മരണം വരെ ജിഹാദ് നടത്താനും പട്ടാള ഭരണകൂടത്തിന്നെതിരെ ചാവേറാകാനും ഹാലിളക്കത്തോടെ ഖുത്ബ നടത്തിയ അതേ മൗലാനയെ പർദ്ദക്കുള്ളിൽ കണ്ടപ്പോൾ പട്ടാളം പോലും അമ്പരന്നുപോയി. പർദ്ദക്കുള്ളിൽ ലജ്ജയില്ലാതെ നിന്ന ഈ മൗലാനയുടെ വൃത്തികെട്ട ചിത്രം ലോകമാധ്യമങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായി. ജിഹാദിന് ആഹ്വാനം ചെയ്ത് അനുയായികളെ കശാപ്പുശാലയിലേക്കയക്കുന്ന ഇത്തരം മൗലാനമാരുടെയും ഉസ്താദുമാരുടേയും സ്വാർത്ഥതയും കാപട്യവും ഭീരുത്വവും തെളിയിക്കാൻ ഇതിനോളം വലിയ ഉദാഹരണമില്ല. ലാൽ മസ്ജിദിൽ വെച്ച് ഉസ്താദ് പഠിപ്പിച്ചു വിട്ട പെണ്ണുങ്ങളായ ജിഹാദികൾ പോലും പട്ടാളക്കാരോട് മുഖാമുഖം നോക്കി ധൈര്യത്തോടെ നിൽക്കുമ്പോൾ പർദ്ദയിട്ട് ഒളിച്ചോടിയ മൗലാന വാസ്തവത്തിൽ മുസ്‌ലിം ലോകത്തെ തീവ്രവാദം പ്രചരിപ്പിക്കുന്ന ഉലമാക്കന്മാരുടെ പ്രതീകമാണ്. ഒരുപക്ഷേ, ഈ സുന്നത്ത് അദ്ദേഹം അഭ്യസിച്ചത് ജമാഅത്തേ ഇസ്‌ലാമി സ്ഥാപകനും അവരുടെ പരമാചാര്യനുമായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയിൽ നിന്നായിരിക്കും. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്ത് 'ഹുക്കൂമത്തെ ഇലാഹിയ്യ' (ദൈവിക ഭരണം) അല്ലാത്തത് കൊണ്ട് പാകിസ്താനെ നഖശിഖാന്തം എതിർത്ത മൗലാനാ മൗദൂദി വിഭജന സമയത്ത് ഇന്ത്യാ പാകിസ്താൻ അതിർത്തിയിൽ 'ദാറുൽ ഇസ്‌ലാം' എന്ന പേരിൽ ഒരു ത്രിശങ്കു ദൈവിക ഭരണം സൃഷ്ടിച്ച് അവിടെ അനുയായികളോടൊപ്പം കവാത്തും ഡ്രില്ലുമൊക്കെയായി കഴിയുകയായിരുന്നു. പിന്നീട് ഇന്ത്യയോട് ഗുരുദാസ്പൂർ എന്ന ആ പ്രദേശം കൂട്ടിച്ചേർക്കപ്പെടുകയുണ്ടായി. ഇന്ത്യൻ പട്ടാളം അങ്ങോട്ടേക്ക് മാർച്ചു ചെയ്തപ്പോൾ 'ദാറുൽ ഇസ്‌ലാമും' ഉപേക്ഷിച്ച് മൗലാന പർദ്ദയിലൊളിച്ചാണ് അതുവരെ എതിർത്തിരുന്ന പാകിസ്താനിലേക്ക് രാക്കുരാമാനം ഓടിപ്പോയതെന്ന് പറയപ്പെടുന്നു. ജിഹാദിനാഹ്വാനം ചെയ്യുന്ന മതഭീകരന്മാരായ ഇത്തരം നേതാക്കന്മാരുടെ ആദർശപാപ്പരത്തവും സ്വാർത്ഥതയും ജീവിതാസക്തിയും അനുയായികൾ ഇനിയെങ്കിലും തിരിച്ചറിയുക. ഇതോടനുബന്ധിച്ച് ഒരു കാര്യം കൂടി അനുസ്മരിക്കട്ടെ. മൗലാനാ മൗദൂദി 'ദാറുൽ ഇസ്‌ലാം' സ്ഥാപിച്ച അതേ അതിർത്തി ജില്ലയിൽ തന്നെയായിരുന്നു അഹ്മദികളുടെ ഖാദിയാനും. വിഭജനവേളയിൽ വർഗ്ഗീയലഹള ആളിക്കത്തി എല്ലാവരും ഉപേക്ഷിച്ചുപോയ രക്തപങ്കിലമായ ആ ഭൂമിയിൽ 313 അഹ്മദികൾ ജീവൻ തൃണവൽഗണിച്ച് കാവൽ നിന്നാണ് ഖാദിയാനെ സംരക്ഷിച്ചത്. ഖാദിയാൻ ഇന്നും അഹ്മദികളുടെ കേന്ദ്രമായി നിലകൊള്ളുന്നു. മൗലാനയുടെ 'ദാറുൽ ഇസ്‌ലാം' എവിടെ?

ലാൽ മസ്ജിദിലേക്ക് തന്നെ തിരിച്ചുവരാം. 1960കളിൽ തെക്കൻ പഞ്ചാബിലെ മൗലാനാ അബ്ദുല്ല എന്നയാളാണ് ലാൽ മസ്ജിദിന് തുടക്കം കുറിച്ചത്. 1988ൽ അയാൾ ഒരു മതതീവ്രവാദിയുടെ വെടിയേറ്റ് മരിച്ചു. അതിനുശേഷമാണ് മൂത്തമകൻ അബ്ദുൾ അസീസ് ഖാസി ലാൽ മസ്ജിദിന്റെ സാരഥ്യമേറ്റെടുത്തത്. പിന്നീട് ഇളയമകനും ചരിത്രബിരുദധാരിയും ഇംഗ്ലീഷിൽ പ്രഭാഷണം നടത്തുന്നയാളുമായ അബ്ദുർ റശീദ് ഖാസിയും കൂടി ചേർന്നാണ് ലാൽ മസ്ജിദിന്റെ നേതൃത്വമേറ്റെടുത്തത്. തീവ്രവാദികളും രാഷ്ട്രീയ ദുർമോഹികളുമായ മതപണ്ഡിതന്മാരോട് വിധേയത്വം പുലർത്തുന്ന ഭരണാധികാരികളും മതതീവ്രവാദികളെ കാണുമ്പോൾ കവാത്ത് മറക്കുന്ന പട്ടാള ഭരണകൂടങ്ങളുമാണ് പാകിസ്താന്റെ ഏറ്റവും വലിയ ശാപം. പട്ടാള സേഛാധിപതിയായ സിയാഉൽഹഖിന് ലാൽ മസ്ജിദുമായുണ്ടായ വഴിവിട്ട ബന്ധമാണ് അവരെ ഇത്ര വലിയ ശക്തിയാക്കി ഉയർത്തിയത്. അമേരിക്കയുടെ ആഭിമുഖ്യത്തിൽ അഫ്ഗാനിസ്ഥാനിൽ നടത്തിയ സോവ്യറ്റ് അധിനിവേശവിരുദ്ധ ജിഹാദിന്റെ മുഖ്യ റിക്രൂട്ടിംങ്ങ് സെന്ററുകളിലൊന്നായിരുന്നു ലാൽ മസ്ജിദ്. അതിർത്തി സംസ്ഥാനങ്ങളിലെ പാവപ്പെട്ടവരും പട്ടിണിക്കാരുമായ മാതാപിതാക്കന്മാരാണ് ഇവിടേക്ക് വിദ്യാർത്ഥികളെ അയക്കുന്നത്. ഇവർക്ക് ഭക്ഷണവും താമസവും മതവിദ്യാഭ്യാസവും നൽകി ജീഹാദികളാക്കുകയാണ് ലാൽ മസ്ജിദിനു കീഴിലെ മദ്റസയിൽ ചെയ്യുന്നത്.

നിയമം ലംഘിച്ചുകൊണ്ട് ഇസ്‌ലാമാബാദിൽ പണിത 80ഓളം പള്ളികളും മദ്രസ്സകളും പൊളിച്ചുമാറ്റാൻ ഇസ്‌ലാമാബാദ് ഡെവലപ്മെന്റ് അതോറിറ്റി തീരുമാനിക്കുകയുണ്ടായി. ലാൽ മസ്ജിദിലെ ജാമിഅ ഹഫ്സയും അങ്ങനെ നിയമം ലംഘിച്ച് നിർമ്മിച്ച സ്ഥാപനമായിരുന്നു. ആ കെട്ടിടം പൊളിക്കാൻ നോട്ടീസ് നൽകിയതാണ് സംഘർഷത്തിന്റെ കാരണങ്ങളിലൊന്ന്. പിന്നീട് ശരീഅത്ത് നിയമം കൈയ്യിലെടുത്ത് കൊണ്ട് ലാൽ മസ്ജിദ് വിദ്യാർത്ഥികൾ അത് നടപ്പാക്കാൻ ആരംഭിച്ചു. അനാശാസ്യ പ്രവർത്തനങ്ങൾ നടത്തുന്നു എന്നാരോപിച്ച് ചൈനക്കാരികളായ മൂന്നു യുവതികളെ ജാമിഅ ഹഫ്സ വിദ്യാർത്ഥിനികൾ തട്ടിക്കൊണ്ടുപോയി ബന്ദികളാക്കി വെച്ചു. ഇതിന്നെതിരെ രൂക്ഷമായി ചൈന പ്രതികരിച്ചപ്പോഴാണ് അതുവരെ മുല്ലമാരെ പ്രീണിപ്പിച്ചു കഴിഞ്ഞ മുശ്റഫ് പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഉണർന്നു പ്രവർത്തിച്ചത്. പാകിസ്താൻ ചീഫ് ജസ്റ്റീസ് ചൗധ

രിയെ പുറത്താക്കിയ സംഭവത്തിൽ നാടു മുഴുവൻ പ്രതിഷേധമിരമ്പുമ്പോൾ – ലാൽ മസ്ജിദിലേക്ക് ശ്രദ്ധ തിരിച്ചുവിടാൻ പ്രസിഡണ്ടും ഖാസി സഹോദരന്മാരും ചേർന്നൊരുക്കിയ നാടകമാണ് ഇതെന്നായിരുന്നു മാധ്യമങ്ങളടക്കം പലരും ധരിച്ചിരുന്നത്. ഖാസി സഹോദരന്മാർ എന്ത് വില കൊടുത്തും പാകിസ്താനിൽ ശരീഅത്ത് നിയമം കൊണ്ടുവരുമെന്ന നിലപാടിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഉറച്ചുനിന്നപ്പോഴാണ് സൈനിക നടപടിയുണ്ടായത്.

ഏതായാലും ലാൽ മസ്ജിദ് സംഭവം പാകിസ്താനിൽ പ്രശ്നങ്ങൾ അവസാനിപ്പിക്കുകയല്ല, പ്രശ്നങ്ങൾക്ക് തുടക്കം കുറിക്കുകയാണ് ചെയ്തത്. മുല്ലായിസം ഒറ്റയടിക്ക് പരിഹരിക്കാവുന്ന ഒരു വിപത്തല്ല. തീർച്ചയായും വരാനിരിക്കുന്ന സംഘർഷങ്ങൾക്ക് പാകിസ്താൻ വലുതായ വില നൽകേണ്ടി വരും. മതരാഷ്ട്രവാദത്തിന്റേയും മുല്ലായിസത്തിന്റേയും കരാളദ്രംഷ്ടങ്ങളിൽ നിന്ന് എത്രയും വേഗം പാകിസ്താൻ മോചിതമാവട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ●

---

*(പേജ് 31-ൽ നിന്ന് തുടർച്ച)*

***തൂക്കിക്കൊടുക്കുകയോ ചെയ്യുമ്പോൾ അവർ കുറക്കുകയും ചെയ്യുന്നു. ഭയാനകമായൊരു നാളിലേക്ക് അവർ പുനരുത്ഥാനം ചെയ്യപ്പെടുന്നവരാണെന്ന കാര്യം അവർ മനസ്സിലാക്കുന്നില്ലേ? (83:2-7)***

പരിസ്ഥിതിയുമായി ഇണക്കമുണ്ടാക്കുന്ന പ്രവൃത്തികൾ പുണ്യകർമ്മങ്ങളാണെന്ന് റസൂൽ തിരുമേനി പറയാൻ കാരണമതാണ്.

***'ഒരു മനുഷ്യൻ വയലിൽ ഒരു വൃക്ഷം നടുകയോ ഒരു വിത്ത് വിതയ്ക്കുകയോ ചെയ്തു. ജീവികളും പറവകളും അതിൽ നിന്നും ഉണ്ടാവുന്ന വിഭവങ്ങൾ ഭക്ഷിക്കുകയും ചെയ്തു. അത് അവന്റെ ഭാഗത്ത് നിന്നുള്ള ഒരു 'സദ്ക്ക' (സൽകർമ്മ)യായി കണക്കാക്കപ്പെടും*** (മുസ്നദ് അഹ്മദ്)

എന്തുകൊണ്ടാണ് മനുഷ്യൻ പ്രകൃതിയുമായി സമരസപ്പെട്ടും രമ്യമായും ഒത്തുപോകാതെ പ്രകൃതിക്ക് ഒരു ഭീഷണിയായിത്തീരുന്നത്? ഉത്തരം അൽപം കൗതുകമേറിയതാണ്. ഖുർആന്റെ വീക്ഷണത്തിൽ മനുഷ്യന്റെ അത്യാഗ്രഹമാണ് അത്തരം വിനകൾ വരുത്തിവക്കുന്നത് എന്നാണ്. ഈ അത്യാഗ്രഹം തന്നെയാണ് മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റിക്കളയുന്നത്, പ്രകൃതിയുടെ സന്തുലനം അപകടപ്പെടുത്തുന്നതും. ദൈവത്തോടുള്ള ബാദ്ധ്യതകളിൽ മനുഷ്യൻ അശ്രദ്ധനാണെങ്കിൽ അവന്റെ സൃഷ്ടികളോടുള്ള പെരുമാറ്റത്തിൽ എങ്ങനെ അവൻ ശ്രദ്ധാലുവായിരിക്കും? ഖുർആൻ പറയുന്നു.

***'(ഭൗതികനേട്ടങ്ങളുടെ) വർദ്ധനവിന് വേണ്ടിയുള്ള പരസ്പരമാത്സര്യം നിങ്ങളെ (അല്ലാഹുവിൽ നിന്നും) അശ്രദ്ധരാക്കിയിരിക്കുന്നു.' (102: 2)***

ഈ വ്യക്തിപരമായ അത്യാർത്തി തന്നെയാണ് ഭൂവിഭവങ്ങളെ വമ്പിച്ചതോതിൽ ചൂഷണം ചെയ്ത് സമ്പത്ത് കുന്നുകൂട്ടുവാൻ അവരെ പ്രേരിപ്പിക്കുന്നത്. അതേസമയം ഗതിമുട്ടി പ്രയാസപ്പെട്ടു ജീവിക്കുന്ന അവരുടെ സഹജീവികൾക്ക് ആ വിഭവങ്ങൾ അവരുടെ ജീവൻ നിലനിർത്താൻ ഏറ്റവും അത്യാവശ്യമാണ്. ഖുർആൻ പറയുന്നു:

**'തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചാവട്ടെ, സഹോദരന്മാരാണ്. പിശാചായുടെ തന്റെ നാഥനോട് വളരെ നന്ദികെട്ടവനുമാണ്' (17:28)**

**ഓ ആദം സന്തതികളേ! .... നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവീൻ. എന്നാൽ രണ്ടിലും അമിതത്വമരുത് (7:32)**

**ചെലവഴിക്കുമ്പോൾ അമിതമാക്കുകയോ ലുബ്ധ് കാണിക്കുകയോ ചെയ്യാത്തവരുമാണവർ. അത് അവരണ്ടിനുമിടയിൽ മിതമായിരിക്കും (25:68)**

ചുരുക്കത്തിൽ മിതത്വപൂർണ്ണമായ സമീപനത്തിലൂടെ പ്രകൃതിയുമായി സമരസപ്പെടുവാൻ വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ അഭിവൃദ്ധിക്ക് വേണ്ടി സമ്പത്തും വിഭവങ്ങളുമുപയോഗിക്കാൻ ഇസ്ലാം ആഹ്വാനം ചെയ്യുന്നു. പക്ഷേ, അത് വളരെ വിവേകത്തോട് കൂടിയും സുസ്ഥിരമായ വികസനം ഉണ്ടാവുന്ന വിധത്തിലുമായിരിക്കണം. അങ്ങനെ ജീവിക്കുന്നതിൽ സംതൃപ്തി കണ്ടെത്തുന്ന സന്തുലിതമായ ഒരു ശൈലി ജീവിതത്തിൽ സ്വീകരിക്കണം.

അതുകൊണ്ട് വ്യക്തികളായ നാം ഓരോരുത്തരും ഖുർആന്റെ ഉദ്ബോധനമനുസരിച്ചു പ്രവർത്തിച്ചുകൊണ്ട് പ്രകൃതിയുടെ ഈ സന്തുലനം നിലനിർത്തേണ്ടതുണ്ട്. അതുപോലെ രാജ്യങ്ങൾക്കും ഇക്കാര്യത്തിൽ വളരെയേറെ ഉത്തരവാദിത്വങ്ങളുണ്ട്. ലാഭം കൊയ്യുക എന്നതിനേക്കാൾ ശാസ്ത്രീയജ്ഞാനങ്ങൾ ഭൂഗോളത്തിന്റെ പാരിസ്ഥിതിക സന്തുലനം പാലിക്കുന്നതിനുവേണ്ടി മറ്റുള്ളവരുമായി പങ്കിട്ടുകൊണ്ട് വിനിയോഗിക്കണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ ഭൂഗോളത്തിന്റെ ഭാവി സുരക്ഷിതമാവുകയുള്ളൂ. അങ്ങനെ ചെയ്താൽ നമുക്ക് ദൈവത്തിന്റെ തൃപ്തിയും ബഹുമതിയും ലഭിക്കും. നമ്മെ വിശ്വസ്തപൂർവ്വം ദൈവം ഏല്പിച്ച ഭൂമി സമകാലീന ലോകത്തിനും ഭാവിലോകത്തിനും അനുഗൃഹീതമായിത്തീരുകയും ചെയ്യും.

**Reference:**

1. Report of the US National Oceanic and Atmospheric Administration, 15 March, 2007.

2. Review on the Economic of Climate change by Sir Nicholas Stern Oct. 2006.

●

## വാർത്തകൾ

# 41–ാമത് യു.കെ. ജൽസ സമാപിച്ചു

**മുഹമ്മദ് ഇസ്മായിൽ**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പുരോഗമനപാതയിൽ വിജയ തിലകം ചാർത്തിക്കൊണ്ട് 41–ാമത് യുകെ ജൽസ സാലാന അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമംഗളം സമാപിച്ചു. 2007 ജൂലൈ 27,28,29 വെള്ളി ശനി, ഞായർ എന്നീ ദിവസങ്ങളിൽ ലണ്ടനിലെ 'ഹദീഖത്തുൽമഹ്ദി'യിലായിരുന്നു വാർഷിക സമ്മേളനം നടന്നത്. ഈ ജൽസയുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് അമീറുൽ മുഅ്മിനീൻ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) പറഞ്ഞു. "ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഹിജ്റത്ത് ചെയ്ത് ഇവിടെ വന്നതുമുതൽ 24 വർഷമായി യു.കെ. ജൽസ സാലാന അഖില ലോക ജൽസ സാലാനയായി മാറിയിരിക്കുകയാണ്. ഖിലാഫത്ത് ഇവിടെ നിലനില്ക്കുവോളം ഈ ജൽസ അഖില ലോക ജൽസയായി നിലകൊള്ളുന്നതായിരിക്കും" (ഖുത്ബ, 20.7.07).

വെള്ളിയാഴ്ച രാത്രി ഇന്ത്യൻ സമയം 9 മണിക്ക് അമീറുൽ മുഅ്മിനീൻ ഇസ്‌ലാമിന്റെ ശ്യാമള പതാക ഉയർത്തുകയും പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു. അബ്ദുൽ മുഅ്മിൻ ത്വാഹിർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ കാര്യപരിപാടികൾ ആരംഭിച്ചു. ഫത്ഹ് എന്ന അധ്യായത്തിലെ 29, 30 വചനങ്ങളാണ് അദ്ദേഹം ഓതിയത്. അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ടും സ്തോത്രം ചെയ്തുകൊണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയ പദ്യം ഇസ്വമത്തുല്ലാഹ് സാഹിബ് ആലാപനം ചെയ്തു. തുടർന്ന് അമീറുൽ മുഅമിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഉദ്ഘാടന പ്രഭാഷണം നടത്തി. 1907 ഡിസംബർ 27–ന് വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ്(അ) ചെയ്ത ഹൃദയഹാരിയായ ഒരു പ്രഭാഷണത്തെ ആസ്പദമാക്കിയാണ് അദ്ദേഹം പ്രസംഗിച്ചത്. ദുആയോടുകൂടി ഉദ്ഘാടന സമ്മേളനം സമാപിച്ചു.

രണ്ടാം ദിവസം ശനിയാഴ്ച ലണ്ടൻ സമയം രാവിലെ 10 മണിക്ക് രണ്ടാമത്തെ സെഷൻ ആരംഭിച്ചത് അബ്ദുർറസാഖ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ്. അബ്ദുൽ മുഅ്മിൻ സാഹിബ് നാസിർ പദ്യം ആലപിച്ചു. ബംഗ്ലാദേശ് അഹ്മദിയ്യാ മുസ്‌ലിം മിഷണറി മൗലാനാ അബ്ദുൽ അവ്വൽ സാഹിബ്, റീജിയണൽ അമീർ നോർത്ത്-ഈസ്റ്റ് റീജിയൻ യു.കെ. ബിലാൽ അറ്റ്കിൻസൻ സാഹിബ്, മൗലാനാ അത്വാഉൽ മുജീബ് റാശിദ് സാഹിബ് എന്നിവർ പ്രഭാഷണം നടത്തി.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാഹ് ലണ്ടൻ സമയം ഉച്ചക്ക് കൃത്യം 12 മണിക്ക് സ്ത്രീകളെ സംബോധന ചെയ്ത് സംസാരിക്കുന്നതിനായി യോഗസ്ഥലത്ത് സന്നിഹിതനായി. ഖുർറത്തുൽ അയ്ൻ സാഹിബ ഖുർആൻ പാരായണം ചെയ്തു. ശൗക്കത്ത് സക്രിയ സാഹിബയായിരുന്നു പദ്യം ആലപിച്ചത്. നടപ്പു വർഷം വിദ്യാഭ്യാസരംഗത്ത് മികവ് തെളിയിച്ച അഹ്മദി വിദ്യാർത്ഥികൾക്ക് അമീറുൽ മുഅ്മിനിൻ മെഡലുകൾ വിതരണം ചെയ്തു. തുടർന്ന് നടന്ന പ്രഭാഷണത്തിൽ സ്ത്രീകൾ സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനെക്കുറിച്ചും ജിഹാദിൽ ഭാഗഭാക്കാകേണ്ടതിനെ സംബന്ധിച്ചും ചരിത്രത്തിൽനിന്നുള്ള നിരവധി സംഭവങ്ങൾ വിവരിച്ചുകൊണ്ട് ത്യാഗങ്ങൾക്ക് സന്നദ്ധരാകാൻ അഹ്മദീ സ്ത്രീകളെ ഉപദേശിച്ചു.

ഇന്ത്യൻ സമയം രാത്രി 9 മണിക്ക് മൂന്നാമത്തെ സെഷൻ ഹാനിത്വാഹിർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. റാണ മഹ്മൂദുല്ലാഹ് ഹസ്സൻ സാഹിബ് പദ്യാലാപനം ചെയ്തു. 9.20–ന് അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ആരംഭിച്ചു. നഹ്ൽ എന്ന അധ്യായത്തിലെ 19–ാമത്തെ വചനം ഓതിക്കൊണ്ടാണ് അദ്ദേഹം പ്രഭാഷണം തുടങ്ങിയത്: "അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണിനോക്കുന്നപക്ഷം അത് എണ്ണിത്തിട്ടപ്പെടുത്താൻ നിങ്ങൾക്ക് സാധ്യമല്ല. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ."

ഒന്നരമണിക്കൂറോളം നീണ്ടുനിന്ന തന്റെ പ്രഭാഷണത്തിൽ നടപ്പുവർഷം ജമാഅത്തിനുണ്ടായ ദിവ്യാനുഗ്രഹങ്ങൾ ഓരോന്നോരോന്നായി എടുത്തുപറഞ്ഞുകൊണ്ട് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയും അഹ്മദികളുടെ വിശ്വാസത്തിന് കരുത്തുപകരുകയുമായിരുന്നു അദ്ദേഹം.

ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30–ന് (ലണ്ടൻ സമയം രാവിലെ 10 മണി) സമ്മേളനത്തിന്റെ നാലാമത്തെ സെഷൻ ഹമീദുല്ലാ സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഖാരി നവാബ് അഹ്മദ് സാഹിബ് ഖാദിയാൻ ഖുർആൻ പാരായണം ചെയ്തു. ദാവൂദ് നാസിർ സാഹിബ് പദ്യം ആലപിച്ചു. ഐർലന്റ് മുബല്ലിഗ് ഇബ്റാഹിം അഹ്മദ് നൂർ സാഹിബ്, നാസിർ ഇസ്‌ലാഹോ ഇർശാദ് ഖാദിയാൻ, മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, യു.കെ. അമീർ റഫീഖ് ഹയാത്ത് സാഹിബ് എന്നിവർ പ്രസംഗിച്ചു.

ഇന്ത്യൻ സമയം വൈകുന്നേരം 5.45-ന് കൂട്ടബയ്അത്തിന് അരങ്ങൊരുങ്ങി. 2,61,969 പേരാണ് ഈ വർഷം ജമാഅത്തിൽ പ്രവേശിച്ചത്. 106 രാഷ്ട്ര ങ്ങളിലെ 356 ജനവിഭാഗങ്ങൾ ഇവരിൽ പെടുന്നു. ആസ്ട്രിയ, ഫ്രഞ്ച് ഗ്യാന, ഹെയ്റ്റി, റഷ്യ, അൽബാനിയ, ജർമ്മനി, കുവൈത്ത്, സോമാലിയ, മാലി, ചെങ്കീസ്ഖാൻ, സ്വീഡൻ, ഇംഗ്ലണ്ട്, ഗൗദേ ലൂപേ, സെൻമാർട്ടിൻ തുടങ്ങിയ രാഷ്ട്രങ്ങൾ ഇതിൽപെടുന്നു.

ഇന്ത്യൻ സമയം രാത്രി 9 മണിക്ക് ഫിറോസ് ആലം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ സമാപന സമ്മേളനത്തിന് തുടക്കം കുറിച്ചു. ഫലസ്തീനിൽ നിന്നുള്ള പ്രതിനിധിസംഘം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസീദ ആലാപനം ചെയ്തു. നദീം സാഹിദ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉർദു പദ്യം ചൊല്ലി. കൃത്യം 9.30-ന് അമീറുൽ മുഅ്മിനീന്റെ സമാപന പ്രഭാഷണം ആരംഭിച്ചു. 1907 ഡിസംബർ 27-ന് വാഗ്ദത്ത മസീഹ് മൗഊദ്(അ) ചെയ്ത പ്രഭാഷണത്തെ അധികരിച്ചുതന്നെയായിരുന്നു ഉപസംഹാര പ്രസംഗവും അമീറുൽ മുഅ്മിനീൻ നടത്തിയത്. ജലാലിയായ ആ വാക്കുകൾ ലോകത്തുള്ള എല്ലാ അഹ്മദികൾക്കും ആത്മീയാഭിവൃദ്ധിക്കുള്ള സകല ഉപദേശങ്ങളുംകൊണ്ട് നിറഞ്ഞതായിരുന്നു. രാത്രി 11 മണിക്ക് അമീറുൽ മുഅ്മിനീന്റെ നേതൃത്വത്തിൽ നടന്ന കൂട്ടപ്രാർത്ഥനയോടെ 41-ാമത് ജൽസ സാലാനയ്ക്ക് തിരശ്ശീലവീണു.

അൽ അറബിയ ചാനൽ ഉൾപ്പെടെ മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായുടെ മൂന്ന് ചാനലുകളും സമ്മേളനത്തിന്റെ എല്ലാ പരിപാടികളും തൽസമയസംപ്രേഷണം നടത്തുകയുണ്ടായി. ഇതുമുഖേന ലോകത്തുള്ള കോടിക്കണക്കിന് അഹ്മദികൾക്ക് ഈ സമ്മേളനത്തിൽ പങ്കെടുക്കാനും അതിലെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാനും അല്ലാഹു അവസരം നല്കി. 25,000 ത്തോളം പ്രതിനിധികൾ ജൽസയിൽ പങ്കെടുത്തു. ●

# അഹ്മദീ ഗവേഷകന് അമേരിക്കൻ ഫെല്ലോഷിപ്പ്



തിരുവനന്തപുരം: പ്രതിഭാധനരായ ഗവേഷകർക്കുവേണ്ടി ലോകപ്രശസ്തമായ യേൽ സർവ്വകലാശാല (അമേരിക്ക) ഏർപ്പെടുത്തിയിട്ടുള്ള ഫോക്സ് ഇന്റർനാഷണൽ ഫെല്ലോഷിപ്പിന് മലയാളി അഹ്മദീ ഗവേഷകൻ ഫസിൽ ജമാൽ സാഹിബ് അർഹനായി. ഏഷ്യയിൽ നിന്ന് ഈ അസുലഭ ബഹുമതിക്ക് തെരഞ്ഞെടുക്കപ്പെട്ട ആറുപേരിൽ ഒരാളായ ഫസിൽ സാഹിബ്, ഇപ്പോൾ ന്യൂഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ, അന്താരാഷ്ട്ര ഊർജ്ജനിയമത്തിൽ ഗവേഷകനാണ്. 2007-08 വിദ്യാഭ്യാസ വർഷക്കാലത്ത് തന്റെ ഇപ്പോഴത്തെ പഠനഗവേഷണങ്ങൾ യേൽ സർവ്വകലാശാലയിൽ തുടരുന്നതിനുള്ള അപൂർവ്വാവസരമാണ് ഫസിൽ സാഹിബിന് കൈവന്നിരിക്കുന്നത്.

തിരുവനന്തപുരം ലോ അക്കാദമിയിൽ നിന്ന് നിയമത്തിൽ ബിരുദവും ബാംഗ്ലൂർ നാഷണൽ ലോ സ്കൂളിൽ നിന്ന് ബിരുദാനന്തരബിരുദവും നേടിയിട്ടുണ്ട്. തുടർന്ന് ഡൽഹി ജെ.എൻ.യുവിൽ നിന്ന്, വൈസ് ചാൻസലറുടെ പ്രശംസാ പത്രത്തോടെ, അന്താരാഷ്ട്ര നിയമത്തിൽ എം.ഫിൽ ബിരുദവും കരസ്ഥമാക്കി.

ആർ. ജമാലുദ്ദീൻ സാഹിബിന്റേയും ശരീഫാബീവി സാഹിബയുടേയും ഇളയമകനായ ഫസിൽ ജമാൽ സാഹിബ് തിരുവനന്തപുരം ജമാഅത്തിലെ അംഗമാണ്. ഡോ. ഹസീനാ മസൂദ് സാഹിബ ഭാര്യയാണ്. ●




അൻസാറുല്ലാഹ് എറണാകുളം മേഖലാ സമ്മേളനത്തിൽ മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് (ചീഫ് മുബല്ലിഗ്) പ്രസംഗിക്കുന്നു. ശാഹുൽ ഹമീദ് സാഹിബ് (മേഖലാ നാസിം), മുഹമ്മദ് മാസ്റ്റർ സാഹിബ് (പ്രസി: കാക്കനാട്), ബി.ബി. അഹ്മദ് കബീർ സാഹിബ് (മേഖലാ അമീർ), പി.പി. നാസിറുദ്ദീൻ സാഹിബ് (കേരള നാസിം) എന്നിവർ സമീപം.